# വി. ആർ. കൃഷ്ണയ്യരുടെ മരണാനന്തര ജീവിതം അന്ധവിശ്വാസം

ശ്രീനി പട്ടത്താനം



IRP ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്

# വി. ആർ. കൃഷ്ണയ്യരുടെ
# മരണാനന്തര ജീവിതം
# അന്ധവിശ്വാസം

**V.R.Krishnayyarude**

**Marananananthara Jeevitham Andhaviswasam**

(Malayalam)

**SREENI PATTATHANAM**

| | | |
|---|---|---|
| First Edition | : | June, 2010 |
| Published by | : | Indian Rationalist Publishers<br>Kollam-691 021 |
| Printing | : | Sujilee Printers<br>Chathanoor, Kollam |
| Copyright | : | Author |
| Price | : | Rs.40/- |

I.R.P. 03/2009

All rights reserved

Except book reviews or appraisals, no part of this book may be reproduced or transmitted in any form, without permission in writing by the publisher and author.

# വി. ആർ. കൃഷ്ണയ്യരുടെ മരണാനന്തര ജീവിതം അന്ധവിശ്വാസം

ശ്രീനിപട്ടത്താനം

ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്
കൊല്ലം-21



ശ്രീനിപട്ടത്താനം

സ്വദേശം : കൊല്ലത്ത് പട്ടത്താനം

2004-ൽ ഗ്രന്ഥരചന നടത്തിയതിന് സംസ്ഥാന സർക്കാർ പ്രോസിക്യൂട്ട് ചെയ്യാൻ ഉത്തരവ് നൽകി.

കേരളത്തിലെ മനുഷ്യദൈവങ്ങൾ

കേരളത്തിലെ ക്ഷേത്രങ്ങളും ദിവ്യാത്ഭുത രഹസ്യങ്ങളും

ശബരിമല വിശ്വാസവും യാഥാർത്ഥ്യവും

മാതാ അമൃതാനന്ദമയി ദിവ്യകഥകളും യഥാർത്ഥ്യവും.

പ്രധാന കൃതികൾ.

യുക്തിരാജ്യം, യുക്തിവാദ മാസികയുടെ പത്രാധിപർ

ഭാരതീയ യുക്തിവാദി സംഘത്തിന്റെ സംസ്ഥാന ജനറൽ സെക്രട്ടറി.

വിലാസം
ശ്രീനിപട്ടത്താനം
ജനറൽ സെക്രട്ടറി
ഭാരതീയ യുക്തിവാദി സംഘം
കൊല്ലം-691021
കേരളം

# ആമുഖം

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ യുക്തിരാജ്യം യുക്തിവാദി മാസിക ക്കുവേണ്ടി രചിക്കപ്പെട്ട ഏതാനും ലേഖനങ്ങളാണു ഇതിൽ ഉൾപ്പെടുത്തി യിട്ടുള്ളത്. പല ലേഖനങ്ങളും നിലവിലുള്ള പല യാഥാസ്ഥിതിക വിശ്വാസ ങ്ങളെയും പൊളിച്ചടുക്കുന്നതാണ്. ചിന്തയുടെ മണ്ഡലത്തിൽ സ്ഫോടനം ഉണ്ടാക്കാവുന്ന ഈ കൃതി സസന്തോഷം അവതരിപ്പിക്കുന്നു.

ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്

കൊല്ലം

1-1-2010

# ഉള്ളടക്കം


1. വി.ആർ. കൃഷ്ണയ്യരും മരണാനന്തരജീവിതവും
2. നാരായണഗുരു എസ്.എൻ.ഡി.പി. യോഗത്തിൽനിന്നും രാജിവെച്ചത് എന്തുകൊണ്ട്?
3. വന്ദേമാതരവും ദുർഗ്ഗാദേവിയും
4. യേശുദാസ് ദിവ്യഗായകനോ?
5. മാവേലി കേരളീയനല്ല
6. ശബരിമല ജാതിമതങ്ങൾക്കെതിരെ പോരാടിയ പ്രസ്ഥാനം
7. ആരാധനാസ്വാതന്ത്ര്യം എന്ന അബദ്ധം
8. അരുവിപ്പുറം പ്രതിഷ്ഠ കുഴിച്ചു മൂടുന്നു
9. ദൃഢപ്രതിജ്ഞയുടെ ചരിത്രം
10. സാനിയ മിർസ ഉയർത്തിയ മതനിഷേധത്തിന്റെ ടെന്നീസ് പന്തുകൾ
11. ഈച്ചരവാരിയരുടെ മകൻ രാജൻ മരിച്ചതെങ്ങനെ?
12. ചരിത്രഭൂമിയായ തങ്കശ്ശേരി

# വി. ആർ. കൃഷ്ണയ്യരും മരണാനന്തരജീവിതവും

1998 മാർച്ച് 6 ലെ മലയാള മനോരമ സൺഡേ സപ്ലിമെന്റിൽ 'മരണം ഒരു വാതിൽ' എന്ന തലക്കെട്ടിൽ ജസ്റ്റീസ്. വി. ആർ. കൃഷ്ണയ്യർ ഒരു ലേഖനം എഴുതുകയുണ്ടായി. മരിച്ചു പോയ തന്റെ ഭാര്യ ശാരദാ കൃഷ്ണയ്യരുമായി താൻ ആശയവിനിമയം നടത്താറുണ്ടെന്നായിരുന്നു ലേഖനത്തിന്റെ ഉള്ളടക്കം.

ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ ഇങ്ങനെയാണ്.

"മരണാനന്തര ജീവിതത്തെക്കുറിച്ച് ഞാൻ അന്വേഷണം തുടങ്ങിയത് എന്റെ ഭാര്യയുടെ മരണത്തിന് ശേഷമാണ്.

"എന്റെ അന്വേഷണം ഭാര്യയുടെ മരണം എന്ന അത്യാഹിതത്തിൽ നിന്നു മാത്രം ഉടലെടുത്തതാണ് എന്ന് പറഞ്ഞുകൂടാ."

യുക്തിവാദത്തിൽ വിശ്വസിക്കുന്ന ആളാണെന്ന് ഞാൻ നടിക്കുന്നു. ഞാനും എന്റെ ഭാര്യയും എറണാകുളത്ത് ഒന്നിച്ചു ജീവിച്ചിരുന്ന കാലത്ത് ഞങ്ങൾ രണ്ടു പേരും നിരീശ്വരവാദികളായിരുന്നു. അവിശ്വാസികളായിരുന്നു. സത്യസായിബാബ തുടങ്ങിയ ആത്മീയ നേതാക്കന്മാരെക്കുറിച്ച് അത്ര വലിയ മതിപ്പുണ്ടായിരുന്നില്ല. എങ്കിലും ഞങ്ങൾ രണ്ടു പേരും തനി ഭൗതികവാദത്തിനപ്പുറം മനുഷ്യൻ ഒരു ആത്മീയശക്തിയുള്ള ആദ്ധ്യാത്മിക ജീവിയാണ് എന്ന ബോധമുള്ളവരായിരുന്നു".

"1974 ഓഗസ്റ്റ് 12 ന് രാത്രി അമേരിക്കയിലെ മിൽവാക്കി ആശുപത്രിയിൽ നടന്ന ആ കറുത്ത സംഭവം, അതായത് എന്റെ ഭാര്യയുടെ മരണം, ഏൽപ്പിച്ച ആഘാതം എന്നെ ചിന്തിപ്പിച്ചു".

"സ്ഥൂല ശരീരത്തിൽ നിന്നു വിട്ട് എന്റെ ഭാര്യ - ശാരദ എന്നാണവളുടെ പേര് - സൂക്ഷ്മശരീരത്തിൽ ജീവിക്കുന്നുണ്ടോ".

"മനുഷ്യൻ വെറും ചാമ്പൽ മാത്രമാണോ മറ്റൊന്നുമില്ലേ?"

"ഒടുവിൽ ഒരു രാത്രി, ഒന്നുമില്ല ഇനി എന്ന നിലയിലേക്ക് അവൾ നീങ്ങി എന്ന് എനിക്ക് അംഗീകരിക്കാൻ സാധിച്ചില്ല. അപ്പോൾ ഞാൻ തീർച്ചയാക്കി. ഇതിനെക്കുറിച്ചന്വേഷിക്കണം. മനുഷ്യൻ മരിക്കുന്നതോടെ വെറും സ്മരണയായി മാറുന്നുവോ?"

"ഒരു മനുഷ്യൻ മരിക്കുന്നതോടെ മറ്റൊന്നും ബാക്കിയില്ല എന്ന്കരുതുന്നത് യുക്തിക്ക് നിരക്കില്ല.യുക്തിവാദിയാണെങ്കിൽ ദേഹവിയോഗം കൊണ്ടു സർവ്വം നശിക്കുന്നു എന്നുള്ള ിഗമനത്തിൽ എത്താൻ സാധ്യമല്ല."

"മനുഷ്യൻ വെറുതെ കുറെ മദ്യപിക്കുകയും സുഖലോലുപനായി ജീവിക്കുകയും ഭോഗങ്ങൾ തേടുകയും ചെയ്യുന്ന ഒരു വസ്തുവല്ല. അന്ത:സത്ത - അതായത് ആത്മീയമായ ഒരു സത്ത മനുഷ്യനുണ്ട്. ആ ആത്മീയസത്ത ദേഹം നശിക്കുന്നതോടെ നശിക്കുന്നില്ല എന്ന അടിസ്ഥാനതത്വം അബോധമണ്ഡലത്തിലെങ്കിലും ഉണ്ടായതു കൊണ്ടായിരിക്കണം......." ....."ദേഹവിയോഗത്തിനു ശേഷം ദേഹി ഏത് രൂപത്തിൽ ജീവിക്കുന്നു എന്ന ചോദ്യം നേരിടാൻ ഞാൻ തയ്യാറായി."

"മരണാനന്തരജീവിതത്തെക്കുറിച്ച് എവിടെ നിന്നെല്ലാം വെളിച്ചം കിട്ടുമെന്ന് അന്വേഷിച്ചു തുടങ്ങി."

"ഈ അന്വേഷണത്തിന്റെ ഘട്ടത്തിലാണ് 75 സിയാറ്റിലിൽ ഈ വിഷയത്തിൽ അന്താരാഷ്ട്ര സമ്മേളനം ചേരുന്നതായി മനസ്സിലാക്കിയത്. അതിൽ ഞാൻ പങ്കു കൊള്ളുകയും ചെയ്തു. ആ സമ്മേളനം സംഘടിപ്പിച്ചത് അകേറിയൻ ഫൗണ്ടേഷൻ എന്ന സ്ഥാപനമാണ്. റവ. റയിൻ ഹാർട്ട് എന്ന വ്യക്തിയായിരുന്നു ആ സ്ഥാപനത്തിന്റെ നേതാവ്".

അദ്ദേഹത്തെപ്പറ്റി പല ദുരാരോപണങ്ങളും ഉണ്ടായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ കഴിവിനെക്കുറിച്ച് അതായത് പരേതാത്മാക്കളുമായുള്ള ആശയവിനിമയം എന്ന പ്രക്രിയയെക്കുറിച്ചുള്ള പൊതുയോഗങ്ങളിൽ അദ്ദേഹത്തിന് തെളിവുകൾ നൽകാൻ സാധിച്ചു.

"ഡൽഹിയിൽ തിരിച്ചെത്തിയപ്പോൾ അന്നത്തെ ഉപരാഷ്ട്രപതി ബി.ഡി. ജെട്ടിയുമായി ഈ വിഷയം ചർച്ച ചെയ്തു. ഇക്കാര്യത്തിൽ യാഥാർത്ഥ്യമുണ്ട് എന്ന് വിശ്വസിക്കുന്ന കൂട്ടത്തിലായിരുന്നു അദ്ദേഹം. സംഗതി തെളിയിക്കാൻ കഴിവുള്ള ഒരു വ്യക്തിയെ അദ്ദേഹം എന്റെ വീട്ടിലേക്ക് അയച്ചു. പ്രശസ്ത സാഹിത്യകാരൻ ആർ.കെ. നാരായണന്റെ ജ്യേഷ്ഠൻ ആർ. കെ. ശ്രീനിവാസനായിരുന്നു ജെട്ടിയുടെ പ്രൈവറ്റ് സെക്രട്ടറി. അദ്ദേഹമാണ് ടൈനി ത്യാഗരാജൻ എന്ന ശ്രീലങ്കൻ തമിഴ് സ്ത്രീയെ കൂട്ടിക്കൊണ്ട് വന്നത്."

"ഞാൻ ആർ. കെ. നാരായണനുമായി സമ്പർക്കം പുലർത്തി. കാരണം ആർ. കെ. നാരായണനും ഈ വിഷയത്തിൽ സ്വാനുഭവമുണ്ടെന്നും എന്നോട് പറഞ്ഞിരുന്നു. നാരായണൻ സ്വന്തം അനുഭവം രണ്ട് പുസ്തകങ്ങളിൽ കൂടി വെളിപ്പെടുത്തിയിട്ടുണ്ട്. ഒന്ന് 'ദ ഇംഗ്ലീഷ് ടീച്ചർ' എന്ന പുസ്തകം.

അക്കാലത്തു തന്നെയാണ് അദ്ദേഹം ആത്മകഥയിൽ മരണാനന്തരജീവിതം എന്ന വിഷയത്തെക്കുറിച്ച് സ്വന്തം അനുഭവമുണ്ടെന്ന് പ്രസ്താവിച്ചത്.

രണ്ടു മൂന്നു തവണ അദ്ദേഹത്തോട് ഞാൻ നേരിട്ടന്വേഷിച്ചു. അപ്പോഴെല്ലാം 'ദ ഇംഗ്ലീഷ് ടീച്ചർ' അനുഭവത്തിന്റെ വെളിച്ചത്തിൽ രചിച്ചതാണെന്ന് അദ്ദേഹം ഉറപ്പ് നൽകി.

"ആർ. കെ. നാരായണന്റെ അനുഭവം ആ നോവലിൽ കൂടിഅദ്ദേഹം ആവിഷ്കരിച്ചിരിക്കുന്നു. അതിൽ പ്രധാനമായൊരു ഘടകമാണ് അദ്ദേഹത്തിന്റെ പത്നിയുടെ മരണാനന്തരജീവിതവും അവർ ഇരുവരും തമ്മിലുള്ള കൂടിക്കാഴ്ചകളും സംഭാഷണങ്ങളും. മരണാനന്തരജീവിതമുണ്ടെന്ന് സമർത്ഥിക്കുന്ന പല തെളിവുകളും പുസ്തകത്തിലുണ്ട്. അതെപ്പറ്റി ഞാൻ കൂടുതൽ പറയുന്നില്ല. മരണാനന്തരജീവിതത്തെക്കുറിച്ച് അറിയണമെന്ന് ജിജ്ഞാസയുള്ള ഏവനും ഈ നോവൽ വായിക്കണം. നോവലിൽ പറയുന്ന എല്ലാ സംഗതികളും യാഥാർത്ഥ്യങ്ങളാണ് കഥയ്ക്കു വേണ്ടി കൂട്ടിച്ചേർത്ത കള്ളങ്ങൾ അതിൽ ഒട്ടും തന്നെയില്ല."

"മറ്റൊരു കഥ അദ്ദേഹം എന്നോടു പറയുകയുണ്ടായി. കഥയല്ല, നടന്ന സംഗതി. ഈനാട്ഡിഗ്ഗ് എന്ന സ്ത്രീ വളരെ പ്രശസ്തി നേടിയ ഒരു മീഡിയം ആണ് (പരേതാത്മാവിനും അതിനോട് സംസാരിക്കുന്നയാൾക്കും ഇടക്കു നിൽക്കുന്ന ആളാണ് മീഡിയം) അവർ ലണ്ടനിലാണ്. ഞാനവരെ കണ്ടിട്ടുണ്ട്. പക്ഷേ ഞങ്ങൾ തമ്മിലുണ്ടായ കൂടിക്കാഴ്ചയിൽ എനിക്ക് വേണ്ടത്ര തെളിവ് കിട്ടിയിട്ടില്ല.എങ്കിലും അവരെയൊന്നു കാണാൻ നാരായണനോട് ഞാൻ അപേക്ഷിച്ചിരുന്നു. നാരായണൻ ഇംഗ്ലണ്ടിൽ പോവുകയും അവരുമായി ഒരഭിമുഖം ആവശ്യപ്പെടുകയും ചെയ്തു. അപ്പോൾ വല്ല സിറ്റിംഗ് വേണോ എന്ന് അവർ ആർ. കെ. യോട് ചോദിച്ചു. പിന്നീട് അവർ നാരായണനോട് പറഞ്ഞു.

എന്തെ നിങ്ങൾ ഇങ്ങനെ പറയുന്നത്, നിങ്ങളുടെ അമ്മ ഇവിടെയുണ്ടല്ലോ. അവർ നിങ്ങളോട് ചില സംഗതികൾ പറയുകയാണ് അതു കേൾക്കാൻ ആഗ്രഹമില്ലെ? ഉണ്ട് എന്ന് മറുപടി പറഞ്ഞതോടെ മറ്റാരും അറിയാത്ത ചില വസ്തുതകൾ നാരായണന്റെ മാതാവ് അദ്ദേഹത്തോട് പറഞ്ഞു - ഈനാട്ഡിഗ്ഗ് എന്ന മീഡിയം മുഖാന്തിരം.

"ഞാൻ മരിക്കുന്ന സമയത്ത് മകനെ നീ എന്റടുത്തുണ്ടായിരുന്നില്ല. പക്ഷെ എനിക്കതിൽ പരിഭവമില്ല''

അമ്മയ്ക്ക് ആശ്വാസമുണ്ടെന്നു കരുതി ഡെൽഹിയിൽ അവാർഡ് വാങ്ങാൻ വേണ്ടി നാരായണൻ പോയതായിരുന്നു. ആ മരണദിവസം എയർപോർട്ടിൽ എത്തിയപ്പോൾ അമ്മ മരിച്ച വിവരം കിട്ടി. അടുത്ത പ്ലെയിനിൽ തന്നെ തിരിച്ചു. ഈ സംഗതി ഈനാട്ഡിഗ്ഗിൽ കൂടി അമ്മ മകനോട് പറഞ്ഞപ്പോൾ നാരായണൻ ഞെട്ടിപ്പോയി.

"ടൈനി ത്യാഗരാജൻ എന്ന സ്ത്രീയെയാണു ഉപരാഷ്ട്രപതി ജെട്ടി

എന്റെ വീട്ടിലേക്കയച്ചത്. അവർ പല സംഗതികളും അൽപം സ്മരണയും ധ്യാനവും മൗനവും കൂടിയുള്ള പ്രക്രിയ നടത്തി. ക്രിസ്റ്റൽ ബോളിലൂടെ നോക്കി. എന്റെ ഭാര്യയുടെ ചിത്രം കൈവശം വച്ചുകൊണ്ട് പല വസ്തുക്കളും പറഞ്ഞു. വളരെ വ്യക്തിഗതമായ സംഗതികളായതുകൊണ്ട് ആ കാര്യങ്ങൾ ഞാനിവിടെ പ്രതിപാദിക്കാൻ ഒരുങ്ങുന്നില്ല."

എന്റെ അടുത്ത ബന്ധുവായ വിശ്വനാഥൻ അയ്യർ അദ്ദേഹത്തിന്റെ വീടു വിൽക്കുന്ന വേളയിൽ ചില സംശയങ്ങൾ കൊണ്ടു കാലതാമസം വരുത്തുകയായിരുന്നു. അതിനെക്കുറിച്ച് അദ്ദേഹത്തോട് ടൈനി ത്യാഗരാജൻ എന്റെ ഭാര്യ പറയുന്നതായി ചില ഉപദേശങ്ങൾ കൊടുത്ത ആ സംഗതിയെക്കുറിച്ച് യാതൊരു വിവരവും ഉണ്ടായിരുന്നില്ല. അന്വേഷിച്ചപ്പോൾ വിശ്വനാഥ അയ്യർ സംഗതികൾ ശരിയാണെന്നു സമ്മതിച്ചു.

"അതു പോലെ തന്നെ എന്റെ അനുജത്തിക്കു മരിച്ച ഭർത്താവ് വെങ്കിടാചലം അവിടെ ടൈനിയുടെ മുമ്പാകെ പ്രത്യക്ഷപ്പെട്ടു. ഞങ്ങൾക്ക് അദൃശ്യൻ പക്ഷെ അവർക്ക് കാണാമായിരുന്നു. അദ്ദേഹം ധരിച്ച വസ്ത്രങ്ങളും ആകാരവും ടൈനി വർണ്ണിച്ചപ്പോൾ അദ്ദേഹത്തിന്റെ വീട്ടിൽ കയറി ചെല്ലേണ്ട വഴി വിവരിച്ചപ്പോൾ ഇരുന്ന മട്ട് എതു വിധത്തിലായിരുന്നുവെന്ന് പറഞ്ഞപ്പോൾ എന്റെ സഹോദരി ഞെട്ടിപ്പോയി, ഞങ്ങളും."

മുകളിൽ ഉദ്ധരിച്ച പ്രസക്ത ഭാഗങ്ങളിൽ നിന്നും വി. ആർ. കൃഷ്ണയ്യർ എന്താണ് എന്ന് വ്യക്തമാക്കുന്നതാണ്. അവ അക്കമിട്ട് ഉദ്ധരിക്കാം.

യുക്തിവാദത്തിൽ വിശ്വസിക്കുന്ന ആളാണെന്ന് ഞാൻ നടിക്കുന്നു. ഞങ്ങൾ നിരീശ്വരഭൗതിക വാദികളാണെങ്കിലും ഭൗതികവാദത്തിനപ്പുറം മനുഷ്യൻ ആദ്ധ്യാത്മിക ജീവിയാണെന്ന ബോധമുള്ളവരായിരുന്നു.

ഈ പ്രസ്താവന വ്യക്തമാക്കുന്നത് വി. ആർ. കൃഷ്ണയ്യർക്ക് യുക്തിവാദവും ആത്മീയവാദവും എന്താണെന്നു തിരിച്ചറിഞ്ഞുകൂടെന്നുള്ളതാണ്. ഒരു യഥാർത്ഥ യുക്തി വാദി നിരീശ്വരവാദിയും ഭൗതികവാദിയുമായിരിക്കും. ഒരു യഥാർത്ഥ ആത്മീയവാദി നിരീശ്വരവാദത്തിനും ഭൗതികവാദത്തിനും എതിരായിരിക്കും. എന്നിരിക്കെ ഒരു ഭൗതികവാദി എങ്ങനെയാണ് ആദ്ധ്യാത്മികജീവിയാണെന്ന ബോധമുള്ളവനായിരിക്കുന്നത്. കൃഷ്ണയ്യരുടെ മാനസികഘടന പരിശോധിച്ചാൽ കൃഷ്ണയ്യർ ഒരു ആത്മീയവാദി പോലുമല്ലെന്നാണ് ബോധ്യപ്പെടുന്നത്. അത് തെളിയിക്കുന്നതാണ് അദ്ദേഹം അറിയാതെ പറഞ്ഞു പോയത്. താൻ യുക്തിവാദത്തിൽ വിശ്വസിക്കുന്നു നടിക്കുകയാണെന്ന് പറഞ്ഞത്. അതു തന്നെയാണു ശരി. കൃഷ്ണയ്യർ പുരോഗമനവാദിയാണെന്ന് അഭിനയിക്കുകയായിരുന്നു. ഇങ്ങനെയൊരു മനുഷ്യനായിരുന്നല്ലോ നമ്മുടെ പരമോന്നതനീതിപീഠത്തിന്റെ ന്യായാധിപൻ. അദ്ദേഹംന്യായാധിപനായിരുന്ന കാലത്ത് എത്ര പുരോഗമന വാദികൾക്ക് നീതി ലഭിച്ചിട്ടുണ്ടാവും എന്ന കാര്യം അന്വേഷിക്കേണ്ടതാണ്.

ഭാര്യ സൂക്ഷ്മശരീരത്തിൽ ജീവിക്കുന്നുണ്ടോ മനുഷ്യൻ വെറും ചാമ്പൽ

മാത്രമാണോ? മനുഷ്യൻ മരിക്കുന്നതോടെ വെറും സ്മരണയായി മാറുമോ,മരണാനന്തരം ബാക്കിയൊന്നുമില്ലെന്ന് കരുതുന്നത് യുക്തിക്ക് നിരക്കുമോ. ദേഹവിയോഗം കൊണ്ടു സർവ്വവും നശിക്കുമോ?

കൃഷ്ണയ്യരുടെ ഈ ചോദ്യങ്ങളിൽ നിന്നും മനസ്സിലാവുന്നത് കൃഷ്ണയ്യർക്ക് ശാസ്ത്രവിജ്ഞാനമില്ലെന്നുള്ളതാണ്. അതാണ് ശങ്കക്ക് കാരണം. കൃഷ്ണയ്യർ പഠിച്ചതെല്ലാം നിയമമാണല്ലോ. നിയമഗ്രന്ഥം വായിക്കുന്നതിനിടയിൽ ജീവശാസ്ത്രവും ഭൗതികശാസ്ത്രവും പഠിക്കാൻ സമയം കിട്ടുന്നതെവിടെ നിന്ന്? സ്വാഭാവികമായും നിയമജ്ഞാനമുള്ള ഒരാൾക്ക് ശാസ്ത്രജ്ഞാനമുണ്ടാകണമെന്നില്ല. കൃഷ്ണയ്യരുടെ സംശയങ്ങൾക്ക് ശാസ്ത്രത്തിൽ ഉത്തരമുണ്ട്. അതു മനസ്സിലാക്കിയാൽ കൃഷ്ണയ്യരുടെ സംശയം മാറും. യുക്തിക്ക് നിരക്കില്ലെന്ന് യുക്തിവാദി ആത്മീയമായ ഒരു സത്ത മനുഷ്യനുണ്ടെന്നും ദേഹവിയോഗത്തിനു ശേഷം ദേഹി ജീവിക്കുന്നുവെന്ന കൃഷ്ണയ്യരുടെ സംശയം ശാസ്ത്രീയമായ അടിത്തറയുടെ പോരായ്മയാണ്. ജീവനെയും മനസ്സിനെയും കുറിച്ചുള്ള പ്രാകൃതമനുഷ്യന്റെ ഉത്തരം തേടലാണ് ആത്മാവ്. ജീവനും മനസ്സിനും വ്യക്തമായ നിർവ്വചനം കൊടുക്കാൻ കഴിയാതിരുന്ന കാലത്ത് കൊടുത്ത ഉത്തരമാണ് ആത്മാവ്. ഇന്നിത് അന്ധവിശ്വാസമാണെന്നു വ്യക്തമായിരിക്കുന്നു.

റവ. റയിൻ ഹാർട്ട് എന്ന വ്യക്തിയായിരുന്നു ഈ വിഷയത്തെക്കുറിച്ച് അന്താരാഷ്ട്ര സമ്മേളനം സംഘടിപ്പിച്ചത്. അദ്ദേഹത്തെപ്പറ്റി പല ദുരാരോപണങ്ങളും ഉണ്ടായിരുന്നതായി പറയുന്നു. പരേതാത്മാവിന് തെളിവുകൾ ഇദ്ദേഹത്തെക്കുറിച്ചുള്ള ദുരാരോപണം എന്തായിരുന്നുവെന്നു കൃഷ്ണയ്യർ പറയുന്നില്ല. എന്നാൽ അതു നമുക്ക് ഊഹിക്കാവുന്നതേയുള്ളൂ. ഇയാളുടെ ഈ വിനിമയ പരിപാടിയെ ചോദ്യം ചെയ്തവർ അന്നുണ്ടാവണം അവർ ഇദ്ദേഹത്തിന്റെ കള്ളി വെളിച്ചത്താക്കിയിട്ടുണ്ടാവണം. കൃഷ്ണയ്യരെപ്പോലുള്ളവർക്ക് ഹാർട്ടിന്റെ പരിപാടി ശരിയാണെന്നു തോന്നാം. എന്നാൽ ശാസ്ത്രീയമായി നിരീക്ഷിക്കുന്നവർ ഇത് നിരാകരിക്കും. ഉപരാഷ്ട്രപതി ബി. ഡി. ജെട്ടിയുടെ കാര്യം കൃഷ്ണയ്യരുടെ അഭിപ്രായത്തിൽ നിന്നു തന്നെ. ജെട്ടിയും കൃഷ്ണയ്യരെപ്പോലെ ഒരന്ധവിശ്വാസിയാണെന്നു തെളിയുന്നു. അദ്ദേഹമാണ് ആത്മാവിനെ തെളിയിക്കാൻ ടൈനി ത്യാഗരാജൻ എന്ന സ്ത്രീയെ പറഞ്ഞയച്ചത് എന്നു പറയുന്നു. അതു പോലെ മറ്റൊരു അന്ധവിശ്വാസിയാണ് ആർ.കെ. നാരായണനെന്നു കൃഷ്ണയ്യരുടെ അഭിപ്രായത്തിൽ നിന്നും മനസ്സിലാവുന്നു. ആർ. കെ. നാരായണൻ രണ്ടു പുസ്തകങ്ങളാണെഴുതിയത്. ഒന്ന് ആത്മകഥയും ഒന്ന് നോവലും. ആർ. കെ. നാരായണൻ പറയുന്ന ആത്മകഥാപരമായ ഭാഗം എന്താണെന്ന് കൃഷ്ണയ്യർ വിശദീകരിക്കുന്നില്ല. എന്നാൽ നോവൽ വായിച്ചുവോ എന്ന് പല പ്രാവശ്യം ആർ. കെ. ചോദിച്ചതായി പറയുന്നു. നോവൽ രചന എന്നത് കൂടുതൽ കാല്പനികത (fantacy) കടന്നുവരാവുന്നതാണ്. പൊടിപ്പും തൊങ്ങലും കൂടുതൽ ആവിഷ്കരിക്കാം. ആ അവതരണത്തിന്റെ അഭിപ്രായം എങ്ങനെയുണ്ടെന്നറി

യാൻ ആർ. കെ. യ്ക്കു ജിജ്ഞാസ പൂണ്ടു. ഒരെഴുത്തുകാരന് അതുണ്ടാവുന്നതാണ്. ഇവിടെ ഒരു കാര്യം വ്യക്തം. യാഥാർത്ഥ്യം എന്നു പറയാവുന്ന ആത്മകഥ വായിച്ചോ എന്നല്ല, ആർ. കെ. ചോദിച്ചത്. മറിച്ച് നോവൽ വായിച്ചോ എന്നായിരുന്നു. അതു മരണാനന്തരജീവിതത്തെക്കുറിച്ചറിയാനല്ല മറിച്ച് മരണാനന്തരജീവിതത്തെക്കുറിച്ച് കെട്ടിയുണ്ടാക്കിയ അവതരണം എങ്ങനെയുണ്ടെന്നറിയാനായിരുന്നു. അതു കൊണ്ടാണ് കൃഷ്ണയ്യർ ഏവനും ഈ നോവൽ വായിക്കണം എല്ലാ സംഗതികളും യാഥാർത്ഥ്യങ്ങളാണ് കള്ളങ്ങൾ ഒട്ടുമില്ലെന്നു ഉറക്കെപ്പറയുന്നത്. ഈനാഡിഗ്ഗ് എന്ന മീഡിയയെക്കുറിച്ച് കൃഷ്ണയ്യർ പറഞ്ഞപ്പോൾ ഒരു കാര്യം വ്യക്തമായിരുന്നു. ഞങ്ങൾ തമ്മിലുള്ള കൂടിക്കാഴ്ചയിൽ എനിക്ക് വേണ്ടത്ര തെളിവ് കിട്ടിയില്ല. അതുകൊണ്ട് ആർ. കെ. നാരായണനെ പറഞ്ഞയച്ചു. ആർ. കെ. യോട് ഈനാഡിഗ്ഗ് പറഞ്ഞു അമ്മ മരിക്കുമ്പോൾ മകനടുത്തില്ലെന്ന്.

ടൈനി ത്യാഗരാജന്റെ കഥയും ഇതുതന്നെ. അവർ കൃഷ്ണയ്യരുടെ വീട്ടിൽ വന്നപ്പോൾ ക്രിസ്റ്റൽ ബോളെടുത്ത് വെച്ച് ധ്യാനം നടത്തി. ശാരദാ കൃഷ്ണയ്യരുടെ ഫോട്ടോ കയ്യിലെടുത്ത് വച്ച് വ്യക്തിഗതമായ കാര്യങ്ങൾ പറഞ്ഞു. വ്യക്തിഗതമായതുകൊണ്ട് ഞാൻ പറയുന്നില്ല. ഈ നാഡിഗ്ഗിനെപ്പോലുള്ള തന്ത്രമാണ് ടൈനി ത്യാഗരാജനും പ്രയോഗിച്ചത്. ഭാര്യയും ഭർത്താവും തമ്മിലുള്ള ശൃംഗാരമാണ് ടൈനി പ്രയോഗിച്ചതെന്ന് നമുക്ക് ഊഹിക്കാവുന്നതേയുള്ളു. ഇത് പ്രയോഗിച്ചപ്പോൾ കൃഷ്ണയ്യർ വീണുവെന്നതാണ് സത്യം.

വിശ്വനാഥയ്യരുടെ കാര്യം. അടുത്ത ബന്ധു വീടുവെക്കുന്ന സമയത്ത് തീർച്ചയായും വീടുനിർമ്മാണവുമായുള്ള കാര്യങ്ങൾ പറയുക സ്വാഭാവികമാണ്. ആ വേളയിൽ നമ്മൾ പ്രതികരിക്കുന്നതും

പതിവാണ്. ഗുണദോഷങ്ങൾ നമ്മൾ പറയുകയും ചിന്തിക്കുകയും ചെയ്യാറുണ്ട്. വിശ്വനാഥ അയ്യരോട് സാമൂഹ്യപ്രവർത്തക കൂടിയായിരുന്ന ശാരദാ കൃഷ്ണൻ വീടുനിർമ്മാണത്തിന്റെ വരുംവരായ്കകളെക്കുറിച്ച് പറഞ്ഞിരിക്കാൻ സാധ്യതയുണ്ട്. ഇതിൽ അത്ഭുതമൊന്നുമില്ല. ടൈനി ഇത് മനസ്സിലാക്കി പ്രയോഗിച്ചപ്പോൾ കൃഷ്ണയ്യർ അടിമപ്പെട്ടുവെന്നതാണ് സത്യം.

പൊട്ടക്കണ്ണന്റെ മാവിലെറി പോലെ കൊണ്ടാ കൊണ്ട് കൊണ്ടില്ലെങ്കിൽ പോയി എന്നു പറയും പോലെയാണ് എല്ലാ മീഡിയകളും ഇത് പ്രയോഗിക്കുന്നത്. നമ്മുടെ നാട്ടിലെ കൈനോട്ടക്കാർ, ജ്യോത്സ്യൻമാർ, മനുഷ്യദൈവങ്ങൾ എന്നിവർ ഈ രീതിയാണ് പ്രയോഗിക്കുന്നത്. ആർ. കെ. നാരായണനെപ്പോലെ തിരക്കുള്ളവർ അമ്മ മരിക്കുമ്പോൾ കൂടെയുണ്ടാവണമെന്നില്ല. അതുപോലെ ആർ. കെ. ചെല്ലുന്നതിന് മുമ്പ് തന്നെ ഒരഭിമുഖത്തിനുള്ള സമയം ആവശ്യപ്പെട്ടിരുന്നു.

ഇപ്പോൾ ഈനാ വല്ല സിറ്റിംഗും ആവശ്യമാണോ എന്ന് ചോദിച്ചിരുന്നു. ഇക്കാര്യം വ്യക്തമാക്കുന്നത് ആർ.കെ. യെ കുറിച്ച് വിവരങ്ങൾ ശേഖരി

ക്കാനും അതിനു വേണ്ടി മുൻകൂർ തയ്യാറാകാനും സമയം കിട്ടിയെന്നുള്ള താണ് മാത്രമല്ല ആർ. കെ. യുടെ ആത്മകഥ ഇല്ലസ്ട്രേറ്റ് എന്ന വീക്കിലി യിൽ വന്നു കൊണ്ടുമിരിക്കുന്നു. ഇതിൽ നിന്ന് അമ്മ മരിക്കുമ്പോൾ താനടു ത്തില്ലായിരുന്നു എന്ന പരാമർശം കിട്ടിയിരിക്കാം. ആ വിവരമെടുത്തു മറ്റൊരു രീതിയിൽ അവതരിപ്പിക്കാനും സാദ്ധ്യതയുണ്ട്. മറിച്ചാണെങ്കിൽ എന്ത് കൊണ്ട് ഈനാടിഗ്ഗ് നാരായണൻ വെളിപ്പെടുത്തിയതുപോലെ അവാർഡ് വാങ്ങാൻ പോയപ്പോൾ എയർപ്പോട്ടിൽ വച്ച് വിവരമറിഞ്ഞെന്നും തിരിച്ച് അടുത്ത പ്ലെയിനിൽ പോയെന്നും പറഞ്ഞില്ല. ഒരു തത്വം പ്രയോഗിക്കുക മാത്രമാണ് ചെയ്തത്.

ഇതുപോലെ തന്നെയാണ് അനുജത്തിയുടെ മരിച്ച ഭർത്താവ് വെങ്കിടാ ചലം പ്രത്യക്ഷപ്പെട്ട കഥയും. ടൈനി എന്ന മിടുക്കിയുടെ മറ്റൊരു തന്ത്രമാ യിരുന്നു അതും. ഇവിടെ കൃഷ്ണയ്യർക്ക് മാത്രമല്ല അന്ധവിശ്വാസം കുടും ബത്തിനു മുഴുവൻ ഉണ്ടെന്നുള്ളതാണ്. ടൈനി ത്യാഗരാജനെ ഇവർ അന്ധ മായി വിശ്വസിച്ചുവെന്നുള്ളതാണ് ഇതിലെ പരാജയം. ടൈനിയുടെ ഈ തന്ത്ര ങ്ങൾ നാലാം തരം തട്ടിപ്പിൽപെടുന്നതാണ്. കൃഷ്ണയ്യരെപ്പോലുള്ള ബുദ്ധി ജീവികൾ ഇത് വിശ്വസിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതാണ് സാമൂ ഹ്യവിപത്ത്.

കൃഷ്ണയ്യർ ഈനാടിഗ്ഗിനെ കണ്ടപ്പോൾ കൃഷ്ണയ്യരെ ബോദ്ധ്യപ്പെടു ത്തുക തെളിവ് കൊടുക്കാൻ ഈനാടിഗ്ഗിന് കഴിഞ്ഞില്ലെന്ന് അദ്ദേഹം ആർ. കെ. നാരായണന്റെ ദ ഇംഗ്ലീഷ് ടീച്ചറാണ് കൃഷ്ണയ്യരെ ഇത്രയും കുഴപ്പ ത്തിൽ കൊണ്ട് ചാടിച്ചത്. നാരായണനും പത്നിയും തമ്മിലുള്ള ബന്ധത്തെ ക്കുറിച്ചുള്ള പ്രതിപാദനം കൃഷ്ണയ്യരെ വല്ലാതെ സ്വാധീനിച്ചു. നാരായ ണൻ നോവലിൽ എഴുതിയ ആവിഷ്കാരം മുഴുവൻ യാഥാർത്ഥ്യമാണെന്നു കൃഷ്ണയ്യർ ധരിക്കുകയും കൃഷ്ണയ്യർ അങ്ങനെ ഒരാളായി മാറാൻ തീരു മാനിക്കുകയും ചെയ്തു. ഈ ഉപബോധചിന്ത യാഥാർത്ഥ്യമാണെന്നു വരു ത്തിത്തീർക്കാൻ ശ്രമിച്ചതിന്റെ ബഹളങ്ങളാണ് നാം കണ്ടത്.

2004 മെയ് 30ന് ഏഷ്യാനെറ്റിൽ നമ്മൾ തമ്മിൽ എന്ന പരിപാടിയിൽ മര ണാനന്തരജീവിതം മിഥ്യ എന്ന വിഷയത്തെക്കുറിച്ച് ചർച്ച നടത്തിയിരുന്നു. ചർച്ചയിൽ പ്രശസ്ത മനശാസ്ത്രജ്ഞനായ ഡോ. ഡേവിഡ്, ഈ ലേഖ കൻ തുടങ്ങിയവർ പങ്കെടുത്തിരുന്നു. ആ ചർച്ചയിൽ പങ്കെടുത്ത കൃഷ്ണ യ്യർ ഒരു കാര്യം തുറന്നുപറയുകയുണ്ടായി. താൻ ഭാര്യയുമായി മരണാന ന്തരം നേരിട്ടു സംസാരിച്ചിട്ടില്ലെന്നും ലണ്ടനിലുള്ള ഒരു മീഡിയം വഴിയാണ് സംസാരിച്ചതെന്നും. ഇത്രയും കാലം കൃഷ്ണയ്യർ പറഞ്ഞു വച്ചിരുന്ന കള്ളം അദ്ദേഹം തന്നെ പൊളിച്ചു പറഞ്ഞത് ജനങ്ങൾക്ക് ബോധ്യപ്പെട്ടു. കൃഷ്ണ യ്യരുടെ ഈ വെളിപ്പെടുത്തലുകൾ കേട്ടപ്പോൾ ചർച്ചയിലുണ്ടായിരുന്ന കെ. എസ്. ഡേവിഡ് പറഞ്ഞത് കുറുന്തോട്ടിക്ക് വാതം പിടിച്ചാൽ ഇങ്ങനെയിരി ക്കുമെന്നാണ്.

●

# നാരായണഗുരു എസ്.എൻ.ഡി.പി. യോഗത്തിൽ നിന്നും രാജി വച്ചത് എന്ത് കൊണ്ട്?

ശ്രീ നാരായണഗുരു മാനവികവാദിയും ഡോ.പൽപ്പു ഈഴവ സമുദായവാദിയുമായിരുന്നു. മൃഗത്തിന്റെ വില പോലുമില്ലാതിരുന്ന പിന്നോക്ക സമുദായങ്ങളിലുള്ളവരെ മനുഷ്യരാക്കിയെടുക്കുകയെന്നതായിരുന്നു നാരായണഗുരുവിന്റെ ലക്ഷ്യം. എന്നാൽ പിന്നോക്കാവസ്ഥയിൽ കഴിയുന്ന ഈഴവസമുദായത്തെ മുന്നോക്കാവസ്ഥയിലേക്ക് കൊണ്ടു വരിക എന്നതായിരുന്നു ഡോ. പൽപ്പുവിന്റെ ലക്ഷ്യം.

ഗോക്കൾക്ക് ഗോത്വമെന്നപോലെ മനുഷ്യർക്ക് മനുഷ്യത്വമാണ് ജാതി.( മനുഷ്യാണാം മനുഷ്യത്വം ജാതിർഗോത്വാഗവാം യഥാഃ) എന്നു ചിന്തിക്കുകയും ജാതിക്കുപരി മനുഷ്യനെന്ന ഒരു ജാതിയെയുള്ളുവെന്നു ഗുരു ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തു വരുമ്പോഴാണ് ഈഴവ സമുദായത്തെ സംഘടിപ്പിക്കുവാൻ ആകുന്ന പണി അറുപത്തെട്ടും നോക്കി പരാജയപ്പെട്ട ഡോ.പൽപ്പുവിന്റെ രംഗപ്രവേശനം. മൈസൂറിൽ ഹെൽത്ത് ഡയറക്ടറായി ജോലി ചെയ്തിരുന്ന ഡോ.പൽപ്പു മൈസൂർ രാജാവിന്റെ അതിഥിയായി വന്ന സ്വാമി വിവേകാനന്ദനെ കാണാനിടയായി. പൽപ്പുവിന്റെ താൽപര്യം നിറവേറ്റുവാൻ ഈഴവസമുദായത്തിൽ നിന്നും ഒരു സന്യാസിയെ കണ്ടെത്തി അദ്ദേഹത്തെ മുൻനിറുത്തി സമുദായപ്രവർത്തനം നടത്തിയാൽ വിജയിക്കുമെന്നു കൂടിക്കാഴ്ചയിൽ വിവേകാനന്ദൻ പറഞ്ഞു. അപ്രകാരം പൽപ്പു കേരളത്തിൽ വന്നു നടത്തിയ അന്വേഷണത്തിലാണ് അരുവിപ്പുറത്ത് ഈഴവ ശിവപ്രതിഷ്ഠ നടത്തി വിപ്ലവം സൃഷ്ടിച്ച നാണുഗുരു എന്നു പേരുള്ള ഒരു സന്യാസിയുള്ളതായി അറിയുന്നത്. ഇതിന്റെ ഫലമായിട്ടാണ് 1903 ൽ ശ്രീ നാരായണ ഗുരു അധ്യക്ഷനായി ശ്രീനാരായണ ധർമ്മ പരിപാലന യോഗം (എസ്.എൻ.ഡി.പി. ) സ്ഥാപിതമാകുന്നത്.

ഒരു പക്ഷേ ശ്രീനാരായണ ഗുരുവിനെപ്പോലെയുള്ള ഒരു സന്യാസിയെയായിരുന്നില്ല സ്വാമി വിവേകാനന്ദൻ ഉദ്ദേശിച്ചത്. മാനവനുപരി ബ്രഹ്മത്തിൽ ചരിക്കുന്ന ഒരു സന്യാസിയെയാണ് വിവേകാനന്ദൻ ഉദ്ദേശിച്ചത്. നാരായണ ഗുരു ബ്രഹ്മത്തിനുപരി മനുഷ്യന് പ്രഥമ സ്ഥാനം നൽകിയ ഒരാളായിരുന്നു. ഇത്രയും പുരോഗമനകാരിയായ ഒരാളാണ് നാരായണഗുരുവെന്ന് അടു

ത്തറിഞ്ഞിരുന്നുവെങ്കിൽ വിവേകാനന്ദൻ പൽപ്പുവിനോട് അങ്ങനെ പറയില്ലായിരുന്നു. ഈഴവ സമുദായം ജാതിരാഹിത്യത്തിലേക്കുയരുന്നുമെന്നു ധരിച്ചാണ് ഗുരു എസ്.എൻ.ഡി.പി. യോഗത്തിന്റെ അദ്ധ്യക്ഷനായത്. ആ സ്ഥാനത്ത് തുടരുമെന്നായിരുന്നു സമുദായസ്നേഹിയായ പൽപ്പു വിശ്വസിച്ചത്. അതു കൊണ്ട് പൽപ്പു ബോധപൂർവ്വം ഗുരുവിനെ കെണിയിലാക്കുകയായിരുന്നു. ഈഴവസമുദായം ലക്ഷ്യമാക്കിയ പൽപ്പുവിന്റെ മോഹം ഒരു ഈഴവമഹാസഭയായിരുന്നു. ഗുരു അതിനെതിരായിരുന്നു. അപ്പോൾ പിന്നോക്കരായ എല്ലാ സമുദായാംഗങ്ങളുടെയും ഉന്നമനമാണെന്ന് വിശ്വസിപ്പിച്ചാണ് ഗുരുവിനെ ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെ അദ്ധ്യക്ഷൻ ആക്കിയത്. ആ സ്ഥാനത്ത് തുടരുമെന്നായിരുന്നു സമുദായ സ്നേഹിയായ പൽപ്പു വിശ്വസിച്ചത്. എന്നാൽ പേരിനോടൊപ്പം തീയ്യർ എന്ന ജാതിപ്പേര് കൂടി ചേർക്കണമെന്ന് യോഗം തീരുമാനിച്ചപ്പോൾ ഗുരു എസ്.എൻ.ഡി.പി. യോഗത്തിൽ നിന്നും 1916 മെയ് 22 ന് രാജി വെച്ചു കൊണ്ട് ഡോ.പൽപ്പുവിന് കത്ത് നൽകി. ഡോ.പൽപ്പുവിന് നൽകിയ കത്തിൽ അദ്ദേഹം ഇങ്ങനെ പറയുന്നു. "യോഗത്തിന് ജാത്യാഭിമാനം വർദ്ധിച്ചു വരുന്നതുകൊണ്ട് നാം യോഗത്തെ വിട്ടിരിക്കുന്നു." തുടർന്ന് ഗുരു ഈഴവ ജാതിയും ഹിന്ദുമതവും ഉപേക്ഷിച്ചു.

ഗുരു എസ്. എൻ.ഡി.പി.യിൽ നിന്നു രാജിവെച്ചതു പോലെ തന്നെ താൻ ജനിച്ച ഈഴവ ജാതിയും ഹിന്ദുമതവും ഉപേക്ഷിച്ചുകൊണ്ട് വിളംബരം പുറപ്പെടുവിച്ചിട്ടുണ്ട്. 1916 മെയ് 28 നാണ് ആ വിളംബരം. അതിലിങ്ങനെ പറയുന്നു. 'നാം ജാതിമതഭേദം വിട്ടിട്ടു ഇപ്പോൾ ഏതാനും സംവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും ചിലർ നമ്മെ അവരുടെ വർഗത്തിൽപ്പെട്ടവരായി ചിന്തിച്ചും പ്രവർത്തിച്ചും വരുന്നതായും അതു നമ്മുടെ വാസ്തവത്തിനു വിരുദ്ധമായ ധാരണയ്ക്കിട വന്നിട്ടുണ്ടെന്നും നാം അറിയുന്നു'. ഈ വിളംബരം കൂടാതെ മറ്റൊരു പ്രഖ്യാപനം കൂടി അദ്ദേഹം നടത്തിയിട്ടുണ്ട്. 1916 ജൂലൈ 15 നാണ് ആ പ്രഖ്യാപനം. കൊല്ലം പട്ടത്താനത്ത് അച്യുതൻ കോൺട്രാക്ടർ പണി കഴിപ്പിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനത്തിന് അദ്ദേഹം പറഞ്ഞു. അതിങ്ങനെയാണ്- "ഏതെങ്കിലും മതവുമായി നമുക്ക് യാതൊരു ബന്ധവുമില്ല. നാമായിട്ട് ഒരു മതം സ്ഥാപിച്ചിട്ടുമില്ല. നാം ജാതിമതങ്ങൾ വിട്ടിരിക്കുന്നു."

1916 മെയ് 22, 1916 മെയ് 28 നുള്ള ഗുരുവിന്റെ വെളിപ്പെടുത്തലുകൾ വളരെ പ്രാധാന്യമുള്ളതാണ്. അതുപോലെ ക്ഷേത്രങ്ങൾ സ്ഥാപിച്ച ഗുരു മരിക്കുന്നതിന് ഒരു വർഷം മുമ്പ് മനസ്സില്ലാ മനസ്സോടെ കളവങ്കോടത്ത് നടത്തിയ കണ്ണാടി പ്രതിഷ്ഠ, പ്രാകൃത ദൈവങ്ങളെ ഇളക്കിമാറ്റൽ ഇതൊക്കെ തന്നെ പ്രാധാന്യമുള്ള വസ്തുതകളാണ്. ഇക്കാലത്ത് എസ്.എൻ.ഡി.പി. യുടെ പോക്കിൽ അദ്ദേഹം അമർഷം കൊള്ളുകയുണ്ടായി. 1923 ൽ എസ്. എൻ.ഡി.പി. ക്കാരെല്ലാം ജാതിപ്പേര് ചേർക്കണമെന്ന തീരിമാനത്തോടു ഗുരു വിയോജിക്കുകയുണ്ടായി. ഇതൊക്കെ ചൂണ്ടിക്കാണിക്കുന്നത് ഗുരുവിന്റെ ശ്രീനാരായണ ധർമ്മ പരിപാലനവും യോഗത്തിന്റെ ധർമ്മ പരിപാലനവും രണ്ടാണെന്നുള്ളതാണ്. ഗുരുവിന്റെ ഈ ദുഃഖം മനസ്സിലാക്കിയ ചില

ശിഷ്യൻമാരുണ്ടായിരുന്നു. സഹോദരൻ അയ്യപ്പൻ, സി.വി. കുഞ്ഞിരാമൻ, നടരാജഗുരു എന്നിവർ. അയ്യപ്പൻ ചെറായിയിൽ വെച്ച് ഒരു മിശ്ര ഭോജനം നടത്തി. അതു കഴിഞ്ഞ് തിരിച്ചു വരുമ്പോൾ അയ്യപ്പനോട് ഗുരു പറഞ്ഞത് ക്രിസ്തുവിനോളം ക്ഷമ വേണമെന്നായിരുന്നു. തുടർന്ന് അയ്യപ്പൻ 1917 ൽ ഒരു സംഘടനയുണ്ടാക്കി. ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യന് എന്ന മുദ്രാവാക്യവുമായി. സഹോദരസംഘമെന്നാണിതിന്റെ പേര്. ഇതിന് ഗുരുവിന്റെ എല്ലാ വിധ മൗനസമ്മതവും ഉണ്ടായിരുന്നു.

അയ്യപ്പനെ പോലെ ഗുരുവിന്റെ ആശയങ്ങൾ പ്രാവർത്തികമാക്കിയ മറ്റൊരു പ്രസ്ഥാനമായിരുന്നു നടരാജഗുരു നേതൃത്വം നൽകിയ മാനവിക പ്രസ്ഥാനം. ഏക മാനവലോകവും ഏക ലോക ഗവൺമെന്റും ഈ പ്രസ്ഥാനത്തിന്റെ സംഭാവനയായിരുന്നു. ഇതിന്റെ ആസ്ഥാനമാണ് വർക്കലയിലെ ഗുരുകുലം ശാഖയാണ്. തമിഴ്നാട്ടിലെ ഫേൺഹില്ലും. എന്നാൽ ഈ പ്രസ്ഥാനവും ഇന്നു അപചയത്തിലേക്ക് തിരിഞ്ഞിരിക്കയാണ്.

നടരാജനെ വിദേശത്ത് അയച്ചു പഠിപ്പിച്ചതും പണം ചെലവഴിച്ചതും നാരായണ ഗുരുവായിരുന്നു. ഗുരുവിന്റെ ആശയങ്ങൾ വിദേശങ്ങളിലെത്തിക്കുക എന്ന ഉദ്ദേശ്യം ഇതിനു പിന്നിലുണ്ടായിരുന്നു. ഇതിനു ഡോ.പൽപ്പുവിന്റെ പൂർണ്ണ സമ്മതവുമുണ്ടായിരുന്നു. ഗുരുവിനെ വേദനിപ്പിച്ചതിന് പൽപ്പു അറിഞ്ഞുകൊണ്ട് ഗുരുവിന് നൽകിയ ദാനമായിരുന്നു പൽപ്പുവിന്റെ മകനായ നടരാജൻ. ഈ നടരാജൻ പിന്നീട് നടരാജഗുരുവായി.

ചുരുക്കത്തിൽ മാനവരെല്ലാം ഒന്നാണെന്ന ഗുരുവിന്റെ ശ്രീനാരായണധർമ്മം ഇങ്ങനെ വഴി തിരിഞ്ഞപ്പോൾ ഡോ.പൽപ്പു നേതൃത്വം കൊടുത്ത എസ്.എൻ.ഡി.പി. യോഗം ജാതി ഭ്രാന്തുമായി തഴച്ചു കൊഴുത്തു വളരാൻ തുടങ്ങി. പൽപ്പു തുടങ്ങി വച്ച ആ പ്രസ്ഥാനമാണ് വെള്ളാപ്പള്ളി നടേശൻ ഇന്നു നയിക്കുന്ന പ്രസ്ഥാനം. 1869 ൽ ജാതി സംവരണം നേടുന്നതിനു വേണ്ടി പതിനായിരം പേർഒപ്പിട്ട ഈഴവ മെമ്മോറിയൽ തിരുവിതാംകൂർ മഹാരാജാവായ ശ്രീമൂലം തിരുനാൾ രാമവർമ്മയ്ക്ക് പൽപ്പു സമർപ്പിച്ചു. അതേ ആവശ്യത്തിന്റെ തുടർച്ചയാണ് ഇപ്പോൾ വെള്ളാപ്പള്ളിയും നടത്തുന്നത്. ഗോകുലം ഗോപാലന്റെ നടത്താനിരിക്കുന്നതും എന്നാൽ നാരായണ ഗുരു ഒരിക്കലും അതു ചെയ്തിട്ടില്ല.

ഈ പ്രസ്ഥാനത്തിന് നാരായണ ഗുരുവുമായി പുലബന്ധമില്ല. എസ്.എൻ.ഡി.പി. യോഗക്കാർ സ്ഥാപിക്കേണ്ട പ്രതിമ നാരായണഗുരുവിന്റേതല്ല ഡോ. പൽപ്പിവിന്റേതാണ്. ജാതിയ്ക്കെതിരെ പോരാടിയ നാരായണഗുരുവിനെ ഈഴവരുടെ നേതാവായി കാണുന്നതു അപഹാസ്യമാണ്. ഗുരു കേരളജനതയുടെ, നവോത്ഥാനത്തിന്റെ വഴികാട്ടിയാണ്. അല്ലാതെ ഈഴവ സമുദായത്തിന്റെ വഴികാട്ടിയല്ല.

ഗുരുവിന്റെ ചിന്താഗതിക്ക് വേണ്ടി ശ്രമിച്ച അവസാന കണ്ണിയാണ് ശാശ്വതികാനന്ദ. അതുകൊണ്ടുതന്നെയാണ് അദ്ദേഹത്തിന് അപടകമരണം വരിക്കേണ്ടി വന്നതും. ഗുരുവം അവസാനകാലത്ത് ദുരിതങ്ങൾ അനുഭവിച്ചാണ് മരിച്ചത്.

●

# വന്ദേമാതരവും ദുർഗ്ഗാദേവിയും

**ഹി**ന്ദുക്കൾ ആലപിക്കണമെന്നും മുസ്ലീങ്ങൾ ആലപിക്കരുതെന്നും നിർബന്ധിക്കുന്ന വന്ദേമാതരത്തിന്റെ യഥാർത്ഥ മുഖം എന്താണ്? നമുക്കത് പരിശോധിക്കാം.

ശ്രീ ബങ്കിംചന്ദ്രചാറ്റർജിയുടെ ആനന്ദമഠം എന്ന നോവലിലാണ് ഈ ഗാനം ഉള്ളത്. ആ ഗാനം ചുവടെ ചേർക്കുന്നു.

വന്ദേമാതരം
സുജലാം സുഫലാം മലയജ ശീതളാം
സസ്യശ്യാമളാം മാതരം.............(വന്ദേ.......)
ശുഭ്രജ്യോത്സ്നാ പുളകിത യാമിനീം
ഫുല്ലകുസുമിത ദ്രുമദല ശോഭിനീം
സുഹാസിനീം സുമധുര ഭാഷിണീം.
സുഖദാം വരദാം മാതരം...........(വന്ദേ........)
കോടികോടി കണ്ഠകളകള നിനാദ കരാളേ
കോടി കോടി ഭുജൈർ ധ്രുതഖര കരവാളേ
ബഹുബല ധാരിണീം നമാമി താരിണീം
രിപുദല വാരിണീം മാതരം ............(വന്ദേ.......)
തുമിവിദ്യാ തുമിധർമ്മ് തുമിഹൃദി തുമിമർമ്മ്
ത്വംഹിപ്രാണം ശരീരേ
ബാഹുതേ തുമി മാശക്തി ഹൃദയേ തുമി മാ ഭക്തി
തോമാർ ഇ പ്രതിമാ ഗഢി മന്ദിരേ, മന്ദിരേ .........(വന്ദേ........)
ത്വംഹി ദുർഗ്ഗാ ദശപ്രഹരണ ധാരിണീം
കമലാ കമലാദള വിഹാരിണീം

വാണീ വിദ്യാദായിനി
നമാമിത്വം നമാമി കമലാം
അമലാം അതുലാം സുജലാം
സുഫലാം മാതരം ................
വന്ദേമാതരം (വന്ദേ............)
ശ്യാമളാം സരളാം സുസ്മിതാം ഭൂഷിതാം
ധരണീം ഭരണീം മാതരം .............(വന്ദേ...........)

**ഗാനത്തിന്റെ മലയാള പരിഭാഷ**

വന്ദേമാതരം
സുജലയും സുഫലയും ധീരസമീരയും
സസ്യത്താൽ ശ്യാമളയു
മാകുമീ മാതാവിനെ
വന്ദേമാതരം
അവളുടെ നിശകളോ നിലാവിനാൽ പ്രശോഭിതം
പുഷ്പിത വനങ്ങളാൽ സുന്ദരമാവരണം
സുമധുര ഭാഷിണിയായ് സുമധുര വാഹിനിയായ്
നിൽക്കുമീ മാതാവല്ലോ.
മോക്ഷ പ്രദായിനിയുമനുഗ്രഹദായിനിയും
എഴുപതുകോടി ജനം ഭീകരമായലറുന്നു.
ശതചതുർദശകോടി കൈകളേന്തും
നിശിതമാം വാളുകളും
ആരുണ്ടു പറയുവാൻ മാതാവേ നീ ദയനീയ
ശക്തിതന്നാനന്ദമാമുപധാനം നീ താനല്ലോ
കുനിക്കുന്നു ശിരസ്സു ഞാൻ
രക്ഷിതാവാമവൾ മുന്നിൽ
ശത്രുപക്ഷ സൈന്യങ്ങളെ
തുരത്തുവോളുടെ മുന്നിൽ
വന്ദേമാതരം
അറിവായി, ശീലമായി, ഹൃദയമായ് ആത്മാവായ്
നിൽക്കുമ്പോൾ നീ താനല്ലോ.
ഞങ്ങളുടെ ശരീരത്തിൽ കുടികൊള്ളും ജീവനല്ലോ
ഭുജങ്ങളിൽ കരുത്തു നീ
കരളിങ്കലുറവായി വിശ്വാസമായ് നിൽക്കുവോളും
മാതാവേ നീയല്ലയോ

മാതാവേ നിൻപ്രതിരൂപം പ്രതിഷ്ഠിപ്പേൻ ക്ഷേത്രങ്ങളിൽ
ദശായുധ ധാരണിയാം ദുർഗ്ഗാദേവി നീതാനല്ലോ
താമരയിൽ വിഹരിക്കും കമലയും നീ താനല്ലോ
വിദ്യയെല്ലാം തരുന്നവൾ, വാഗ്ദേവിയും നീയല്ലയോ
മാതാവേ ഞാൻ നമിക്കുന്നു
ധനദയാം ദേവി നീയേ
നമിക്കുന്നു മാതാവേ ഞാൻ
വിശുദ്ധ നീ, അതുല്യ നീ
നമിപ്പേൻ ഞാനിതാ വീണ്ടും
സുജലയാം, സുഫലയാം മാതൃരൂപം നീ താനല്ലോ
ശ്യാമള വർണ്ണമാർന്ന വിശുദ്ധയും നീയല്ലോ
സുമധുര ഭാഷിണിയും
രത്നാഹാരലംകൃതയും
ധനദയു, മൈശ്വര്യത്തിൻ വിധാതാവും നീതാനല്ലോ
നമിക്കുന്നു, വീണ്ടുമിതാ മാതാവേ ഞാൻ

(Sri Aurobind Birth Centenary Library Vol. 8, 1972 P.P 311-14 പരിഭാഷ - കെ. പി. ശരച്ചന്ദ്രൻ)

വന്ദേമാതരത്തെ സ്വാതന്ത്ര്യ സമര ഗാനമായി നാം ആവേശത്തോടെ സ്വാഗതം ചെയ്യുമ്പോൾ വന്ദേമാതരത്തിന് മറ്റൊരു മുഖം കൂടിയുണ്ടെന്ന കാര്യം പലർക്കും അറിഞ്ഞുകൂട. എന്താണ് ആ മുഖങ്ങൾ എന്നു നമുക്കു നോക്കാം.

1. വന്ദേമാതരം മതപരമാണ്
2. വന്ദേമാതരം വർഗ്ഗീയമാണ്
3. വന്ദേമാതരം ദേശവിരുദ്ധമാണ്.

**വന്ദേമാതരവും മതവും**

ഇതൊരു മതപരമായ ഗാനമാണെന്നു പറയാൻ കാരണം വന്ദേമാതരത്തിന്റെ ആദ്യപകുതി മാതൃഭൂമിയെ പ്രകീർത്തിക്കലും രണ്ടാം പകുതി ദുർഗ്ഗയെ സ്തുതിക്കലുമാണ്. അതായത് മാതൃഭൂമിയുടെ പ്രതിരൂപമാണ് ദുർഗ്ഗയും സരസ്വതിയും ലക്ഷിമിയുമെന്ന് ഈ ഭാഗത്തിൽ വർണ്ണിക്കുന്നു.

'ആനന്ദമഠം' എന്ന നോവലിൽ സന്താനസേന വികാരോജ്ജ്വലമായി പാടി നടക്കുന്ന ഗാനമാണ് വന്ദേമാതരം. ആ സന്താനസേനയുടെ മാതാവ് ഭഗവതി, സരസ്വതി, സംഹാരരുദ്ര, മഹാലക്ഷ്മി, കാളി തുടങ്ങിയവ ദുർഗ്ഗയുടെ പ്രതിരൂപങ്ങളാണ്. ഈ രൂപങ്ങളാണ് തങ്ങ

ളുടെ മാതാവെന്നും ആ അമ്മയെ വന്ദിക്കുന്നതിനു വേണ്ടി വന്ദേമാതരം പാടിക്കൊണ്ടു നടക്കൂ എന്നും അവർ പറയുന്ന സന്ദർഭമുണ്ട്. ആ ഭാഗം ചുവടെ ചേർക്കുന്നു.

'കാട്ടിനുള്ളിലെ സങ്കേതമായ ആനന്ദമഠത്തിലെ വിഗ്രഹം കണ്ടപ്പോൾ മഹേന്ദ്രനോട് സത്യാനന്ദസ്വാമികൾ ചോദിച്ചു-'

'കണ്ടുവോ?'

വിഗ്രഹം കണ്ടു. ശംഖചക്ര ഗദാപത്മ കൗസ്തുഭ ധാരിയായ ചതുർഭുജ മൂർത്തി. എതിരെ ശോഭ ചിതറിക്കൊണ്ട് സുദർശനചക്രം തിരിയുന്നു. തൊട്ടപ്പുറത്ത് തല വെട്ടിക്കളഞ്ഞ രണ്ടു അസുരന്മാരുടെ - മധു കൈടഭന്മാരുടെ ചോരയൊഴുകുന്ന രൂപം വരച്ചു വച്ചിരിയ്ക്കുന്നു. ഇടതു ഭാഗത്ത് താമരപ്പൂമാലയണിഞ്ഞ് ശ്രീ ഭഗവതി. വലത്ത് വീണയും ഗ്രന്ഥവുമേന്തിയ സരസ്വതീദേവി. ഭഗവാന്റെ മടിയിൽ മോഹിനിയും സർവ്വാംഗസുന്ദരിയുമായ ഭഗവതി. ആ ദിവ്യ സ്വരൂപിണിയെ ദേവന്മാരും യക്ഷന്മാരും കിന്നരന്മാരും ചുറ്റും നിന്ന് ആരാധിക്കുന്നുണ്ട്.

'അതാരാണ്?'

'അമ്മ. ഞങ്ങളുടെ അമ്മ. സന്താനങ്ങളുടെ മാതാവ്. സമയമാകുമ്പോൾ നീ അതേപ്പറ്റി അറിയും. പോരൂ വന്ദേമാതരം പാടിക്കൊണ്ട് നടക്കൂ.' സ്വാമികൾ പറഞ്ഞു.

സ്വാമികൾ മുന്നോട്ടു നടന്നു. മഹേന്ദ്രൻ പിന്തുടർന്നു. അവർ മറ്റൊരു മണ്ഡപത്തിനടുത്തെത്തി. മഹേന്ദ്രൻ ചോദിച്ചു. 'ഇതാരാണ്?'

'മാതാവ് പൂർവ്വ സ്ഥിതിയിൽ'

സ്വാമികൾ പറഞ്ഞുകൊടുത്തു. 'ഇതു ദേവിയാണ്. പണ്ട് സിംഹം, ആന മുതലായ കാട്ടുമൃഗങ്ങളെ നശിപ്പിച്ചു. ഭൂമിയെ പരിശുദ്ധയാക്കിയ ദേവീസ്വരൂപം ഇങ്ങനെയായിരുന്നു. സംഹാര രുദ്രന്റെ മിഴിയിൽ നിവസിക്കുന്ന ദേവി ഇടത്ത്, ഭാഗ്യദേവതയായ മഹാലക്ഷ്മി, വലത്ത് വിദ്യാദേവതയായ സരസ്വതി, സമീപത്ത് പരാക്രമിയാം സുബ്രഹ്മണ്യൻ.'

സ്വാമികൾ പറഞ്ഞു. 'ഈ മൂർത്തി നമ്മുടെ മാതൃബിംബമാകുന്നു. ദേവിയുടെ പത്തുകരങ്ങൾ പത്തുദിക്കിലും പരന്നിരിക്കുന്നു. ദേവിയുടെ കാല്ക്കൽ അഭയം തേടുന്ന വീരന്മാർ ശത്രുസംഹാരത്തിന് സമർത്ഥരായിത്തീരുന്നു. പിന്നെ അവർ ഇരുട്ടു നിറഞ്ഞ ഒരു ഗുഹയിലേക്ക് കടന്നു. 'വരൂ' ബ്രഹ്മചാരി പറഞ്ഞു. മഹേന്ദ്രൻ ഭയത്തോടെ അനുഗമിച്ചു.

എങ്ങുനിന്നോ മങ്ങിയ വെളിച്ചം ഗുഹയിലെത്തി. ആ വെളിച്ചത്തിൽ കാളീവിഗ്രഹം ദൃശ്യമായി. 'അയ്യോ കാളി' മഹേന്ദ്രൻ നിലവിളിച്ചു

പോയി.

'ഇതും ദേവി തന്നെ. നമ്മുടെ മാതാവ്. വരൂ.....' സ്വാമികൾ നടന്നു. കരിങ്കല്ലുകൊണ്ടു പടുത്തുയർത്തിയ മറ്റൊരു ദേവാലയത്തിനുള്ളിലേക്കുള്ള മാർഗ്ഗമായിരുന്നു ആ ഗുഹ. നമുക്കു മാതൃപൂജ നടത്താം എന്നു പറഞ്ഞുകൊണ്ട് സ്വാമികൾ പ്രാർത്ഥിച്ചു.

'സർവ്വ മംഗള മംഗല്ല്യേ
ശിവേ സർവ്വാർത്ഥ സാധികേ
ശരണ്യേ ത്ര്യംബകേ ദേവി
നാരായണീ നമോസ്തുതേ!'

(ആനന്ദമഠം പുനരാഖ്യാനം- പാലക്കീഴ് നാരായണൻ പേജ് - 36, 37)

ചുരുക്കത്തിൽ വന്ദേമാതരം ദുർഗ്ഗാസ്തുതി അല്ലെന്നു പറയാൻ കഴിയില്ല. ഇക്കാരണത്താൽ ഇതൊരു മതപരമായ ഗാനമാണ്.

**വന്ദേമാതരവും വർഗ്ഗീയതയും**

വന്ദേമാതരം വർഗ്ഗീയമാണെന്നു പറയുവാനുള്ള കാരണങ്ങൾ ചുവടെ വിവരിക്കുന്നു.

1882 ലാണ് ആനന്ദമഠം പ്രസിദ്ധപ്പെടുത്തുന്നത്. അതിനും നൂറു വർഷം മുമ്പ് ബംഗാളിൽ നടന്ന ചില സംഭവങ്ങളുടെ പശ്ചാത്തലത്തിൽ രചിക്കപ്പെട്ട നോവലാണ് ആനന്ദമഠം.

പ്ലാസി യുദ്ധത്തിൽ സിറാജ്ദൗളയെ പരാജയപ്പെടുത്തുകയും മിർജാഫർ ബംഗാൾ നവാബായിത്തീരുകയും ചെയ്തു. ഈ കാലഘട്ടത്തിൽ മുസ്ലീം ഭരണത്തിനെതിരെ ഹിന്ദു വിരോധമുള്ള വൈഷ്ണവ സന്യാസിമാർ കലാപത്തിന് നേതൃത്വം കൊടുത്തു. കലാപത്തിന് നേതൃത്വം കൊടുത്തത് സന്യാസിമാരായിരുന്നതിനാൽ ഈ കലാപത്തിന് സന്യാസി കലാപം എന്നു വെള്ളക്കാർ പേരിട്ടു. ഈ സന്യാസി കലാപമാണ് ആനന്ദമഠത്തിന്റെ പശ്ചാത്തലം.

ഈ ചരിത്ര സംഭവത്തെ നോവലിൽ നവാബിനെ പുറത്താക്കാൻ ഹൈന്ദവ യുവത്വം സന്യാസി വേഷത്തിൽ കാട്ടിനുള്ളിൽ സന്താന സേന രൂപീകരിച്ചു പ്രവർത്തിച്ചതായി പറയുന്നു. അന്ന് അവർക്ക് ആവേശവും ശക്തിയും പകർന്നത് വന്ദേമാതരമായിരുന്നു. വൈഷ്ണവമതക്കാരായിരുന്നു സന്താനർ. ശത്രു സംഹാരിയായ വിഷ്ണുവായിരുന്നു അവരുടെ ദൈവം. വിഷ്ണുനാമത്താൽ സത്യപ്രതിജ്ഞ ചെയ്തു അംഗമാവുകയും വിഷ്ണുവിനെ അവർ ആരാധിക്കുകയും ചെയ്തി

രുന്നു. ആ പ്രസക്ത ഭാഗങ്ങൾ നോവലിൽ പരാമർശിക്കുന്നുണ്ട്. ആ ഭാഗം ചുവടെ ചേർക്കുന്നു.

'അവർ (സന്താനങ്ങൾ) വൈഷ്ണവമതക്കാരായിരുന്നു. ചൈതന്യന്റെ ലോകമതല്ല ഇത്. ലോകരക്ഷകനായ വിഷ്ണുവാണ് സന്താനങ്ങളുടെ ദൈവം. എപ്പോഴെപ്പോൾ അധർമ്മത്തിന് മേൽക്കോയ്മ ലഭിക്കുന്നുവോ അപ്പോൾ അവതാരങ്ങൾ സ്വീകരിച്ച് ദുഷ്ടന്മാരെ നിഗ്രഹിക്കുന്നുവനാണ് വിഷ്ണു. അതിനാൽ സന്താനങ്ങൾ അഹിംസാവ്രതക്കാരല്ല. ചൈതന്യമതക്കാരുടെ വിഷ്ണു ശക്തിസ്വരൂപനാണ്. നമുക്ക് രാജ്യഭരണം നേടുവാൻ ആഗ്രഹമില്ല. ദൈവവിരോധികളായ ശത്രുക്കളുടെ വംശനാശമാണ് നമ്മുടെ ലക്ഷ്യം. (ആനന്ദമഠം പേജ് 71)

സന്താന സംഘത്തിൽ അംഗമാകുന്നതിനുള്ള പ്രതിജ്ഞയുണ്ട്. 'വിഷ്ണു ഭഗവാന്റെ' മുന്നിൽ വെച്ചു വേണം പ്രതിജ്ഞയെടുക്കേണ്ടത്. പ്രതിജ്ഞ ഇപ്രകാരമാണ്–

'വിഷ്ണുവിന്റെ നാമത്തിൽ പ്രതിജ്ഞ ചെയ്യുന്നു. അച്ഛനമ്മമാരെയും, ഭാര്യ പുത്രാദികളേയും ഞാൻ ഇതിനാൽ ഉപേക്ഷിക്കുന്നു. കാമവികാരത്തിന് വഴങ്ങുകയില്ല. സമ്പാദിക്കുന്ന സ്വത്തുമുഴുവൻ സന്താനസംഘത്തിന് സമർപ്പിച്ചുകൊള്ളാം. സന്താനധർമ്മം രക്ഷിക്കാനായി ആയുധമെടുത്ത് അടരാടാൻ ഒരുക്കമാണ്. എന്തു വന്നാലും യുദ്ധക്കളത്തിൽ പിന്മാറുകയില്ല.'

(ആനന്ദമഠം, പുനരാഖ്യാനം പാലക്കീഴ് നാരായണൻ പേജ് 72)

ഈ സന്താനസേന വളർന്നതോടുകൂടി നവാബിന്റെ ആൾക്കാരുമായി സന്താനസേനയ്ക്ക് ഏറ്റുമുട്ടേണ്ടി വന്നു. പല സന്ദർഭങ്ങളിൽ യുദ്ധം നടന്നുവെങ്കിലും നവാബിന്റെ പട്ടാളം അവസാനം സന്താനസേനയ്ക്കു മുന്നിൽ മുട്ടുകുത്തേണ്ടിവന്നു. തുടർന്ന് അവർ വിജയാഹ്ളാദം നടത്തി.

'ഹരേ മുരാരേ ജയ ജഗദീശ ഹരേ..........' എന്നും 'വന്ദേമാതരമെന്നും വിളിച്ചു പാടി. അപ്പോൾ ശത്രു പക്ഷക്കാരാണെന്നു തോന്നിയവരെ കഠിനമായി മർദ്ദിക്കുകയും ബലമായി പിടിച്ചു വന്ദേമാതരം പാടിപ്പിക്കുകയും ചെയ്തു. തുടർന്ന് അഹിന്ദുക്കൾ പോലും ഭസ്മവും ചന്ദനവും പൂശാനും ഹരിനാമകീർത്തനം പാടാനും നിർബന്ധിതരായി.

ചുരുക്കത്തിൽ മുസ്ലിംങ്ങൾക്കു മാത്രമല്ല അഹിന്ദുക്കൾക്കും ശത്രുക്കളെന്നു തോന്നിയവർക്കും വന്ദേമാതരം വിനയായി. ഇക്കാര

ണത്താലാണ് അഹിന്ദുക്കളെ ഉന്മൂലനം ചെയ്യാൻവേണ്ടി ഉദിച്ച ബോംബാണ് വന്ദേമാതരമെന്ന് പറയേണ്ടി വരുന്നത്.

**വന്ദേമാതരം ദേശീയവിരുദ്ധം**

വന്ദേമാതരം സന്താനസേന ആലപിച്ചത് നവാബിനെ പുറത്താക്കുന്നതിനും ബ്രിട്ടീഷുകാർക്ക് സ്വന്തം രാജ്യത്തിന്റെ അധികാരച്ചുമതല ഏൽപ്പിക്കുന്നതിനും വേണ്ടിയായിരുന്നു. ആ ഭാഗം ആനന്ദമഠത്തിൽ നിന്നും ഉദ്ധരിക്കുന്നു.

'ഏറ്റുമുട്ടലിൽ വിജയിച്ച സന്താനസേന അവസാനം സന്താന സാമ്രാജ്യം സ്ഥാപിക്കുവാൻ തീരുമാനിച്ചു. സത്യാനന്ദസ്വാമികൾ (സമരം നയിച്ചപ്പോൾ) അതിനു തയ്യാറായി. ആനന്ദമഠത്തിലെ വിഷ്ണു ക്ഷേത്രത്തിന്റെ മുഖമണ്ഡപത്തിൽ ധ്യാനനിരതനായി ഇരിക്കുമ്പോൾ തേജോമയമായ വിഗ്രഹത്തോടുകൂടിയ ഒരു മഹാപുരുഷൻ കടന്നു വന്നു. സ്വാമികൾ എഴുന്നേറ്റു നമസ്കരിച്ചു.

'വത്സാ, ഇന്നത്രേ മാഘപൗർണ്ണമി. ആഗതൻ ഘനഗംഭീര സ്വരത്തിൽ പറഞ്ഞു.

സ്വാമികൾ പ്രതിവചിച്ചു.

'പ്രഭോ കല്പിക്കൂ, അടിയൻ ഒരുങ്ങിയിരിക്കുകയാണ്.' നിമിഷാർദ്ധം മൗനിയായിട്ട് അനന്തരം സ്വാമികൾ ചോദിച്ചു.

'എങ്കിലും പ്രഭോ ഒരു സംശയം വിജയത്തിന്റെ മുഹൂർത്തത്തിൽ സനാതന ധർമ്മത്തിന്റെ മഹിമ പ്രകാശിച്ച വേളയിൽ അടിയനെ തിരിച്ചുവിളിക്കുന്നതെന്തിനാണ്?' ആഗതൻ പറഞ്ഞു.

'നാം ലക്ഷ്യം പ്രാപിച്ചിരിക്കുന്നു. ശത്രുപക്ഷാധികാരം അസ്തമിച്ചു. ഇനി നിനക്കൊന്നും കർത്തവ്യമായിട്ടില്ല. വെറുതെ പ്രാണിഹിംസ പാടില്ല.'

സ്വാമികൾ ചോദിച്ചു.

'പക്ഷെ സന്താന സാമ്രാജ്യം സ്ഥാപിച്ചില്ലല്ലോ. കൽക്കത്തയിൽ ആംഗലേയരല്ലേ പ്രബലരായിരിക്കുന്നത്.' ആഗതൻ വ്യക്തമാക്കി.

'സന്താന സാമ്രാജ്യം സ്ഥാപിക്കാൻ സാധ്യമല്ല. അതിന് ശ്രമിച്ചാൽ വൃഥാ ജീവനാശം വരുത്തലാകും ഫലം. അതു തെറ്റാണ്.'

'എങ്കിൽ ആരാണ് ഇനി രാജ്യം ഭരിക്കുക? ശത്രുപക്ഷം വീണ്ടും പ്രബലമാകുമോ? മുസ്ലീംനവാബ് ഭരണാധികാരിയാകുമോ?'

'ഇല്ല. ഇംഗ്ലീഷുകാർ രാജ്യം ഭരിക്കും.'

ആഗതൻ തുടർന്നു ........ ...... ........

'..... ........ ......... നീ കപട മാർഗ്ഗത്തിലൂടെ ധനം സമ്പാദിച്ചു. യുദ്ധത്തിൽ വിജയം നേടി. പാപകർമ്മത്തിൽ നിന്നു പുണ്യഫലം ഉണ്ടാവുകയില്ല. നിന്റെ ബുദ്ധിഭ്രമത്തിന്റെ ദുരന്ത ഫലമാണിത്. ഇന്നല്ലെങ്കിൽ നാളെ രാജ്യത്തിന്റെ സ്ഥിതി ഭദ്രമാകും. അറിവിലും ബലത്തിലും ഈ നാട്ടുകാർ മഹത്വം സമ്പാദിക്കുന്നത് വരെ ആംഗലേയ ഭരണമാണ് ഇവിടെ ഗുണകരം.'

ആ വാക്കുകൾ സ്വാമികളെ അസംതൃപ്തനാക്കിയില്ല. രോഷത്തോടെ അദ്ദേഹം ചോദിച്ചു-

'എങ്കിൽ എന്നെ എന്തിനീ ഘോര യുദ്ധത്തിന് നിയോഗിച്ചു?'

'ഈ യുദ്ധം ആംഗലേയർക്ക് എതിരല്ല. മുസ്ലീം ഭരണകൂടത്തിനെ തറപറ്റിക്കാനാണ്. ആംഗലേയർ രാജ്യഭാരമേൽക്കാൻ കളമൊരുക്കുന്നതിനാണ് ഈ കലാപം. ഈ ഏറ്റുമുട്ടലുണ്ടായില്ലെങ്കിൽ അവർ വെറും വ്യാപാരികളായി മാറി നിൽക്കുമായിരുന്നു. ഇടനിലക്കാരായി കയറി വരാൻ അവരെ പ്രേരിപ്പിക്കുന്നതിനാണ് ഈ യുദ്ധം. വഴിയെ അവർ സർവ്വാധിപത്യത്തിലേക്ക് കയറിക്കൊള്ളും.'

സ്വാമികൾക്ക് അതൊന്നും ഇഷ്ടമായില്ല. കോപം കൊണ്ടു സത്യാനന്ദസ്വാമികളുടെ കണ്ണുകളിൽ തീപ്പൊരികൾ മിന്നി. അദ്ദേഹം അപേക്ഷിച്ചു.

'എനിക്ക് അല്പം കൂടി സമയം അനുവദിക്കൂ. ശത്രുക്കളുടെ രക്തം കൊണ്ട് ഭൂമിയെ സസ്യശാലിനിയാക്കട്ടെ.'

ആഗതൻ ആശ്വസിപ്പിച്ചു.

'ഇനി ശത്രുക്കളില്ല. ആംഗലേയർ യഥാർത്ഥത്തിൽ മിത്രങ്ങളാണ്. വരൂ-എന്റെ കൂടെ വരൂ ഇംഗ്ലീഷുകാരെ യുദ്ധത്തിൽ തോല്പ്പിക്കാനുള്ള ശക്തി ഇപ്പോൾ ഭൂമിയിലാർക്കുമില്ല.'

അസഹ്യമായ വേദനയോടെ ആത്മനിന്ദയോടെ സ്വാമികൾ പറഞ്ഞു.

'ഞാനിനി എങ്ങോട്ടുമില്ല. മാതൃവിഗ്രഹത്തിന് മുന്നിൽ നിന്നുകൊണ്ട് ഞാൻ പ്രാണത്യാഗം ചെയ്യുന്നു' ആഗതൻ സാന്ത്വനിപ്പിച്ചു.

'അരുത് സാഹസത്തിനൊരുങ്ങരുത്.' സാത്വികമായ ബ്രാഹ്മമുഹൂർത്തത്തിൽ മങ്ങി പ്രകാശിക്കുന്ന പൗർണ്ണമി നിലാവിൽ ആ ദിവ്യാത്മാക്കൾ കൈകോർത്തു പിടിച്ചു നടന്നു.

(ആനന്ദമഠം, പുനരാഖ്യാനം, പാലക്കീഴ് നാരായണൻ പേജ് 138, 139, 140)

മാതൃരാജ്യത്തിനുവേണ്ടി മരിക്കാൻ വന്ന ഇവർ ഫലത്തിൽ സ്വന്തം രാജ്യത്തെ സ്വദേശിയുടെ കയ്യിൽ നിന്നും പിടിച്ചെടുത്ത് വിദേശിയായ ബ്രിട്ടീഷുകാർക്ക് സമർപ്പിക്കുകയാണ് ചെയ്തത്.

യഥാർത്ഥത്തിൽ സന്താനസേന വന്ദേമാതരം ഉപയോഗിക്കുന്നത് ഇന്ത്യയിൽ നിന്നും ഇംഗ്ലീഷുകാരെ പുറത്താക്കാനല്ല മറിച്ച് ഇംഗ്ലീഷുകാർക്ക് ഇന്ത്യയിൽ ഭരണം നേടിക്കൊടുക്കുന്നതിനുവേണ്ടിയാണ്. (സന്യാസി സംഘത്തിന്റെ തലവനായ മഹാപുരുഷൻ ഹിമാലയത്തിൽ നിന്നും വന്നു പറയുന്നത് അതാണ്) ഇവരുടെ ശത്രു ബ്രിട്ടീഷുകാരായിരുന്നില്ല . ഹിന്ദുക്കൾ, അവരുടെ ശത്രുക്കളെന്നു കരുതുന്ന മുസ്ലീങ്ങളായിരുന്നു. ഇവർ ആയുധമെടുത്ത സന്യാസിമാരായിരുന്നു. ശത്രുവിനെ ആയുധമെടുത്തു നിഗ്രഹിക്കലായിരുന്നു അവരുടെ ലക്ഷ്യം. അങ്ങനെ മുസ്ലീങ്ങളെ ഭരണത്തിൽ നിന്നു പുറത്താക്കുകയും മാതൃഭൂമിയെ ബ്രിട്ടീഷുകാർക്ക് തീറെഴുതിക്കൊടുക്കുകയും ചെയ്യുന്നതിന് ആവേശം പകർന്ന വന്ദേമാതരം എങ്ങനെ നമ്മുടെ ദേശീയഗാനമാകും സ്വന്തം രാജ്യത്തെ ഒറ്റികൊടുത്തതിലൂടെ ഇവരുടെ രാജ്യസ്നേഹം കപടമാണെന്നു തെളിയുകയും ചെയ്തു.

### വന്ദേമാതരവും മുസ്ലീം എതിർപ്പും

1937-ൽ ലക്നൗവിലും 1938-ൽ കൽക്കത്തയിലും കൂടിയ ലീഗ് സമ്മേളനങ്ങൾ വന്ദേമാതരം ദേശീയ ഗാനമായി ആലപിക്കുന്നതിനെതിരെ വിയോജിപ്പ് പ്രകടിപ്പിക്കുകയും പ്രമേയം പാസാക്കുകയും ചെയ്തിരുന്നു. അതുപോലെ 1909 ഡിസംബർ 30ന് അമൃത്സരസ്സിൽ ചേർന്ന മുസ്ലീം ലീഗ് സമ്മേളനത്തിൽ ശക്തമായ എതിർപ്പുണ്ടായി. അതേ എതിർപ്പ് അടുത്ത കാലത്ത് പാർലമെന്റിലും ഉയരുകയുണ്ടായി. തുടർന്ന് കേരളത്തിലെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ഇ. ടി. മുഹമ്മദ് ബഷീർ പുതിയ ഉത്തരവ് പുറപ്പെടുവിച്ചു. ഏതൊരു വിദ്യാലയത്തിലും ഏതെങ്കിലും ഒരു കുട്ടി വിയോജിക്കുകയാണെങ്കിൽ ആ സ്ക്കൂളിൽ വന്ദേമാതരം ആലപിക്കരുതെന്നായിരുന്നു ഉത്തരവിന്റെ ഉള്ളടക്കം. അപ്രകാരം ചില സ്ക്കൂളുകളിൽ വന്ദേമാതരം ഉപേക്ഷിക്കപ്പെട്ടു.

ഈ എതിർപ്പു വന്നത് ഇതൊരു ദുർഗ്ഗാ സ്തുതിയാണെന്ന ഒറ്റക്കാരണത്താലാണ്. അതിന്റെ വക്താക്കൾ മുസ്ലീങ്ങളുമാണ്. അവരുടെ ആവശ്യം ആ അർത്ഥത്തിൽ ന്യായവുമാണ്. കാരണം ദേവീപൂജയ്ക്കും

ബിംബാരാധനയ്ക്കും എതിരായ മുസ്ലീങ്ങൾ ഈ ഗാനം ആലപിക്കാൻ മതപരമായി അവരെ അനുവദിക്കില്ലല്ലോ.

മുസ്ലീങ്ങളും ക്രിസ്ത്യാനികളും മറ്റു മതവിശ്വാസികളും അവിശ്വാസികളും വന്ദേമാതരം ദേശീയഗാനമായി എങ്ങനെ ആലപിക്കും? ആ വാദങ്ങളും ന്യായമല്ലെ.

എന്നാൽ ബി. ജെ. പി ക്കാരുടെ ആവശ്യം വന്ദേമാതരം ദേശീയ ഗാനമായി തുടരണമെന്നും യാതൊരു കാരണവശാലും ഒഴിവാക്കരുതെന്നുമാണ്. അതിന്റ കാരണം ഹിന്ദുമതതാൽപര്യം സംരക്ഷിക്കുന്നതായ ഒരു ഗാനം അവരെന്തിന് ഒഴിവാക്കണം അതു നിലനിർത്തുകയാണ് അവരുടെ ആവശ്യം.

ഇക്കാര്യത്തിൽ ഇരുകൂട്ടരുടേയും കപടമുഖം വ്യക്തമാക്കുന്നത് മറ്റൊന്നാണ്. ദുർഗ്ഗാസ്തുതിക്ക് പകരം അള്ളാഹുസ്തുതി ആയിരുന്നെങ്കിൽ ബി. ജെ. പി ക്കാർ ബഹളം വയ്ക്കുമായിരുന്നു. മുസ്ലീങ്ങളാകട്ടെ അള്ളാഹു സ്തുതിയായിരുന്നെങ്കിൽ ഗാനം തുടരാൻ ആവശ്യപ്പെടുകയും ചെയ്യുമായിരുന്നു. മറിച്ച് ഒരു മതേതര ഗാനത്തിനു വേണ്ടിയല്ല ഇരുകൂട്ടരും വാദിക്കുന്നത്.

**വന്ദേമാതരവും സ്വാതന്ത്ര്യസമരവും**

1882-ലാണ് 'ആനന്ദമഠം' പ്രസിദ്ധം ചെയ്യുന്നത്. ഇക്കാലം ബ്രിട്ടീഷുകാർക്കെതിരെ ജനങ്ങൾ ചിന്തിച്ചു തുടങ്ങിയിരുന്നു. മുസ്ലീം നവാബിനെ പുറത്താക്കുവാൻ ഹിന്ദു സന്യാസിമാർ ആലപിച്ച വന്ദേമാതരം പുസ്തകത്തിൽ നിന്നും പിന്നീട് പുറത്തുപോയി. സന്യാസിമാർക്ക് പകരം അത് ഹിന്ദു യുവത്വം ഏറ്റുപാടി. പാടിയവർ ഏറെ പേരും കോൺഗ്രസ്സ് രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരായിരുന്നു. ഇക്കൂട്ടർ വന്ദേമാതരത്തിന് പ്രാധാന്യം നൽകി. അതിന്റെ ഫലമായിരുന്നു സ്വാതന്ത്ര്യസമരസേനാനികളിൽ പ്രമുഖനായ അരവിന്ദഘോഷ് 1906ൽ വന്ദേമാതരം എന്ന പേരിൽ ഒരു പത്രം തന്നെ ആരംഭിച്ചത്. ക്രമേണ 1937ൽ കോൺഗ്രസ്സ് വർക്കിംഗ് കമ്മറ്റി വന്ദേമാതരത്തെ ദേശീയ ഗാനമായി അംഗീകരിച്ചു. ഇതറിഞ്ഞ് കോൺഗ്രസ്സുകാരായ മുസ്ലീംങ്ങൾ പ്രതിഷേധിച്ചു. അവർ വന്ദേമാതരം വിളിക്കുന്നതിനു പകരം 'ജീഹാദ്' വിളികൾ നടത്തിത്തുടങ്ങി. (ആർഷരശ്മികൾ, സ്വാമി പരമേശ്വരാനന്ദ, പേജ് 83) വന്ദേമാതരം ദേശീയഗാനമായി പ്രഖ്യാപിച്ചത് കോൺഗ്രസ്സിലെ ഹൈന്ദവ ലോബിയായിരുന്നു. അവരാണ് പിന്നീട് ആർ. എസ്സ്. എസ്സ്., ബി. ജെ. പിയായി മാറുന്നത്. അതു

കൊണ്ട് ഇരുകൂട്ടരും വന്ദേമാതരം അവരുടെ യോഗങ്ങളിൽ മുഴുവ നായും ഇന്ന് ആലപിക്കുന്നു.

**ബങ്കിംചന്ദ്രചാറ്റർജി**

18-ാം നൂറ്റാണ്ടിന്റെ ആരംഭം മുതൽ യുക്തിചിന്തയുടേയും നാസ്തിക ചിന്തകളുടേയും ഈറ്റില്ലമായിരുന്നു ബംഗാൾ. ഇംഗ്ലണ്ടിലുണ്ടായ വ്യവ സായ വിപ്ലവത്തിന്റെ ഫലമായി പല പുത്തൻ ചിന്തകളും അവിടെ ആവിർഭവിച്ചു. ആ ചിന്തകൾ അവർ പിടിച്ചടക്കിയ സാമ്രാജ്യങ്ങളിലും വ്യാപിച്ചു. നാസ്തികചിന്തയും യുക്തിവാദവും അതിൽ പ്രധാ നമായിരുന്നു. ബ്രിട്ടീഷുകാർ ഇന്ത്യ പിടിച്ചടക്കിയപ്പോൾ അന്നവരുടെ തലസ്ഥാനം ബംഗാളി കൽക്കത്തയായിരുന്നു. ഇക്കാരണത്താൽ പല ഇംഗ്ലീഷുകാരും കൽക്കത്ത സന്ദർശിച്ചിരുന്നു. അക്കൂട്ടത്തിൽ ക്രിസ്തു മത പ്രചരണാർത്ഥം പല മിഷനറിമാരും വന്നു. ഇതിനെതിരായി ആശയപ്രചരണം നടത്താൻ സ്ക്കോട്ടുലന്റുകാരനായ ഡേവിഡ് ഡ്രമ്മനും കൽക്കത്തയിലെത്തി. അവർ സെക്യുലർസ്ക്കൂളും സെക്യു ലർ അക്കാദമിയും സ്ഥാപിച്ചു പ്രവർത്തിക്കുകയുമുണ്ടായി. ഇവിടെ പഠിച്ചവരിൽ പ്രമുഖനായിരുന്ന ഹെൻട്രിവിവിയർ ഡെറോസിയോ. മിശ്രവിവാഹ ദമ്പതികളുടെ പുത്രനായി ജനിച്ച അദ്ദേഹം 1829-ൽ യംഗ് ബംഗാൾ മൂവ്മെന്റ് എന്നൊരു സംഘടന ഉണ്ടാക്കി അന്ധവി ശ്വാസങ്ങൾക്കെതിരെ പ്രവർത്തിച്ചു. അക്കാലത്ത് ബംഗാളിൽ കോളറ പടന്നു പിടിച്ചു. ദുർഗ്ഗയുടെ കോപം മൂലമാണ് കോളറ ബാധിക്കുന്ന തെന്നായിരുന്നു വിശ്വാസം. ഈ അന്ധവിശ്വാസത്തിനെതിരെ ഡെറേ സിയോയും സുഹൃത്തുക്കളും പ്രവർത്തിച്ചു. അവസാനം കോളറ ബാധിച്ച് അദ്ദേഹം മരണമടഞ്ഞു.

ഇത്രയും പറഞ്ഞത് ബങ്കിംചന്ദ്രചാറ്റർജി ആരായിരുന്നുവെന്നു വിശദീകരിക്കാൻ വേണ്ടിയാണ്. ബംഗാളിൽ യുക്തിവാദത്തിനും നാസ്തിക ചിന്തക്കും ഇത്രയേറെ അടിവേരുകളുണ്ടായിരുന്ന സ്ഥലത്ത് പുരോഗമന ആശയങ്ങളുടെ ഒരു വാഹകനാവാതെ പഴഞ്ചൻ വിശ്വാ സങ്ങളുടെ കഴുതപ്പുറത്ത് സഞ്ചരിച്ച ഒരാളായിരുന്നു ബങ്കിംചന്ദ്രൻ. ബങ്കിംചന്ദ്രൻ മതവിശ്വാസിയും വർഗ്ഗീയവാദിയുമായിരുന്നു.

കേന്ദ്രസാഹിത്യ അക്കാദമി പ്രസിദ്ധീകരിച്ച 'ബങ്കിംചന്ദ്രചാറ്റർജി' എന്ന ജീവചരിത്രത്തിൽ എസ്സ്. സി. ഗുപ്ത പറയുന്നു.

'ബങ്കിംചന്ദ്രൻ ആസ്തികനായിരുന്നു. ഈശ്വരവിശ്വാസത്തെ അംഗീ കരിക്കാതെ ഒരു ചർച്ചയും വാദപ്രതിവാദവും സാധ്യമല്ലെന്നതാണ്

അദ്ദേഹത്തിന്റെ നിലപാട്. ഈശ്വരനോട് ബന്ധപ്പെടുത്തി വേണം എല്ലാ കർമ്മങ്ങളും നിശ്ചയിക്കാൻ. ഭക്തിയുടെ പ്രേരണയില്ലാത്തതോ, മതപരമായ സമർപ്പണബോധമില്ലാത്തതോ ആയ ജീവത്യാഗം പോലും അംഗീകരിക്കാൻ വയ്യ. ഈശ്വരൻ പ്രപഞ്ചത്തിലാകെ നിറഞ്ഞു നില്ക്കുന്നുവെന്നും അദ്ദേഹം എല്ലാറ്റിന്റെയും നിരീക്ഷകനും വിധികർത്താവുമാണെന്നും വിശ്വസിക്കാതെ നമ്മുടെ കർമ്മങ്ങൾ നിസ്വാർത്ഥമാകില്ല. നമുക്ക് മീതെ ഈശ്വരനുണ്ടെന്നു കരുതാതെ ലോകത്തിലെ ഒന്നും ശരിയാകില്ല.'

(ബങ്കിംചന്ദ്രചാറ്റർജി. എസ്സ്. സി. ഗുപ്താ പേജ്-20)

തികച്ചും മതവിശ്വാസിയായ ഒരെഴുത്തുകാരനാണ് ബങ്കിംചന്ദ്രൻ. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ പ്രധാന കൃതികളിലെല്ലാം ഹിന്ദു ദേവതകൾക്ക് പ്രഥമ സ്ഥാനമാണ് നൽകിയിട്ടുള്ളത്. പ്രപഞ്ചത്തിലുള്ളതെന്തിനേയും അദ്ദേഹം ഈശ്വരനായി കണ്ടു. അതിന്റെ ഫലമായാണ് മാതൃഭൂമിയെ അദ്ദേഹം ദുർഗ്ഗയായി സങ്കല്പിച്ചത്.

**വന്ദേമാതരം ആലപിക്കാമോ?**

വന്ദേമാതരം എന്ന ഗാനം ഒരു ദുർഗ്ഗാ സ്തുതിയാണ്. അതിലുപരി ഹൈന്ദവ അധികാരം സ്ഥാപിക്കുന്നതിനുവേണ്ടി മുസ്ലീം അധികാരത്തേയും മുസ്ലീങ്ങളേയും ഉന്മൂലം ചെയ്ത ഗാനമാണ്. ഇക്കാരണത്താൽ വന്ദേമാതരം ഇന്ത്യയുടെ ദേശീയഗാനമായി ആലപിക്കാൻ അയോഗ്യമാണ്. വന്ദേമാതരത്തിൽ നിന്നും ദുർഗ്ഗാസ്തുതി ഭാഗം അടർത്തിമാറ്റിയാലും ഈ ഗാനം മറ്റു രണ്ടു കാരണങ്ങളാൽ അസ്വീകാര്യമാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരങ്ങളിൽ ആലപിച്ചതുകൊണ്ട് നൂറുശതമാനവും സ്വീകാര്യമല്ല. കാരണം നവാബിനെ പുറത്താക്കാൻ ആലപിച്ച സന്യാസിമാരിൽ നിന്നും വന്ദേമാതരം ബംഗാളിലെ യുവ ഹൈന്ദവ തലമുറയിൽ ചെന്നുപെടുന്നു. അതുവഴി കോൺഗ്രസ്സിലെ ഹൈന്ദവ ലോബിയും ഏറ്റുപാടുന്നു. ഒപ്പം ചില സ്വാതന്ത്ര്യ പ്രേമികളും. ഇതിൽ ഹൈന്ദവ ലോബി ബോധപൂർവ്വവും സ്വാതന്ത്ര്യ പ്രേമികൾ അബോധപൂർവ്വവുമാണ് പാടുന്നത്. സ്വാതന്ത്ര്യ പ്രേമികൾ വന്ദേമാതരത്തിന്റെ ചരിത്രമറിയാവുന്നവരല്ല. അതുകൊണ്ട് സ്വാതന്ത്ര്യസമരഗാനമെന്ന നിലയിൽ വന്ദേമാതരം യോഗ്യമല്ല. ഒരിക്കൽ വിദേശാധിപത്യം അരക്കിട്ടുറപ്പിക്കുവാനും മറ്റൊരവസരത്തിൽ അതുപേക്ഷിക്കുവാനും വന്ദേമാതരം ഉപയോഗിക്കപ്പെട്ടു. സ്വാതന്ത്ര്യസമരത്തിന്റെ

വന്ദേമാതരം ഉപയോഗിക്കപ്പെട്ടത് ബോധപൂർവ്വമല്ല. ചുരുക്കത്തിൽ സ്വാതന്ത്ര്യസമരകാലത്ത് കോൺഗ്രസ്സിൽ മുസ്ലീം വിരോധം സമ്പാദിക്കുന്നതിനും, ഇന്ത്യാ വിഭജനത്തിന് കളമൊരുക്കുന്നതിനും വന്ദേമാതരം ഒരു ഘടകമായിരുന്നു. ഇക്കാരണങ്ങൾകൊണ്ട് വന്ദേമാതരം ആലപിക്കാമോ? ●

# യേശുദാസ് ദിവ്യഗായകനോ?

ആസ്ഥാനഗായകനും ഗാനഗന്ധർവ്വനുമായ യേശുദാസ് അടുത്തകാലത്ത് തന്റെ കഴിവിനെകുറിച്ചു ചില അഭിപ്രായങ്ങൾ പറയുകയുണ്ടായി. ആ അഭിപ്രായങ്ങൾ ചുവടെ ചേർക്കുന്നു.

"ഞാനീ ചെയ്യുന്നതെല്ലാം ദൈവേച്ഛ. പരബ്രഹ്മത്തിന്റെ നിയോഗം അനുസരിക്കുന്നു. അത്ര മാത്രം. ശബ്ദം പോലും ദൈവദത്തം. അജ്ഞാതമായ ഒരു ശക്തി പറയുന്നു-ദാസ് പാടൂ, ഞാൻ പാടുന്നു.

അച്ഛൻ അഗസ്റ്റ്യൻ ജോസഫ് ഭാഗവതർ ജന്മവാസന കൊണ്ടുമാത്രം ശാസ്ത്രീയ സംഗീതരംഗത്ത് വന്നയാളാണ്. ആ വേദനയും അദ്ദേഹത്തിനുണ്ടായിരുന്നു. വേദനയിലുരുകിയ പ്രാർത്ഥനയുടെ ഫലമാണ് ഞാൻ. മാതാപിതാക്കൾ മനസ്സുരുകി പ്രാർത്ഥിച്ചാൽ അവരുടെ ഇഷ്ടത്തിനനുസരിച്ചുള്ള സന്തതികൾ ഉണ്ടാകുമെന്നു നിശ്ചയം.

ഭക്തിയാണ് സംഗീതത്തിന്റെ ജീവൻ. ഭക്തിയുടെ ശൈലി ദു:ഖമയവും. ഈ ദൈവകൃപയുടെ മഹത്വം ഞാൻ മറക്കാറില്ല. എനിക്കു കിട്ടിയ വരദാനമാണ് എന്റെ ശബ്ദം. ഞാനത് ദൈവകാരുണ്യവും ഗുരുകടാക്ഷവുമായി കാണുന്നു.

### സംഗീതവും അന്ധവിശ്വാസങ്ങളും

യേശുദാസിന്റെ ശബ്ദം മാധുര്യം ഏറിയതാണ്. ക്ലാസിക്കൽ സംഗീതത്തിൽ യേശുദാസ് സമർത്ഥമായ കഴിവു തെളിയിച്ചിട്ടില്ലെങ്കിലും ലളിതഗാന (നാടകം, സിനിമ, റേഡിയോ ഗാനങ്ങൾ തുടങ്ങിയവ) ത്തിൽ കഴിവു തെളിയിച്ചിട്ടുണ്ട്. അതു നമുക്ക് ബോധ്യമുള്ള കാര്യമാണ്.

എന്നാൽ സംഗീതത്തിന്റെ ചരിത്രപരവും ശാസ്ത്രീയവുമായ വിജ്ഞാനശാഖകളിൽ യേശുദാസ് ആരുമല്ലെന്നു തെളിയിക്കുകയാണ് മുകളിൽ ഉദ്ധരിച്ച അഭിപ്രായങ്ങൾ. ഈ അഭിപ്രായങ്ങൾ കേവലം അന്ധവിശ്വാസപരവു

മാണ്. അങ്ങനെ യേശുദാസ് പറയാൻ കാരണമുണ്ട്. ഒരുപക്ഷേ യേശുദാസിനെപ്പോലെ തന്നെ പല സംഗീതജ്ഞൻമാരും ഈ അഭിപ്രായം തന്നെ പറഞ്ഞിട്ടുള്ളതാണ്. സംഗീതലോകത്തെ ആചാര്യൻമാരായ ത്യാഗരാജനും, മുത്തുസ്വാമി ദീക്ഷിതരും, ശ്യാമശാസ്ത്രിയുമൊക്കെ യേശുദാസിനെപ്പോലെ വിശ്വാസികളായിരുന്നു. അങ്ങനെ അവർ അന്ധവിശ്വാസികളാകാൻ കാരണമുണ്ട്. ആരും പഠിച്ചതല്ലേ പാടൂ എന്നൊരു ചൊല്ലുണ്ടല്ലോ അതു മാത്രമാണ്. സംഗീതത്തെക്കുറിച്ചുള്ള പ്രമുഖ ആധികാരിക ഗ്രന്ഥങ്ങളിൽ സംഗീതത്തിന്റെ ഉത്ഭവം ദൈവദത്തമായിട്ടാണ് എഴുതിപ്പിടിപ്പിച്ചിരിക്കുന്നത്. അതു പഠിച്ച യേശുദാസും സംഗീതാചാര്യൻമാരും മറിച്ചൊന്നു പറയാനിടയില്ലല്ലോ. ഗ്രന്ഥങ്ങളിലെ അഭിപ്രായങ്ങൾ തന്നെ നോക്കാം. സംഗീതമുണ്ടായതെങ്ങനെയെന്നു പറയുന്നത് നോക്കൂ.

ശങ്കരം പാർവതീനത്വാ ദുഷ്ട്യാ
പേദം വചോ ബ്രവീത
സംഗീതശാസ്ത്രം ഹേ നാഥ!
മഹ്സം വദ സുഖപ്രദം

പണ്ടൊരിക്കൽ പാർവ്വതി പരമശിവനെ നോക്കി വണങ്ങി. നാഥാ ഈ ലോകത്തിൽ എല്ലാ ജീവരാശികൾക്കും അനുപമമായ ആനന്ദം നൽകുന്ന സംഗീതത്തിന്റെ ശാസ്ത്ര തത്വങ്ങളെപ്പറ്റി എനിക്ക് വിശദമായി പറഞ്ഞു തരുമാറാകണം എന്നു അഭ്യർത്ഥിക്കവേ, പരമശിവൻ ഇപ്രകാരം പറഞ്ഞു.

ശൃണു പാർവ്വതി പൂർവം മേസർവ്വ-ലോകസുഖായ
സദ്യോജാത മുഖാത് പൃഥി ഗാന്ധാരശ്ച സ്വരോഭവത്
പൃഥി വ്യാശ്ചർമ വാദ്യാനി ജാതാനി-തദനന്തരം
വാമദേവ മുഖാ ദാപ: ധൈവ തശ്ച-സ്വരോഭവത്
അദ്ഭ്യോ ജാതാനി ശംഖാദി വാദ്യാനി സുഭഗാനനോ
അഞ്ഞോരാദനല; ഷഡ്ജ, ഋഷഭശ്ചതഥാഭവൻ
ജാതിനിഹൃഗ്നിതോ ലോകേകാം സ്യവാദ്യാനി പാർവതി
തതസ്തത് പുരുഷാദ് വക്രതാദ്വാത:പഞ്ചമ ഏവ ച
തസ്മാദ് വാതാത് സമുത്പന്നം വേണ്വോദ്യം രന്ധ്രവാദ്യകം
ഈശാനാസ്യാന്നിഷാദശ്ച മധ്യമശ്ച-സ്വരസ്തഥാ
ആകാശോപി സമുത്പന്ന തന്ത്രിവദ്യം തതോ, ഭവതാഭവത്

(ഹേ, പാർവതീ, സംഗീത തത്വത്തെപ്പറ്റി പറയാം. ശ്രദ്ധിക്കുക. സകല ലോകങ്ങൾക്കും എളുപ്പം സുഖമുണ്ടാകുന്നതിന് ഞാൻ എന്റെ അഞ്ചു മുഖങ്ങളിൽ നിന്നും പഞ്ചഭൂതങ്ങളേയും സംഗീതത്തിനടിസ്ഥാനമായ സപ്തസ്വരങ്ങളേയും സൃഷ്ടിച്ചു. സദ്യോജാതം എന്ന മുഖത്തിൽ നിന്നു ഭൂമിയേയും ഗാന്ധാരസ്വരത്തേയും സൃഷ്ടിച്ചു. ആ ഭൂമിയിൽ നിന്നു ചർമവാദ്യങ്ങൾ, അതായത് തോൽ ബന്ധിച്ചിട്ടുള്ള, മൃദംഗം പോലുള്ള വാദ്യങ്ങൾ ഉണ്ടായി. പിന്നീട് വാമദേവം എന്ന മുഖത്തിൽ നിന്നു ഞാൻ ജല

ത്തേയും ധൈവത സ്വരത്തേയും സൃഷ്ടിച്ചു. ജലത്തിലിരുന്നു ശംഖുപോലുള്ള വാദ്യങ്ങളുണ്ടായി. അഘോരം എന്ന മുഖത്തിൽ നിന്നു അഗ്നിയേയും ഷഡ്ജം, ഋഷഭം എന്നീ സ്വരങ്ങളേയും സൃഷ്ടിച്ചു. അഗ്നിയിൽ നിന്നു താളം തുടങ്ങിയ കാംസ്യവാദ്യങ്ങൾ (വെങ്കലത്തിലുള്ള വാദ്യങ്ങൾ) ഉണ്ടായി. തത്പുരുഷം എന്ന മുഖത്തുനിന്നു വായുവും പഞ്ചമസ്വരവുമുണ്ടായി. വായുവിൽ നിന്നു കുഴൽ മുതലായ രന്ധ്രവാദ്യങ്ങൾ ഉൽഭവിച്ചു. ഈശാനം എന്ന അഞ്ചാമത്തെ മുഖത്തിൽ നിന്നു ആകാശവും, നിഷാദം, മധ്യമം എന്നീ സ്വരങ്ങളുണ്ടായി. ആകാശത്തിൽ നിന്നു വീണ തുടങ്ങിയ തന്ത്രവാദ്യങ്ങൾ ഉണ്ടായി. ഇങ്ങനെ സംഗീതത്തിനു മൂലകാരണം ഞാൻ തന്നെയെന്നു അറിഞ്ഞുകൊള്ളുക.)

ഇങ്ങനെ ജന്മം കൊണ്ട സംഗീതം ലോകം മുഴുവൻ പ്രചരിച്ചതെങ്ങനെയെന്നു പറയുന്നത് നോക്കൂ.

ഏവം സദാശിവപ്രോക്തം
ശാസ്ത്രം സംഗീതം സംജ്ഞകം ഭരതാദ്യൈസ്തുമുനിഭി:
സർവ്വത്രാഥ പ്രചാരിതം

(അതായത് സംഗീത ശാസ്ത്രത്തെ ശിവനിൽ നിന്നു ഭരതൻ, മഗതൻ മുതലായ മുനീശ്വരൻമാർ ഉപദേശം വാങ്ങി ലോകം മുഴുവൻ പ്രചരിപ്പിച്ചു.)

പൊതുവെ സംഗീതത്തിന്റെ ഉൽപ്പത്തിയെക്കുറിച്ചും പ്രചരണത്തെക്കുറിച്ചുമുള്ള കഥകൾ നാം കണ്ടു. എന്നാൽ സംഗീതത്തിന്റെ ശാസ്ത്രീയ വശം എന്തെന്നു നാം കാണേണ്ടിയിരിക്കുന്നു.

സംഗീതം എങ്ങനെയാണ് ഉണ്ടാകുന്നതെന്നു 'സംഗീത കല്പദ്രുമം' എന്ന ഗ്രന്ഥത്തിൽ ഡോ. എൽ. മുത്തയ്യ ഭാഗവതർ പറയുന്നത് ഇങ്ങനെയാണ്.

സർവ്വലോകോദ് ഭവാത് പൂർവം
യേന വ്യാപ്തം ചരാചരം
നാദാത്മകം തദാകാശം

(ഈ ലോകമെല്ലാം ഉണ്ടാകുന്നതിന് മുമ്പ് ഏതൊരു മഹത്തായ വസ്തുവാണോ സ്ഥാവര ജംഗമമായ ഈ ലോകവും ആകാശവും മുഴുവൻ വ്യാപിച്ചിരിക്കുന്നത്, ഏതാണോ ലോകവ്യവഹാരത്തിന് മൂലകാരണമായിരിക്കുന്നത് അതാണ് നാദം. ആകാശ സംഭവോനാദ എന്നു നാരദൻ പറഞ്ഞിട്ടുള്ളതനുസരിച്ച് ആകാശത്തിൽ നിന്നും ആദ്യമുണ്ടായ വായു നാദത്തിനു ആദികാരണമായ 'സ്' എന്ന ശബ്ദത്തെയുണ്ടാക്കി. ഇതിന് ഉദാഹരണം മൂലം സ്പഷ്ടമാക്കാം. ഒരു പന്തിൽ കാറ്റടിച്ചിട്ട് സൂചി കൊണ്ട് അതിൽ ചെറിയൊരു ദ്വാരമിട്ടാൽ ആ ദ്വാരത്തിൽ കൂടി വെളിയിലേക്ക് കടക്കുന്ന വായു പുറപ്പെടുവിക്കുന്ന ശബ്ദം 'സ്' എന്നതാണെന്നു നമുക്ക് മനസ്സിലാകുന്നു. ഈ 'സ്' എന്ന ശബ്ദത്തോട് 'അ' എന്ന അക്ഷരം ചേർത്ത് ഉച്ചരിച്ചാൽ അത് 'സ' എന്ന അക്ഷരമായി ധ്വനിക്കും. ഇതിനെ ആദ്യാക്ഷരമായി വ്യാകരണ

ശാസ്ത്രത്തിൽ പറയുന്നു.

പാണിനിയ ശിക്ഷ ഗ്രന്ഥത്തിൽ

"ഉദാത്ത നിഷാദ ഗന്ധാരാവനുദാത്താ വൃഷഭ ധൈവതൗ സ്വരിത പ്രഭ വാഹ്യേതേഡ്ജ മധ്യമ പഞ്ചമാ:

എന്നു പറഞ്ഞു കാണുന്ന 'സ' എന്ന അക്ഷരം ആദിശക്തിയായ പരമാത്മാവിന്റെ ബീജാക്ഷരമായി മന്ത്രശാസ്ത്രത്തിൽ പറയുന്നു.

ഈ 'സ' തന്നെയാണ് സംഗീത ശാസ്ത്രത്തിൽ ഷഡ്ജമെന്ന് പറയപ്പെടുന്നത്. ഇത് കണ്ഠം മുതലായ ആറു സ്ഥാനങ്ങളിൽ നിന്നുമുണ്ടാകുന്നതിനാലും രിഗമപധനി എന്ന ആറു സ്വരങ്ങൾക്കും കാരണമാകുന്നതിനാലും ഇതിനു ഷഡ്ജം എന്നു പേർ.

ചുരുക്കത്തിൽ ശബ്ദം തന്നെയാണ് സംഗീതമെന്നു മുത്തയ്യാഭാഗവതർ പറയുന്നു.

സംഗീതം ദൈവദത്തമെന്നു പറയുമ്പോൾ തന്നെ വിശ്വാസിയായ മുത്തയ്യാ ഭാഗവതർ പറയുന്നു ശബ്ദം തന്നെയാണു സംഗീതമെന്നും. ഒരേ സമയം തന്നെ വിശ്വാസികളായ സംഗീതജ്ഞർ വിരുദ്ധങ്ങളായ അഭിപ്രായങ്ങൾ പറയുന്നു. ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. അന്ധവിശ്വാസി സംഗീതം ശിവനിൽ നിന്നുണ്ടായതെന്നു പറയുമ്പോൾ വിശ്വാസിയായ സംഗീതജ്ഞനിലെ ശാസ്ത്രബോധം ശബ്ദം തന്നെയാണ് സംഗീതമെന്നു പറയുന്നു.

## ശബ്ദവും സംഗീതവും

എന്താണ് ശബ്ദവും സംഗീതവും. എളുപ്പത്തിൽ നമുക്കിങ്ങനെ പറയാം. ശ്രവണസുന്ദരമല്ലാത്ത ശബ്ദം വെറും ശബ്ദവും ശ്രവണസുന്ദരമായ ശബ്ദം സംഗീതവും. ഉദാഹരണത്തിന് മരം വെട്ടുന്നതും കല്ലു പൊട്ടിക്കുന്നതും വെറും ശബ്ദമാണ്. ഇതിൽ കലയില്ല. എന്നാൽ കമ്പിയിൽ നഖം കൊണ്ട് മീട്ടുമ്പോഴുള്ള ശബ്ദം, പുല്ലാങ്കുഴൽ, നാഗസ്വരം, ശംഖ് എന്നിവ വായിക്കുമ്പോഴുണ്ടാകുന്ന ശബ്ദം, തോൽ വലിച്ചു കെട്ടിയിട്ടുള്ള മൃദംഗം, പെരുമ്പറ തുടങ്ങിയവയിൽ കൊട്ടുമ്പോഴുണ്ടാകുന്ന ശബ്ദം, ജാലർ, ചേങ്ങില എന്നീ ലോഹ ഉപകരണങ്ങളിൽ തട്ടുമ്പോഴുള്ള ശബ്ദം, മനുഷ്യന്റെ കണ്ഠത്തിൽ നിന്നുണ്ടാകുന്ന മാധുര്യമേറിയ ശബ്ദം എന്നിവ സംഗീതമാണ്.

അങ്ങനെയാണെങ്കിൽ സംഗീതത്തിന്റെ ഉറവിടമായ ശബ്ദം എങ്ങനെയാണ് ഉണ്ടാകുന്നത്.

ജി. അൻഫിലോവ് രചിച്ചതും പി.എസ്. നമ്പൂതിരി വിവർത്തനം ചെയ്തിട്ടുള്ളതുമായ 'ഭൗതികവും സംഗീതവും' എന്ന ഗ്രന്ഥത്തിൽ ശബ്ദമുണ്ടായതെങ്ങനെയെന്നു പറയുന്നത് നോക്കുക. നിങ്ങൾ കൈകൊട്ടുമ്പോൾ

കൈകൾക്കിടയിലെ വായു പെട്ടെന്നൊരു സമ്മർദ്ദത്തിന് വിധേയമാകുന്നു. വായുവിന്റെ ഇലാസ്തികത കാരണം അതു വികസിക്കുകയും തൊട്ടടുത്തു സ്ഥിതി ചെയ്യുന്ന വായുവിനെ അമർത്തുകയും ചെയ്യുന്നു. അങ്ങനെ അമർത്തപ്പെട്ട വായു വികസിക്കുവാൻ ശ്രമിക്കുമ്പോൾ അതിനടുത്തുള്ള വായു അമർത്തപ്പെടുന്നു. അങ്ങനെ അഗോചരമായ ഒരു തരംഗം മുന്നോട്ട് പ്രസരിക്കുവാൻ തുടങ്ങുന്നു. ഈ തരംഗം വായുവിലൂടെ കാതുകളിൽ കർണ പുടത്തിൽ തട്ടുമ്പോൾ ശബ്ദം കേൾക്കുന്ന തോന്നൽ നമുക്കുണ്ടാകുന്നു.

ഇനി മനുഷ്യരിൽനിന്നു എങ്ങനെയാണ് ശബ്ദമുണ്ടാകുന്നതെന്നു നോക്കാം.

മനുഷ്യന്റെ തൊണ്ടയിൽ സ്വനപേടകം (larynz)എന്നൊരു അറയുണ്ട്. ഇതിൽ സ്വനതന്തു എന്ന ഒരു ചരയുണ്ട്. ശ്വാസകോശത്തിൽ നിന്നു വരുന്ന വായു ഇതിൽ തട്ടുമ്പോൾ കമ്പനം ചെയ്യുന്നതിന്റെ ഫലമായി ശബ്ദമുണ്ടാകുന്നു.

**ശബ്ദം എങ്ങനെ സംഗീതമാക്കാം?**

ഒരാളുടെ തൊണ്ടയിൽ പിറക്കുന്ന ശബ്ദം എങ്ങനെ സംഗീതമാക്കാം? മനുഷ്യ മസ്തിഷ്കത്തിൽ പ്രഭാഷണകേന്ദ്രം (Speech Centre) എന്നൊരു ഭാഗമുണ്ട്. ഈ ഭാഗം തൊണ്ട, നാസാദ്വാരം എന്നീ ഭാഗങ്ങളിലൂടെ ശബ്ദത്തെ വേണ്ടതു പോലെ നിയന്ത്രിച്ചു പ്രവഹിപ്പിക്കുന്നു.

അതായതു പാടാൻ കഴിയുന്ന ഒരാൾ ഈ നിയന്ത്രണത്തിലൂടെ പരിശീലനം നേടിയാൽ നല്ലതു പോലെ പാടാൻ കഴിയും.

**ജന്മവാസന**

എന്താണ് ജന്മവാസന? ഒരാൾക്ക് ജനിക്കുമ്പോഴേ പൈതൃകവാസന ഉണ്ടായിരിക്കുക. സംഗീതവുമായി ബന്ധമുള്ള പൈതൃകത്തിന്റെ സന്തതിയാണെങ്കിൽ പാടാനുള്ള കഴിവുമായ് ജനിക്കുക. ഈ കഴിവിനെ വേണ്ടതു പോലെ പോഷിപ്പിച്ചാൽ നല്ല തിളക്കമുണ്ടാകും. അതേ സമയം പോഷിപ്പിച്ചില്ലെങ്കിൽ ആ തിളക്കം നഷ്ടപ്പെടുകയും ചെയ്യും. ഈ ജന്മസിദ്ധമായ കഴിവിനെ പാരമ്പര്യ ഗുണമെന്നു വിളിക്കുന്നു.

ജീവകോശങ്ങളിലെ ന്യൂക്ലിയസിലെ ക്രോമസോമുകളിലെ ജീനുകളാണ് ശാരീരികവും മാനസികവുമായ പാരമ്പര്യഗുണദോഷങ്ങളെ അടുത്ത തലമുറയിലേക്ക് പകർത്തുന്നത്.

മനുഷ്യനിൽ അനേകം സ്വഭാവങ്ങളും വൈകല്യങ്ങളും ഇന്നു കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ചുരുണ്ട മുടി, വർണ്ണമുള്ള തൊലി, ചെമ്പിച്ച തലമുടി, കൂടുതൽ വിരലുകൾ, നീളം കുറഞ്ഞ വിരലുകൾ, മുയൽ ചുണ്ട് തുടങ്ങിയവയും കഷണ്ടി, കുട്ടിനര എന്നിവയും മാതാപിതാക്കളിൽനിന്നും സന്താനങ്ങളിലേക്ക് ലഭിക്കുന്നതാണെന്നു ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. അതുപോലെ ശബ്ദം, സംഗീതം, സംസാരം, ബുദ്ധി തുടങ്ങിയ മാനസിക ഗുണങ്ങളുടെ

പ്രവാഹത്തെക്കുറിച്ചു മനശ്ശാസ്ത്രജ്ഞന്മാരയ ഹാൾട്ടൻ, ടേർമൻ, ഗൊഡാർഡ്, ഗെസൽ തുടങ്ങിയവരും സമ്മതിച്ചിട്ടുണ്ട്.

ഈ ജീനുകൾ മുഖേന ലഭിച്ച ശബ്ദവും സംഗീതശേഷിയുമാണ് യേശുദാസിൽ കാണുന്നത്. ശബ്ദം ദൈവദത്തമാണെന്നും വരദാനമാണെന്നും പറഞ്ഞതും പരബ്രഹ്മ നിയോഗമാണെന്നു പറഞ്ഞതും മാതാപിതാക്കൾ മനസ്സുരുകി പ്രാർത്ഥിച്ചാൽ ഇഷ്ട സന്താനമുണ്ടാകുമെന്നു പറഞ്ഞതും ഭക്തിയുടെ ശൈലി ഈശ്വരകൃപയാണെന്നു പറഞ്ഞതുമൊക്കെ ജീനുകളെക്കുറിച്ചുള്ള യേശുദാസിന്റെ അറിവില്ലായ്മ മൂലമാണ്.

## പാരമ്പര്യവും സാഹചര്യവും

ഒരു വ്യക്തിയുടെ അസാമാന്യവ്യക്തിത്വം പൂർണത പ്രാപിക്കുന്നത് ഉയർന്ന പാരമ്പര്യഗുണവും അനുകൂലമായ സാഹചര്യവും സംഘടിതമായി സമ്മേളിക്കുമ്പോഴാണ്. ജന്മസിദ്ധമായി ഒരാൾക്കുണ്ടായിരുന്ന കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സാഹചര്യങ്ങൾ ഒരാൾക്കു ലഭിച്ചാലേ ആ വാസനയെ പൂർണതയിലെത്തിയ്ക്കാൻ കഴിയൂ.ജന്മവാസനയ്ക്ക് അനുയോജ്യമായി സാഹചര്യ സഹായം ലഭിച്ചില്ലെങ്കിൽ ജന്മസിദ്ധമായ കഴിവു വികസിക്കാതെ മുരടിച്ചുപോകും. അതുപോലെ ജന്മസിദ്ധമായ വാസനയില്ലാത്ത ഒരാളിന് സാഹചര്യം പൂർണത സൃഷ്ടിച്ചാൽ അയാളിൽ വാസന ഉണ്ടായി തുടങ്ങുകയേയുള്ളൂ.

യേശുദാസിന്റെ പിതാവ് അഗസ്റ്റിൻ ജോസഫ് ശബ്ദമാധുര്യമുള്ള നല്ലൊരു നാടകഗായകനായിരുന്നു. യേശുദാസിന് പൈതൃകമായി ലഭിച്ച ഈ പാരമ്പര്യ ഗുണവും യേശുദാസിന്റെ ശ്രമവുമാണു ദാസിനെ നല്ലൊരു പാട്ടുകാരനായി ഉയർത്തിയത്. മറിച്ച് ദൈവത്തിന്റെ വരദാനമല്ല. ഡി. എൻ. എ. യുടെ ഗുണവിശേഷം മാത്രമാണ്. യേശുദാസിന്റെ പിതാവ് സംഗീതവുമായി ഒരു ബന്ധവുമില്ലാത്ത ആളായിരുന്നുവെങ്കിൽ യേശുദാസ് പാട്ടുകാരനാവുകയില്ലായിരുന്നു എന്നതാണുയാഥാർത്ഥ്യം. അതുപോലെ പിതാവിൽ നിന്നും ലഭിച്ച ഈ പാരമ്പര്യ ഗുണം യേശുദാസ് വികസിപ്പിക്കുന്നതിനു വേണ്ടി സംഗീതം അഭ്യസിക്കാൻ തൃപ്പൂണിത്തുറ മ്യൂസിക് അക്കാദമിയിലും തിരുവനന്തപുരം സ്വാതിതിരുനാൾ അക്കാദമിയിലും മറ്റും പോയില്ലായിരുന്നുവെങ്കിൽ യേശുദാസ് ഇതുപോലെ ഒരു പാട്ടുകാരൻ ആവുകയില്ലായിരുന്നു.

ഇക്കാര്യം യേശുദാസ് തന്നെ അറിയാതെ സമ്മതിക്കുന്നുണ്ട്. ശെമ്മാംകുടി ശ്രീനിവാസയ്യർ, ചെമ്പൈ തുടങ്ങിയ സംഗീതാചാര്യന്മാരുടെ ശിഷ്യനാകാൻ ശ്രമിച്ച കഥകളും സംഗീതം അഭ്യസിക്കുന്നതിനുവേണ്ടി സഹിച്ച ത്യാഗങ്ങളും ശബ്ദം നഷ്ടപ്പെടാതിരിക്കാൻ യേശുദാസ് ഇന്നും സശ്രദ്ധം പരിപാലിച്ചു പോരുന്ന കൃത്യനിഷ്ടയുമൊക്കെ ഇതിനുദാഹരണങ്ങളാണ്. യേശുദാസിനു ലഭിച്ച ശബ്ദ മാധുര്യം വരദാനമാണെങ്കിൽ എന്തിനാണ്

ഇങ്ങനെയൊക്കെ കഷ്ടപ്പെട്ടത്? ഇതിൽ നിന്നും ഒരു കാര്യം വ്യക്തമാണ്. യേശുദാസ് ധരിച്ചുവെച്ചിരിക്കുന്നതു പോലെയല്ല യേശുദാസിന്റെ സംഗീത ശേഷിയുടേയും സ്വരമാധുര്യത്തിന്റെയും രഹസ്യം. അതു യേശുദാസ് നടത്തിയ നിരന്തര ശ്രമത്തിന്റെയും പാരമ്പര്യത്തിന്റെയും ഫലം മാത്രമാണ്. അതിനുള്ള മറ്റൊരുതെളിവാണ് ശബ്ദങ്ങൾ പീലിവിടർത്തിയാടുന്ന മനുഷ്യനിർമ്മിതമായ ആധുനിക സംഗീപോകരണങ്ങളായ ഓർഗൺ, സിന്തസൈസർ തുടങ്ങിയവയുടെ പ്രവർത്തനം. ഈ ഉപകരണങ്ങൾക്കു എന്തുവരദാനം ലഭിച്ചിട്ടാണു ശ്രവണസുന്ദരത ഉണ്ടായതെന്നു യേശുദാസ് പറയട്ടെ. വ്യക്തി കഠിനതപം മൂലം ഉത്തുംഗ സ്ഥാനങ്ങളിലെത്തുമ്പോൾ അതു തന്റെ ദൈവത്തിന്റെ ദാനമാണെന്നു പറയുന്നത് ലജ്ജാകരമാണ്.

പരബ്രഹ്മത്തിന്റെ നിയോഗമാണെന്നും, ഏതോ അദൃശ്യശക്തി യേശുദാസിനോട് പാടാൻ പറയുന്നു, ഞാൻ പാടുന്നു എന്നൊക്കെ പറയുമ്പോൾ യേശുദാസിനു ഏതുപാട്ടും പാടുവാൻ കഴിയണ്ടേ. പക്ഷെ യേശുദാസിന് അതു കഴിഞ്ഞിട്ടില്ലെന്നു പ്രമുഖ സംഗീതജ്ഞന്മാർ പറയുകയുണ്ടായി. യേശുദാസ് നാലു കാലത്തിനു മുകളിൽ ഇന്നുവരെ പാടിയിട്ടില്ല. അഞ്ചും ആറും കാലം യേശുദാസിനു ഇന്നും അപ്രാപ്യമാണ്. രാഗാലാപനയിൽ അങ്ങേയറ്റത്തെ പ്രയോഗ വൈദഗ്ദ്യമാണു ശ്രുതി ഭേദം ചെയ്തു രാഗം പാടുക, സ്വരം പാടുക (താളസംബന്ധമായി ഗതിഭേതം ചെയ്യുക) തുടങ്ങിയവ. ഇതൊക്കെ ഇന്നും യേശുദാസിന് അപ്രാപ്യമായ സംഗീതലോകത്തെ കൊടുമുടികളാണ്. കുറെ സ്വരങ്ങൾ പാടുകമാത്രമാണു യേശുദാസ് ഇന്നുവരെ ചെയ്തിട്ടുള്ളത്.

അതേസമയം ഉത്തരേന്ത്യൻ സംഗീതജ്ഞന്മാരായ പർവിൻ സുൽത്താൻ ബഡേഗുലാം അലിഖാൻ തുടങ്ങി മൺമറഞ്ഞ ജി. എൻ. പി ബാലസുബ്രഹ്മണ്യൻ (ദക്ഷിണേന്ത്യൻ സംഗീതജ്ഞൻ) തുടങ്ങിയവർ അപ്രാപ്യമായ ഈ സംഗീത മേഖലകൾ നിഷ്പ്രയാസം കൈകാര്യം ചെയ്യുന്നു.

അപ്പോൾ യേശുദാസ് അവകാശപ്പെടുന്ന പരബ്രഹ്മനിയോഗത്തിനു എന്താണൊരു പ്രസക്തി? തന്റെ താടിയും തൊണ്ടയും ശബ്ദവും ദൈവസൃഷ്ടിയാണെന്നു അവകാശപ്പെടുന്നതിൽ എന്തർത്ഥം? ഈ അവസരത്തിൽ യേശുദാസിന്റെ അന്ധവിശ്വാസപരമായ അഭിപ്രായ പ്രകടനങ്ങൾ സംഗീതത്തെ ആദരിക്കുന്ന ജനകോടികളെ അവഹേളിക്കുകമാത്രമാണു ചെയ്തിരിക്കുന്നത്. ആയതിനാൽ നല്ലൊരു പാട്ടുകാരനായ യേശുദാസ് മതപരമായ അന്ധവിശ്വാസത്തിൽ നിന്നും സംഗീതത്തെ വേർതിരിച്ചു കാണുകയും മതപരമായ അന്ധവിശ്വാസത്തിന്റെ വക്താവാകാതെ യഥാർത്ഥ സംഗീതത്തിന്റെ വക്താവായി മാറണമെന്നും അഭ്യർഥിക്കുന്നു. ●

# മാവേലി കേരളീയനല്ല

"മാവേലി നാടുവാണീടും കാലം
മാനുഷരെല്ലാരുമൊന്നു പോലെ
ആമോദത്തോടെ വസിക്കും കാലം
ആപത്തങ്ങാർക്കുമൊട്ടില്ലതാനും
കള്ളവുമില്ല ചതിയുമില്ല
എള്ളോളമില്ല പൊളിവചനം
കള്ളപ്പറയും ചെറുനാഴിയും
കള്ളത്തരങ്ങൾ മറ്റൊന്നുമില്ല"

ഈ നാടൻ പാട്ടിന്റെ കർത്താവ് ഇന്നും അജ്ഞാതമാണ്. പക്ഷേ തലമുറകളായി ഈ പാട്ട് നമ്മൾ പഠിക്കുകയും പാടുകയും ചെയ്തു വരുന്നു. ഈ വരികൾ നാം കേൾക്കുമ്പോൾ ഓണത്തിന്റെ വൈകാരികാനുഭൂതി നമ്മളിൽ അറിയാതുണ്ടാവുന്നു. ഒരു സമത്വസുന്ദരമായ ലോകം നഷ്ടപ്പെട്ടതിൽ നാം ദുഃഖിക്കുകയും അങ്ങനെയൊരു നല്ല നാളേയ്ക്കു വേണ്ടി നാം സ്വപ്നം കാണുകയും ചെയ്യുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരമില്ലാത്ത ജാതിമതവർഗീയചിന്തകളില്ലാത്ത ഒരു മാനവിക ലോകം. ആ നഷ്ടവസന്തകാലം സ്മരിക്കുന്നതിനായി ചിങ്ങമാസത്തിൽ നാം ഓണം കൊണ്ടാടുന്നു. ആ നല്ല സങ്കൽപ്പം അങ്ങനെ തന്നെ തുടരട്ടെ.

പക്ഷേ പുരാണം പരിശോധിച്ചാൽ ഈ സങ്കൽപ്പം എങ്ങനെ ഉണ്ടായി എന്ന് നമുക്കൽഭുതം തോന്നും. കാരണം അവിടെ ഇത് വ്യക്തമല്ല. മഹാബലിയെക്കുറിച്ചുള്ള സങ്കൽപ്പങ്ങൾക്ക് വിരുദ്ധമാണ് കാര്യങ്ങൾ. നമുക്ക് പരിശോധിക്കാം.

ബ്രഹ്മാവിന്റെ പൗത്രനും മരീചിയുടെ പുത്രനുമായ കശ്യപ പ്രജാപതിക്ക് ദിതി എന്ന ഭാര്യയിൽ ഉണ്ടായ പുത്രരാണ് ദൈത്യൻമാർ അഥവാ അസുരൻമാർ. ഇവരിൽ ഹിരണ്യാക്ഷൻ, ഹിരണ്യകശിപു, ശുരപത്മാവ്, ഗോമുഖൻ, താരകാസുരൻ, സിംഹവക്ത്രൻ എന്നിവർ പ്രമുഖരായിരുന്നു.

ഹിരണ്യകശിപുവിന് പ്രഹ്ലാദൻ, ഹ്രാദൻ, സംഹ്രാദൻ, അനിഹ്രാദൻ എന്നു നാലു പുത്രൻമാരുണ്ടായിരുന്നു. അവരിൽ പ്രഹ്ലാദന്റെ പുത്രനായിരുന്നു വിരോചനൻ. വിരോചനന്റെ പുത്രനായിരുന്നു മഹാബലി. മഹാബലിക്ക് നിപാതകവചൻമാർ എന്ന പേരിൽ നാലു കോടി അസുരൻമാരും ഉണ്ടായിരുന്നു.

ഒരിക്കൽ ബലി ദേവേന്ദ്രന്റെ സ്വത്ത് മുഴുവൻ അപഹരിച്ചു കൊണ്ടു പോയി. വഴിമധ്യേ അതു സമുദ്രത്തിൽ പതിച്ചു.

ബലിയുടെ ഭരണകാലത്ത് ബ്രാഹ്മണർക്കും ദേവകൾക്കും അവരർഹിക്കുന്ന സുഖസൗകര്യങ്ങൾ നിഷേധിച്ചിരുന്നു. മഹാബലി ബാല്യകാലം മുതൽക്കെ ബ്രാഹ്മണ വിദ്വേഷിയായിരുന്നു (മഹാഭാരതം ശാന്തിപർവ്വം). ബലി ബ്രാഹ്മണരോട് അഹങ്കാരപൂർവ്വമായി പെരുമാറുകയാൽ ലക്ഷ്മീ ദേവി ബലിയെ പരിത്യജിച്ചു. നീ സ്വന്തം രാജ്യത്തിൽ ചാതുർവർണ്ണ്യം പുനഃസ്ഥാപിക്കും (ഹരിവംശം). അവർ വിഷ്ണുവിനെ കണ്ടു സങ്കടം പറഞ്ഞു. വിഷ്ണു വാമനനായി അവതരിച്ചുകൊള്ളാമെന്ന് അവർക്ക് ഉറപ്പു നൽകി. വിഷ്ണു അദിതിയുടെ ഗർഭത്തിൽ ജനിച്ചു. അതോടെ അസുരവംശത്തിനും രാജ്യത്തിനും നാശം തുടങ്ങി. ദൈവമാതാവായ അദിതി അങ്ങനെ വാമനനെ പ്രസവിച്ചു.

ഈ സമയത്ത് നർമദാ നദീതീരത്ത് ബലി ഒരു മഹായജ്ഞം നടത്തുകയായിരുന്നു. വാമനൻ ഒരു മുനികുമാരന്റെ വേഷത്തിൽ വന്നു മൂന്നടി മണ്ണു ചോദിച്ചു. തന്റെ രാജ്യത്തിലുള്ള ഭൃംഗാരകം തുടങ്ങിയ ദേശങ്ങൾ കൊടുക്കാൻ തയ്യാറാണെന്നു ബലി പറഞ്ഞു. പക്ഷേ മുനികുമാരൻ അതിന് തയ്യാറായില്ല. തട്ടിപ്പ് മനസ്സിലാക്കിയ ശുക്രാചാര്യർ ബാലൻ തട്ടിപ്പുകാരനാണെന്ന് ബലിയോട് പറഞ്ഞു. പക്ഷേ ബലി മൂന്നടി മണ്ണ് തന്നെ ദാനം ചെയ്യാൻ തീരുമാനിച്ചു. വാമനൻ സ്ഥലമളക്കാൻ തുടങ്ങിയതോടെ സ്വയം വളർന്നു തുടങ്ങി. ഭയവിഹ്വലരായ അസുരൻമാർ എല്ലാ ആയുധവുമെടുത്ത് വാമനനെ ആക്രമിച്ചു. പക്ഷേ വാമനൻ വളർന്നുകൊണ്ടേയിരുന്നു. അംബരചുംബിയായി വളർന്ന വാമനൻ ഒരു ചുവട് കൊണ്ട് ഭൂമി മുഴുവനും രണ്ടാം ചുവടു കൊണ്ട് സ്വർഗ്ഗം മുഴുവനും അളന്നു. മൂന്നാം ചുവടു കൊണ്ട് ഗത്യന്തരമില്ലാതായപ്പോൾ മാവേലിയെ പാതാളത്തിലേക്ക് ചവിട്ടിതാഴ്ത്തി.

നമ്മുടെ നാടൻ പാട്ടിൽ നിന്നും വ്യത്യസ്തമാണ് പുരാണകഥയെന്നു തെളിയുന്നു.

മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെയല്ലെന്നു പുരാണം പറയുന്നു. സുരൻമാരും അസുരൻമാരും തമ്മിൽ എപ്പോഴും യുദ്ധമായിരുന്നു. മാവേലി തന്നെ ദേവൻമാരുമായി പലപ്പോഴും ഏറ്റുമുട്ടി. ദേവൻമാരെ തോൽപ്പിച്ച മാവേലി ഇന്ദ്രനായി മാറി. ദേവേന്ദ്രന്റെ സ്വത്തു മുഴുവൻ മാവേലി തന്നെ മോഷ്ടിച്ചു കൊണ്ടുപോയി. മാവേലി ബ്രാഹ്മണർക്കും ദേവകൾക്കും തലവേദനയായിരുന്നു. മാവേലിയുടെ ജീവിതാന്ത്യം തന്നെ ചതിയിലായി.

ചുരുക്കത്തിൽ മാവേലിയുടെ ഭരണം ഒരു വർഗ്ഗത്തിനു മാത്രമായിരുന്നു ആനന്ദം. അവർണ്ണനും ഇല്ലായ്മക്കാരനും, സവർണ്ണനും സമ്പന്നനും എതിരായിരുന്നു. ഒരു പക്ഷേ ചൂഷകനായ ദേവേന്ദ്രന്റെ സ്വത്തു മുഴുവൻ പാവങ്ങൾക്ക് കൊടുക്കാൻ വേണ്ടി മാവേലി മോഷ്ടിച്ചതായിരിക്കാം. ജാതി സമ്പ്രദായത്തോട് മാവേലി എതിരായിരുന്നു. മാവേലി എല്ലാ മനുഷ്യരെയും ഒന്നു പോലെ കണ്ടു.

മാവേലി യാദവരാജാവവായിരുന്നതായി ഭാഗവതം ദശമസ്കന്ധത്തിൽ പറയുന്നുണ്ട്. അങ്ങനെയാണെങ്കിൽ സവർണ്ണതക്കെതിരെ ചൂഷണത്തിനെതിരെ പോരാടിയെന്നത് വ്യക്തമാണ്.

നർമ്മദാതീരത്തിരുന്ന് യാഗം നടത്തുകയും ഭൃംഗാരകം തുടങ്ങിയ ദേശങ്ങൾ മുനികുമാരന് നൽകാമെന്നും പറയുമ്പോൾ മാവേലിയുടെ നാട് കേരളമല്ല മധ്യപ്രദേശോ ഗുജറാത്തോ മഹാരാഷ്ട്രയോ ആണെന്നു തെളിയുകയാണ്. 86.7 ശതമാനം മധ്യപ്രദേശിലും 11.5 ശതമാനം ഗുജറാത്തിലും 1.5 ശതമാനം മഹാരാഷ്ട്രയിലുമായി വ്യാപിച്ചു കിടക്കുന്ന നദിയാണ് നർമ്മദ. ഉത്തര ദക്ഷിണേന്ത്യകളെ വേർതിരിച്ചുകൊണ്ടു സത്പുര പർവ്വതത്തിനും വിന്ധ്യാപർവ്വതത്തിനും ഇടയിൽ 98796 ച.കി. നീളത്തിൽ നർമ്മദ ഒഴുകുകയാണ്. ഈ നദിയുടെ ഏതോ തീരത്തിരുന്നാണ് മഹാബലി ഈ യാഗം നടത്തിയത്.

പത്താം നൂറ്റാണ്ടിൽ കമ്പം-ഗൂഡല്ലൂർ ഭാഗത്ത് മാവേലി രാജവംശം നാടു ഭരിച്ചിരുന്നതായി പറയുന്നു. ഒന്നാം നൂറ്റാണ്ടിനും അഞ്ചാം നൂറ്റാണ്ടിനുമിടയിൽ ചേരവംശജനായ മഹാബലി തൃക്കാക്കര കേന്ദ്രമാക്കി കേരളം ഭരിച്ചിരുന്നതായി പറയുന്നു. അഞ്ചാം ശതകത്തിൽ എഴുതപ്പെട്ട 'മധുരക്കൊാഞ്ചി' എന്ന ചെന്തമിഴ് ഗ്രന്ഥത്തിൽ നെടുഞ്ചേഴിയൻ എന്ന പാണ്ഡ്യരാജാവ് മധുരയിൽ ഓണം ആഘോഷിച്ചിരുന്നതായി പറയുന്നു.

ശ്രവണപദത്തിലേക്ക് പ്രവേശിക്കുന്ന സന്യാസിമാർക്കു ബുദ്ധൻ മഞ്ഞപ്പൂക്കളും മഞ്ഞമുണ്ടും നൽകുന്ന ചടങ്ങുണ്ടായിരുന്നു. അതാണ് നമ്മുടെ അത്തപ്പൂക്കളത്തിൽ മഞ്ഞപ്പൂക്കളും കുട്ടികൾ ധരിക്കുന്ന മഞ്ഞമുണ്ടിന്റെയും ഉറവിടമെന്നു പറയുന്നു.

അങ്ങനെയാണെങ്കിൽ ബ്രാഹ്മണ്യത്തിനെതിരെ ഉയർന്ന ബുദ്ധമതം സ്വീകരിച്ചവരാണ് യാദവർ. തെക്കേ ഇന്ത്യയിലേക്ക് ബുദ്ധമതം പ്രചരിച്ചപ്പോൾ മാവേലിയുടെ കഥകളും പ്രചരിച്ചു.

എന്തായാലും മാവേലി ദുരിതമനുഭവിക്കുന്നവന് വേണ്ടി സമരം ചെയ്ത വക്താവാണ്. അങ്ങനെയൊരു ലോകം തന്നെ സൃഷ്ടിച്ചയാളാണ്. എന്നാൽ അദ്ദേഹത്തെ അവസാനം ശത്രുക്കൾ പരാജയപ്പെടുത്തി. തികച്ചും മതരഹിതവും ചൂഷണരഹിതവും മാനവികവുമായ ഒരു സാമ്രാജ്യമായിരുന്നത്രെ മാവേലിയുടെ ലോകം. അവിടെയാണ് മാവേലിപ്പാട്ട് യാഥാർത്ഥ്യമാവുന്നത്. സമത്വസുന്ദരമായ ആ ലോകം യാഥാർത്ഥ്യമാകുന്നതുവരെ നമുക്ക് മാവേലിയുടെ ഓർമ്മകളുമായി മുന്നോട്ടു പോകാം. ●

# ശബരിമല

## ജാതിമതങ്ങൾക്കെതിരെ പോരാടിയ പ്രസ്ഥാനം

**കേ**രളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ ഭക്തജനങ്ങളെ ആകർഷിക്കുന്ന ആദ്ധ്യാത്മിക കേന്ദ്രമായ ശബരിമല ഒരു കാലത്ത് കേരളത്തിലെ ബ്രാഹ്മണരുടെ വിശ്വാസങ്ങളായ വേദവിചാരങ്ങൾക്കും മനുസ്മൃതി നിയമങ്ങൾക്കും ചാതുർവർണ്യ സമ്പ്രദായങ്ങൾക്കും എതിരെ പോരാടിയ ഒരു ഭൗതികവാദ പ്രസ്ഥാനമായിരുന്നു.

ശ്രീനാരായണ ഗുരുവിന്റെ ശിവഗിരി സങ്കൽപം (ഏത് ജാതിയിൽ പിറന്നാലും എല്ലാവരും മനുഷ്യജാതിയാണ്) പോലെയാണ് ശബരിമലയുടെ സങ്കല്പവും.

ഏതു ജാതി മതത്തിൽപ്പെട്ടവർക്കും ശബരിമലയിൽ വരാം. വന്നാൽ എല്ലാവർക്കും അയ്യപ്പൻമാർ അതായത് ബുദ്ധൻമാർ (ശത്രുവിനെക്കുറിച്ച് ബോധമുണ്ടായവർ, തിരിച്ചറിവുണ്ടായവർ) എന്ന് പറഞ്ഞാൽ മനുഷ്യത്വമുള്ള മനുഷ്യർ അഥവാ മാനവികൻമാർ എന്നാണർത്ഥം.

നമ്മൾ മാർക്സിസ്റ്റ് എന്നു പറയുമ്പോലെയാണ് അയ്യപ്പൻ എന്ന ശബ്ദവും. സിദ്ധാർത്ഥ(ബുദ്ധൻ)ന്റെ മാതാവാണ് മായാവതി. മായയുടെ മകനാണ് മായോൻ. മയോനാണ് പിന്നിട് മായോൻ-മായോൻ-നയ്യൻ-നയ്യൻ-അയ്യൻ-അയ്യപ്പൻ(അയ്യൻ+അപ്പൻ) അയ്യപ്പനായി മാറിയത്. മായോൻ ക്ഷേത്രങ്ങൾ ഇന്നും തമിഴ്നാട്ടിലുണ്ട്.

കേരളത്തിലെ എല്ലാ ചണ്ഡാളന്മാ(എല്ലാ അവർണ്ണരും)രുടെയും ആശാകേന്ദ്രമായിരുന്നു ശബരിമല. അതാണ് എല്ലാ ഹരിജനും ഗിരിജനും മറ്റെല്ലാ അവർണ്ണനും കറുത്തവന്റെ നേതാവായ മായോന്റെ നിറമുള്ള കറുത്ത വസ്ത്രവും ധരിച്ച് ശബരിമലയിൽ പോയത്. അയ്യപ്പൻമാർ ഇന്നും ശബരിമലയിൽ അങ്ങനെ പോകുന്നത് അതിന്റെ തുടർച്ചയാണ്.

ബൗദ്ധിക പ്രസ്ഥാനം കേർളത്തിൽ ആരംഭിക്കുന്നത് അശോകന്റെ കാലമായ ബി.സി. മൂന്നാം നൂറ്റാണ്ട് മുതൽക്കാണ്. അന്നാരംഭിച്ച പ്രസ്ഥാനം ഏതാണ്ട് പത്താം ശതകത്തോടെ അസ്തമിക്കുകയുണ്ടായി. എങ്കിലും ഇതിനോടടുത്ത കാലത്ത് ബൗദ്ധിക പ്രസ്ഥാനം കേരളത്തിന്റെ ദക്ഷിണഭാഗത്ത്

സാമ്പത്തികമായും അനുയായികളാലും സമ്പന്നമായി. അന്നു കേരളത്തിന്റെ തലസ്ഥാനം തിരുവനന്തപുരമായിരുന്നില്ല, കൊല്ലമായിരുന്നു. കൊല്ലത്തിന്റെ പടിഞ്ഞാറേ കടൽത്തീരമായ തിരുമുല്ലാവാരത്തിന്റെ അന്നത്തെ പേര് ശ്രീമൂലവാസം എന്നായിരുന്നു. അമ്പലപ്പുഴക്കും തോട്ടപ്പള്ളിയ്ക്കുമിടയിലാണ് ശ്രീമൂലവാസം സ്ഥിതി ചെയ്തിരുന്നതെന്നു ചരിത്രകാരനായ ഇളംകുളം കുഞ്ഞൻപിള്ളയുടെ അഭിപ്രായം ശരിയല്ല. ശ്രീമൂലവാസം ലോപിച്ചാണ് (ശ്രീമൂലവാസം- തിരുമുലവാസം തിരുമുല്ലവാസം-തിരുമുല്ലവാരം) തിരുമുല്ലാവാരം ഉണ്ടായത്. ഈ ഭാഗം ഇന്ന് കടലെടുത്തുകൊണ്ടു പോയി. എങ്കിൽ തന്നെയും ഇന്നും ഇവിടെ അവശേഷിക്കുന്ന വിശ്വാസങ്ങളും ബുദ്ധവിഗ്രഹങ്ങളുള്ള ക്ഷേത്രങ്ങളുമുണ്ട്.

ശബരിമലയിൽ വരുന്നതു പോലെ ജനലക്ഷങ്ങൾ ഇന്നും തിരുമുല്ലവാരത്ത് വരുന്നുണ്ട്. കർക്കിടമാസത്തിൽ കറുത്ത വാവിൻ നാളിൽ പിതൃതർപ്പണത്തിനായിട്ടാണ് അവർ എത്തുന്നത്. ബുദ്ധമതം ദൈവത്തിൽ വിശ്വസിച്ചിരുന്നില്ലെങ്കിലും പുനർജന്മത്തിൽ വിശ്വസിച്ചിരുന്നു. അതുകൊണ്ടാണ് അവർ പിതൃതർപ്പണം ചെയ്തിരുന്നത്.

കരുനാഗപ്പള്ളി, മാവേലിക്കര, കരുമാടി എന്നീ സ്ഥലങ്ങളിൽ നിന്നും കിട്ടിയ ബുദ്ധ വിഗ്രഹങ്ങൾ, ഇണ്ടിളയപ്പൻ ക്ഷേത്രങ്ങൾ, സർപ്പക്കാവുകൾ ഔഷധപരമായ എണ്ണ നൽകുന്ന ക്ഷേത്ര(തകഴി)ങ്ങൾ, കാളകെട്ടും കുതിരകെട്ടുമടങ്ങിയ ഉത്സവങ്ങൾ, സഹ്യപർവ്വതത്തിലെ എട്ടു മലകളിൽ പാർത്തിരുന്ന 8000 ബുദ്ധഭിക്ഷുക്കളെ അരുംകൊല ചെയ്തതിനെ സ്മരിക്കുന്ന കഴുവേറ്റിത്തിരുവിഴാ എന്ന ചടങ്ങ്, വിക്രമാദിത്യവരഗുണന്റെ പാലിയം ചെപ്പേട് തുടങ്ങിയവ കേരളത്തിൽ ബുദ്ധമതത്തിനുണ്ടായിരുന്ന സ്വാധീനം വ്യക്തമാക്കുന്നതാണ്. ഈ പ്രസ്ഥാനം തകരുന്നത് 970 എ.ഡിയിൽ ഹൈന്ദവ തീവ്രവാദത്തിന്റെ ആക്രമണത്തോടുകൂടിയാണ്. പിന്നീട് ശബരിമല പുനരുദ്ധാനം ചെയ്യുന്നത് പന്തളം രാജാക്കന്മാരുടെ ആവിർഭാവത്തോടെയാണ്.

ബ്രാഹ്മണ്യത്തിനെതിരെ മാക്സിയൻ ഭൗതികവാദത്തിന്റെ ചെറുത്തുനിൽപ്പു പോലെ നൂറ്റാണ്ടുകൾക്ക് മുമ്പ് ചെറുത്തു നിന്ന ഭൗതികചിന്താ പ്രസ്ഥാനമായിരുന്നു ബൗദ്ധപ്രസ്ഥാനം. മാർക്സ് വരാതെതന്നെ കേരളത്തിൽ മാർക്സിസം പ്രചരിച്ച പോലെ ബുദ്ധൻ വരാതെതന്നെ ബുദ്ധിസം കേരളത്തിൽ പ്രചരിക്കുകയും അതൊരു വലിയ പ്രസ്ഥാനമായി മാറുകയും ചെയ്തു. മാർക്സിന്റെയും നാരായണഗുരുവിന്റെയും പ്രതിമകൾ നാട്ടിൽ സ്ഥാപിക്കപ്പെട്ടതുപോലെ മതത്തിന്റെ ചൂഷണത്തിനിരയായവർ അവരുടെ മോചനത്തിന്റെയും മാർഗദീപമായി ബുദ്ധവിഹാരങ്ങൾ പണിയുകയും ബുദ്ധനെ പ്രതിഷ്ഠിക്കുകയും ചെയ്തു. പാർട്ടി ഓഫീസ് പോലെ അത് സംഘം ആസ്ഥാനങ്ങളായിരുന്നു. ഈ ആസ്ഥാനങ്ങൾക്ക് പൊതുവായ പേരുണ്ടായിരുന്നു. അത് പള്ളി എന്നായിരുന്നു.

അന്നു കടലോരത്തെ പ്രധാന കേന്ദ്രം ശ്രീമൂലവാസവും മലയോരത്തെ പ്രധാന ആസ്ഥാനം ശബരിമലയുമാകാം.

ഇക്കാരണത്താൽ ശബരിമല ജാതിക്കും മതത്തിനുമെതിരെ മാനവികതയ്ക്കു വേണ്ടി പോരാടിയ ഒരു യുക്തിവാദ കേന്ദ്രമാണെന്നു പുനർവിചിന്തനം ചെയ്യുന്നതിൽ തെറ്റില്ല. ●

# ആരാധനാസ്വാതന്ത്ര്യം എന്ന അബദ്ധം

നവംബർ 12 ക്ഷേത്രപ്രവേശന വിളംബര ദിനമാണ്.1936 നവംബർ 12 നാണ് ശ്രീ ചിത്തിരതിരുനാൾ ബാലരാമവർമ്മ ക്ഷേത്ര പ്രവേശന വിളംബരം നടത്തിയത്.

ഐതിഹാസികമായ ഈ വിളംബരം മഹാരാജാവിന്റെ സന്മനസ് കൊണ്ടുണ്ടായതല്ല, മറിച്ച് അനവധി സമരങ്ങളുടെ അഗ്നി ആളിപ്പടർന്നപ്പോൾ ഗത്യന്തരമില്ലാതെ അവർണ്ണ സമുദായങ്ങൾക്ക് ആരാധന നടത്തുന്നതിന് വേണ്ടി അദ്ദേഹത്തിന് വിളംബരം ചെയ്യേണ്ടി വരികയാണുണ്ടായത്.

ചരിത്രപ്രസിദ്ധമായ ആ സമരങ്ങളിൽ പ്രധാനമാണ് 1878 ൽ ആറാട്ടുപുഴ വേലായുധപണിക്കരുടെ നേതൃത്വത്തിൽ വാരണപ്പള്ളിയിൽ നടത്തിയ ശിവക്ഷേത്രസമരവും 1888 ൽ അരുവിപ്പുറത്ത് ശ്രീനാരായണഗുരു നടത്തിയ ശിവലിംഗപ്രതിഷ്ഠയും 1913 ൽ കെ. ജി. പത്മനാഭന്റെ നേതൃത്വത്തിൽ കടയ്ക്കാവൂർ സുബ്രഹ്മണ്യക്ഷേത്രത്തിൽ നടത്തിയ സമരവും, 1925 ൽ ടി. കെ. മാധവന്റെയും ഇ.വി. രാമസ്വാമി നായ്ക്കരുടെയും നേതൃത്വത്തിൽ നടന്ന വൈക്കം സമരവും, 1931 ലും 36 ലും കേളപ്പന്റെയും എ. കെ. ഗോപാലന്റെയും നേതൃത്വത്തിൽ നടന്ന ഗുരുവായൂർ സമരവും 1936 ൽ സി.വി. കുഞ്ഞിരാമന്റെയും സഹോദരൻ അയ്യപ്പന്റെയും നേതൃത്വത്തിൽ ചങ്ങനാശ്ശേരിയിൽ നടന്ന മതപരിവർത്തനസമരവും.

ഈ സമരങ്ങൾ മൂലം ലഭിച്ച ആരാധനാസ്വാതന്ത്ര്യത്തെ വലിയ വിജയമായി എല്ലാവരും കാണുന്നുവെങ്കിലും യുക്തിവാദപരമായി ചിന്തിക്കുമ്പോൾ ഇതൊരബദ്ധമായിരുന്നുവെന്നു പറയേണ്ടിവരുന്നു.

കാരണം ഈ ക്ഷേത്രപ്രവേശനം അവർണ്ണരായ ബഹുഭൂരിപക്ഷത്തിന് മതവിശ്വാസം വളർത്തിക്കൊടുക്കുന്നതിനും ക്ഷേത്രങ്ങളും ഹിന്ദുമത പ്രസ്ഥാനങ്ങളും വളർത്തുന്നതിനും ജാതിരാഷ്ട്രീയവും വർഗീയതയും ശക്തി പ്രാപിക്കുന്നതിനും സഹായിക്കുക മാത്രമാണ് ചെയ്തത്. ബഹുഭൂരുപക്ഷം വരുന്ന ജനത ക്ഷേത്രങ്ങളിലേക്ക് ഇരച്ചു കയറിയപ്പോൾ അവരുടെ കൈയിലെ ധനം

വിശ്വാസത്തിന്റെ പേരിൽ ക്ഷേത്രങ്ങളിലേയ്ക്ക് സമർപ്പിക്കുവാൻ തുടങ്ങി. അങ്ങനെ ക്ഷേത്രങ്ങൾ മതം ഉപയോഗിച്ച് ചൂഷണം നടത്തുന്ന കേന്ദ്രങ്ങളായും അവർണ്ണ സമുദായം ചൂഷിതരായും മാറി. ഇത് പിന്നോക്ക സമുദായക്കാരുടെയും പട്ടികജാതി പട്ടികവർഗത്തിന്റെയും പുരോഗതിയെ പിന്നോട്ട് വലിച്ചു.

ഈ സ്വാതന്ത്ര്യം നേടാതിരുന്നെങ്കിൽ ഇന്നു കേരളത്തിലെ ക്ഷേത്രങ്ങൾ വിളക്കു കത്തിക്കാൻ കാശില്ലാതെ ബുദ്ധിമുട്ടുകയും ജനം മതരഹിതമായ ഒരു ലോകത്തിലേയ്ക്ക് വളരുകയും ചെയ്യുമായിരുന്നു.

ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി സമരം നയിച്ചവർ ശത്രുവിന്റെ കൈയിലേയ്ക്ക് അവിശ്വാസിയെ പിടിച്ച് കൊടുക്കുകയാണ് ചെയ്തത്. ഈ അബദ്ധത്തിനൊരുമ്പെടാതെ അവിശ്വാസികളായ അവർണ്ണ സമുദായങ്ങളെ ആരാധനാ മനോഭാവത്തിൽ നിന്നും പിന്തിരിപ്പിക്കുകയായിരുന്നു വേണ്ടിയിരുന്നത്. അവരെ മതവിശ്വാസങ്ങളിൽ നിന്നും വിമുക്തരാക്കി മതേതര വീക്ഷണത്തിലേക്ക് തിരിച്ചു നയിക്കുകയായിരുന്നു സ്വീകാര്യം.

ഈ അബദ്ധത്തിൽ നിന്നും കേരള ജനതയെ രക്ഷിക്കേണ്ടിയിരിക്കുന്നു. ഇതിന് നാം ഇനി ചെയ്യേണ്ടത് ആരാധനാ വിരുദ്ധ സ്വാതന്ത്ര്യസമരം നടത്തുകയാണ് വേണ്ടത്. അതിന് നാം ആരാധനയ്ക്ക് പോകുന്ന ജനങ്ങളെ മതത്തിന്റെ പിടിയിൽ നിന്നു സ്വതന്ത്രമാക്കാൻ ആരാധനാ വിരുദ്ധ സ്വാതന്ത്ര്യ സമരങ്ങൾ സംഘടിപ്പിക്കണം. ●

# അരുവിപ്പുറം പ്രതിഷ്ഠ കുഴിച്ചു മൂടുന്നു

**അ**രുവിപ്പുറം പ്രതിഷ്ഠ മലിനപ്പെടുന്നു. 1888 ലാണ് അരുവിപ്പുറത്തു ശിവലിംഗ പ്രതിഷ്ഠ സ്ഥാപിതമാകുന്നത്. ആ സന്ദർഭത്തെക്കുറിച്ചു ചരിത്രകാരൻ ഇങ്ങനെ പറയുന്നു-

"സ്ഥലം മുഴുവൻ വെടിപ്പാക്കി കുരുത്തോലയും മാവിലയും കൊണ്ടു പീഠമായി സങ്കല്പിച്ച പാറയുടെ മീതെ ഒരു പന്തൽ കെട്ടി തോരണങ്ങൾ തൂക്കി. മരോട്ടിക്കായ് മുറിച്ച് അതിന്റെ തോടെടുത്തു എണ്ണ നിറച്ചു വിളക്കുകൾ തയ്യാറാക്കി വരിവരിയായി കുത്തി നിർത്തിയ ഓലമടലുകൾക്കു മുകളിൽ ആ വിളക്കുകൾ ഉറപ്പിച്ചു. പീഠമായി സങ്കൽപിച്ച പാറയുടെ മീതെ ഒരു ചെറിയ പന്തലും നിർമ്മിച്ചു. സന്ധ്യ കഴിഞ്ഞതോടു കൂടി അവർ വിളക്കുകളെല്ലാം തെളിയിച്ചു. നാഗസ്വര വിദ്വാന്മാർ ഗാനാലാപം തുടങ്ങി. ആളുകൾ ധാരാളമായി പ്രവഹിച്ചു തുടങ്ങി.

നേരം പാതിരാത്രിയായി. ധ്യാനത്തിൽ നിന്നുണർന്ന സ്വാമി എഴുന്നേറ്റ് ആറ്റിൻ കരയിലേക്ക് നടന്നു. കൂടെ ഭക്തജനങ്ങളും. ആളുകൾ കണ്ണിമയ്ക്കാതെ നോക്കിനിന്നു. സ്വാമി അതാ ആറ്റിൽ ഉയർന്നു നിൽക്കുന്നു. അദ്ദേഹത്തിന്റെ കൈകളിലുള്ളത് എന്തെന്ന് അവർ കണ്ടു-ശിവലിംഗ വിഗ്രഹം.

വെളുപ്പാൻ കാലത്തു ഏകദേശം മൂന്നു മണിയോടു കൂടി സ്വാമി അഗാധമായ ധ്യാനത്തിൽ നിന്നുണർന്നു അനന്തകോടി നക്ഷത്രങ്ങൾ ആദരപൂർവ്വം നോക്കി നിൽക്കെ ഗുരുസ്വാമി ആ വിഗ്രഹം അവിടെ സജ്ജമാക്കിയിരുന്ന പീഠത്തിൽ പ്രതിഷ്ഠിച്ചു".

(നാരായണ ഗുരുസ്വാമി.
പ്രൊഫ-എം. കെ. സാനു)

ഈ പ്രതിഷ്ഠാ സങ്കല്പത്തിന്റെ ഉദ്ദേശ്യം ക്ഷേത്ര ചുമരുകളിൽ എഴുതി വെച്ചിട്ടുണ്ട്. ജാതിഭേദം മതദ്വേഷം ഏതുമില്ലാതെ സർവ്വരും സോദരത്വേന വാഴുന്ന മാതൃകാസ്ഥാനമാണിതെന്ന്. ഇത് അരുവിപ്പുറം ക്ഷേത്ര പറമ്പ്

മാത്രം ഉദ്ദേശിച്ചെഴുതിയതല്ല. ലോകം മുഴുവൻ ഉദ്ദേശിച്ചു എഴുതിയതാണ്.

ഈ പ്രതിഷ്ഠ ഒരു പ്രതീകമാണ്. എല്ലാ യാഥാസ്ഥിതികതകളെയും വലിച്ചെറിഞ്ഞതായിരുന്നു. ഉദാഹരണത്തിന് നിലവിലുള്ള ക്ഷേത്രങ്ങളുടെ വാസ്തുശില്പ രീതിയിലല്ല ഇതിന്റെ നിർമ്മാണം. ഇതിന് ആരൂഢമോ മേൽക്കൂരയോ ഇല്ല. ഈ ക്ഷേത്രത്തിന്റെ മുഖം കിഴക്കോട്ടല്ല പടിഞ്ഞാറോട്ടാണ്. ബ്രാഹ്മണ പക്ഷക്കാരല്ല ഇതിനു പ്രതിഷ്ഠാകർമ്മം ചെയ്തത്. പിൽക്കാലത്ത് എസ്. എൻ. ഡി. പി. ക്കാർ പെയിന്റടിച്ച ഈഴവശിവനെയല്ല നാം നമ്മുടെ ശിവനെയാണവടെ പ്രതിഷ്ഠിച്ചത്. യഥാർത്ഥത്തിൽ ശിവനോ ശിവലിംഗമോ അല്ല അവിടെ പ്രതിഷ്ഠിച്ചത്. ജാതി സമുദായത്തിനെതിരായുള്ള 'മാനവ' ശിവനെയാണ് പ്രതിഷ്ഠിച്ചത്. അതായത് മാനവനെ. മനുഷ്യത്വമുള്ള മാനവനെ (മനുഷ്യാണാം മനുഷ്യത്വം)അതിനുവേണ്ടി അരുവിയിൽ നിന്നും ഒരു ശില മുങ്ങിത്താണെടുത്തെന്നേയുള്ളൂ. ആ ശിലക്ക് ശിവലിംഗത്തിന്റെ രൂപമുണ്ടായിരുന്നതിനാൽ ഭക്തന്മാർ അതിനെ ശിവലിംഗമായി കണ്ടതാവണം. ഈ ഉദ്ദേശ്യമാണ്അരുവിപ്പുറം പ്രതിഷ്ഠയുടെ പൊരുൾ. .

എന്നാൽ ഇന്ന് ഈ പ്രതിഷ്ഠ മലിനപ്പെട്ടു എന്ന് പറയാൻ കാരണം, കുറേ നാളുകളായി ഈ ശിലാ വിഗ്രഹത്തോടൊപ്പം ഒരു ശിവവിഗ്രഹവും സുബ്രഹ്മണ്യ പ്രതിമയും കടന്നു കൂടിയിട്ടുണ്ട്. ഏതാനും വർഷങ്ങൾക്കു മുമ്പ് ശിവന് മുകളിലായിരുന്നെങ്കിൽ ഇപ്പോൾ പശ്ചാത്തലത്തിലാണ് ഉറപ്പിച്ചിരിക്കുന്നത്. കൂടാതെ ക്ഷേത്രത്തിന്റെ വലത് വശത്തായി ഗണപതിയെ ഇരുത്തുന്നതിനായി മറ്റൊരു ക്ഷേത്രം കൂടി പണിതു കഴിഞ്ഞിരിക്കുന്നു. നാരായണന്റെ മതേതര സമീപനങ്ങളെ മുഴുവൻ ജാതീയവും മതപരവുമായി വൽക്കരിച്ചവർ തന്നെയായിരിക്കണം ഇതിന് പിന്നിലും.

ഇക്കൂട്ടർ പറയുന്നു മുരുകനേയും ഗണപതിയേയും ഗുരു പ്രതിഷ്ഠിച്ചിട്ടുണ്ടെന്ന്. അതുകൊണ്ടിതാകാമെന്ന്.

അങ്ങനെയാണെങ്കിൽ ഇനി കാളിയുടേയും കൃഷ്ണന്റേയും ദേവിയുടേയും വിഗ്രഹങ്ങൾ സ്ഥാപിക്കില്ലെന്നാരുകണ്ടു. ഗുരു മറ്റു ദേവതകളേയും സ്തുതിച്ചിട്ടുണ്ടല്ലോ. ഭക്തന്മാർ വന്നു പറയുന്നു ഗുരു അവരേയും സ്തുതിച്ചിട്ടുണ്ട്. അതുകൊണ്ട് അവരുടേയും വിഗ്രഹങ്ങൾ വിനായകാഷ്ടകം (1884) സുബ്രഹ്മണ്യ കീർത്തനം (1887) ദേവീസ്തവം (1887-97) അർദ്ധനാരീശ്വര സ്തവം (1884) ശ്രീ കൃഷ്ണ ദർശനം, വിഷ്ണ്വഷ്ടകം തുടങ്ങിയ സ്തുതി ഗീതങ്ങൾ... ഇങ്ങനെ പോയാൽ അരുവിപ്പുറം പ്രതിഷ്ഠയുടെ അവസ്ഥ എന്താകും? അരുവിപ്പുറം പ്രതിഷ്ഠ ഇല്ലാതാവുകയും മുപ്പത്തി മുക്കോടി ദൈവങ്ങൾ അവിടെ ആധിപത്യം സ്ഥാപിക്കുകയും ചെയ്യും. അതുകൊണ്ട് ഇത് അനുവദിച്ചു കൂടാ. ഇത് ചെറുക്കപ്പെടേണ്ടതാണ്.

നമുക്കു അരിവിപ്പുറം പ്രതിഷ്ഠ കാത്തുസൂക്ഷിക്കണം. അതിന്റെ പ്രസക്തി അത്ര വലുതാണ്. അരുവിപ്പുറത്ത് അരുവിപ്പുറം പ്രതിഷ്ഠ മാത്രം

മതി. അവിടെ മറ്റു പ്രതിഷ്ഠകളുടെ ആവശ്യമില്ല. മറ്റു പ്രതിഷ്ഠകൾ അരുവിപ്പുറം പ്രതിഷ്ഠയെ ഹനിക്കുന്നതാണ്.

ഗുരു പ്രതിഷ്ഠിച്ച വിഗ്രഹം ഒഴിച്ചു മറ്റെല്ലാ വിഗ്രഹങ്ങളും അരുവിപ്പുറത്തു നിന്നും എടുത്തു മാറ്റണം. അല്ലെങ്കിൽ സോദരത്വേനവാഴുന്ന മാതൃകാസ്ഥാനം ശത്രുക്കൾ താണ്ഡവമാടുന്ന സംഹാര ഭൂമിയായി മാറും.

അതുകൊണ്ട് കേരളത്തിലെ ശ്രീനാരായണനെ സ്നേഹിക്കുന്നവർ സഹോദര്യത്തിനെതിരായി വളരാൻ പോകുന്ന വർഗ്ഗീയതയുടെ ദുർഭൂതങ്ങളെ കിളുന്നിലേ നുള്ളിക്കളയണം മുൻപും പിൻപും തിരിഞ്ഞു നോക്കാതെ. ●

# ദൃഢപ്രതിജ്ഞയുടെ ചരിത്രം

നമ്മുടെ ഭരണഘടനയിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധി അധികാരിയായി മാറുമ്പോൾ ഈശ്വരവിശ്വാസമില്ലാത്ത ഒരാളാണെങ്കിൽ ദൃഢപ്രതിജ്ഞ ചെയ്യാവുന്നതാണ്. ഈശ്വരവിശ്വാസിയാണെങ്കിൽ ദൈവനാമത്തിലും. പ്രതിജ്ഞ ഇങ്ങനെയാണ്. "ക........ഖ........ ആയ ഞാൻ വിശ്വസ്തതയോടെ ഭാരതത്തിന്റെ ......... ഉദ്യോഗം നിർവ്വഹിക്കും. അല്ലെങ്കിൽ ചുമതല നിർവ്വഹിക്കും. എന്നും കഴിവിന്റെ പരമാവധി ഭരണഘടനയും നിയമവും നിലനിർത്തുകയും രക്ഷിക്കുകയും പാലിക്കുകയും ചെയ്യുമെന്നും ഭാരതത്തിലെ ജനങ്ങൾക്ക് സേവനം ചെയ്യുന്നതിനും അവർക്ക് ക്ഷേമം കൈവരുത്തുന്നതിനും സ്വയം അർപ്പിച്ചിരിക്കുന്നുവെന്നും ദൈവനാമത്തിൽ സത്യം (ദൃഢപ്രതിജ്ഞ) ചെയ്യുന്നു."

ഈ പ്രതിജ്ഞയിൽ ദൃഢപ്രതിജ്ഞ എങ്ങനെയാണ് കയറിപ്പറ്റിയത്. അതു ഒരു യുക്തിവാദി നടത്തിയ ധീരമായ സമരത്തിന്റെ ഫലമായിരുന്നു. 1880-88 ലാണ് സംഭവം. ബ്രിട്ടീഷ് പാർലമെന്റിലാണ് സംഭവം നടന്നത്.

1880 ഏപ്രിൽ 2 ന് ബ്രിട്ടീഷ് പാർലമെന്റിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ നോർത്താംപ്ടൺ മണ്ഡലത്തിൽ നിന്ന് ഒരു യുക്തിവാദി തെരഞ്ഞെടുക്കപ്പെട്ടു. ആനിബസന്റിന്റെ പ്രിയപ്പെട്ട സുഹൃത്ത് ചാൾസ് ബ്രാഡ്‌ല. അദ്ദേഹമാണ് ദൃഢപ്രതിജ്ഞയുടെ സൃഷ്ടികർത്താവ്.

തെരഞ്ഞെടുപ്പിന് ശേഷം സത്യപ്രതിജ്ഞാകർമ്മം നടക്കുമ്പോൾ ബ്രാഡ്‌ല ഒരു ആവശ്യം ഉന്നയിച്ചു. ദൈവനാമത്തിലല്ലാതെ ദൃഢപ്രതിജ്ഞ ചെയ്യാൻ തന്നെ അനുവദിക്കണമെന്നായിരുന്നു. അത് സഭയിലൊരു പുതിയ സംഭവമായിരുന്നു. അതു കൊണ്ട് തന്നെ ആ ആവശ്യം നിരസിക്കപ്പെട്ടു. അവസാനം പ്രശ്നം പരിശോധിക്കാൻ ഒരു കമ്മീഷനെ ചുമതലപ്പെടുത്തി. കമ്മീഷൻ ബ്രാഡ്‌ലയ്ക്കെതിരായി റിപ്പോർട്ടു നൽകി. പക്ഷേ ബ്രാഡ്‌ല പിന്തിരിയാൻ തയ്യാറായില്ല. പാർലമെന്റിൽ പ്രമേയം വന്നു. തുടർന്നു മറ്റൊരു

പരിശോധനാസമിതി നിയമിക്കപ്പെട്ടു. സമിതി മുമ്പാകെ ബ്രാഡ്‌ല തന്റെ കാഴ്ചപ്പാട് അവതരിപ്പിച്ചു ശക്തിയുക്തം വാദിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ബ്രാഡ്‌ലയ്ക്ക് അനുകൂലമായി പ്രമേയം പാർലമെന്റിൽ അവതരിപ്പിച്ചു. എന്നാൽ വോട്ടെടുപ്പിൽ പരാജയപ്പെട്ടു. ബ്രാഡ്‌ല വീണ്ടും പാർലമെന്റിനെ സമീപിച്ചു. ബ്രാഡ്‌ല ആദ്യത്തെ പ്രസംഗം നടത്തി. അദ്ധ്യക്ഷൻ ക്ഷോഭിച്ചു. ബ്രാഡ്‌ലയെ പോലീസ് ബലം പ്രയോഗിച്ചു പുറത്താക്കുകയും പാർലമെന്റിന്റെ ക്ലോക്ക് ടവറിൽ തടവുകാരനാക്കുകയും ചെയ്തു.

ഈ അനീതിക്കെതിരെ ആനിബസന്റ് നാഷണൽ റിഫോർമർ എന്ന പത്രത്തിൽ ശക്തിയായി പ്രതിഷേധിച്ചു. നോർത്താംപ്ടനിലെ പുരോഗമനവാദികൾ ഇളകി മറിഞ്ഞു. അവർ നാട്ടിന്റെ നാനാഭാഗങ്ങളിൽ പ്രതിഷേധ പ്രകടനങ്ങൾ നടത്തി.

പിറ്റേ ദിവസം ബ്രാഡ്‌ല തടവിൽ നിന്നും വിമോചിതനായി. ദൃഢപ്രതിജ്ഞ ചെയ്യാൻ അനുവാദവും നൽകി.

എന്നാൽ ദൃഢപ്രതിജ്ഞയുടെ സാധ്യതയെ ചോദ്യം ചെയ്തുകൊണ്ട് കോടതിയിൽ കേസ് വന്നു. അതോടെ ബ്രാഡ്‌ലയുടെ തെരഞ്ഞെടുപ്പ് വിജയം അസാധുവാക്കി. പക്ഷേ ബ്രാഡ്‌ല പരാജയപ്പെടാതെ വീണ്ടും മത്സരിച്ചു. ആ തെരഞ്ഞെടുപ്പിൽ ബ്രാഡ്‌ലയ്ക്ക് വമ്പിച്ച ഭൂരിപക്ഷം ലഭിച്ചു. ജനഹിതം ബ്രാഡ്‌ലക്കു അനുകൂലമായതിനാൽ അംഗീകരിക്കേണ്ടിവന്നു. അതിന്റെ ഫലമായി 1888 ആഗസ്റ്റ് 9 ന് ദൃഢപ്രതിജ്ഞാനിയമം നിലവിൽ വന്നു.

ദേശീയ മതേതര സംഘത്തിലെ അംഗങ്ങൾക്കു യോഗ്യതാ പത്രം വിതരണം ചെയ്യാൻ ബ്രാഡ്‌ല ലണ്ടനിൽ എത്തിച്ചേർന്നു. അദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ വമ്പിച്ച ജനാവലി തടിച്ചു കൂടി. ആ കാലഘട്ടത്തിലെ ഉജ്ജ്വല വാഗ്മിയായിരുന്നു അദ്ദേഹം.

1891 ൽ 58-മത്തെ വയസ്സിൽ അദ്ദേഹം അന്തരിച്ചു. ഇന്ത്യയെ സ്നേഹിക്കുകയും ഇന്ത്യയുടെ സ്വാതന്ത്ര്യത്തിനു വേണ്ടി അദ്ദേഹം വാദിക്കുകയും ചെയ്തിരുന്നു.

# സാനിയ മിർസ ഉയർത്തിയ മതനിഷേധത്തിന്റെ ടെന്നീസ് പന്തുകൾ

ഇന്ത്യൻ ടെന്നീസിന്റെ അഭിമാനമായ സാനിയമിർസക്കെതിരെ ഏതാനും മാസങ്ങൾക്കുമുമ്പ് ഇന്ത്യയിലെ ചില മുസ്ലീം നേതാക്കൾ ചില അഭിപ്രായങ്ങൾ അഴിച്ചുവിടുകയുണ്ടായി.

അതിൽ അവരുടെ പ്രധാന ആവശ്യം സാനിയ മിർസ നഗ്നത മറയ്ക്കണമെന്നായിരുന്നു. ഇസ്ലാമിൽ സ്ത്രീയുടെ നഗ്നതയെന്നുപറഞ്ഞാൽ മുൻകൈയും മുഖവും ഒഴിച്ചുള്ള ഭാഗം എന്നാണ്. പുരുഷന്റെ നഗ്നത എന്നു പറഞ്ഞാൽ പൊക്കിളിനും കാൽ മുട്ടിനും ഇടയിലുള്ള ഭാഗം എന്നാണ്.

പക്ഷെ സാനിയ ഈ മതനേതാക്കളുടെ ഈ ആവശ്യത്തിന് പുല്ലുവില പോലും കൊടുത്തില്ല. മാത്രമല്ല ശക്തമായി പ്രതിഷേധിക്കുകയും ചെയ്തു.

ശരീരമാസകലം മൂടിപ്പുതച്ചും ശിരസ്സിൽ പർദ്ദയണിഞ്ഞുമുള്ള മുസ്ലീം സ്ത്രീകളുടെ രൂപം മിർസക്കു സങ്കല്പിക്കാൻ പോലും കഴിയുന്നില്ല. കാരണം അതു പുരുഷ മേധാവിത്വത്തിന്റെ മതമായ ഇസ്ലാം മതത്തിന്റെ സംഭാവനയാണ്. അതു ഒരു പ്രാകൃത മതത്തിന്റെ വിശ്വാസവും ആചാരവുമാണ്. അതു ഒരു പരിഷ്കൃത ജനതയുടെ സംസ്ക്കാരമല്ല. അതുകൊണ്ടാണ് സാനിയ മിർസ ആ അഭിപ്രായത്തെ അംഗീകരിക്കാതിരുന്നത്.

വേഷവിധാനം ഉടലെടുക്കുന്നത് ഭൂപ്രകൃതിയുടേയും കാലാവസ്ഥയുടേയും അടിസ്ഥാനത്തിലാണ്. നമ്മുടെ നാട്ടിൽ വെള്ളവും ചെളിയും തോടും വരമ്പും ഉള്ളതുകൊണ്ടാണ് ഓടാനും ചാടാനും വെള്ളത്തിലിറങ്ങുമ്പോൾ മടക്കിക്കുത്താനും പരുവത്തിലുള്ള മുണ്ടു ധാരണരീതി ഉണ്ടായത്. അതുപോലെ തണുപ്പുമേഖലയിലുള്ളവർക്ക് കാലിൽ സോക്സും ബൂട്ടും അരയിൽനിന്നും കാലുവരെ നിവർന്നു കിടക്കുന്ന കട്ടിതുണികൊണ്ടുള്ള പാന്റ്സും കൈപ്പത്തിവരെ നീട്ടിയിടാവുന്ന ഷർട്ടിന്റെ കൈയ്യും കഴുത്തിന്റെ കോളറിൽ തണുപ്പ് അകത്തോട്ടു കടക്കാതിരിക്കാൻ ഒരു ടൈയും തലയിൽ തണുപ്പടിക്കാതിരിക്കാൻ ഒരു തൊപ്പിയും ഉണ്ടായത്.

ഇതുപോലെയാണ് നബിയുടെ ഭാര്യമാരുടെ കാലും കഴുത്തും ശിരസു പോലും മറ്റുപുരുഷന്മാർ കാണാതിരിക്കാൻവേണ്ടി പർദ്ദ സമ്പ്രദായം ഉട ലെടുത്തതും മൂടിക്കെട്ടിയ സ്ത്രീവേഷരീതി ഉണ്ടായതും. ഖുറാനിൽ ആ വചനമുണ്ടായ സാഹചര്യം ഇങ്ങനെയാണ്. നബിയുടെ ഭാര്യമാർ പരപുരു ഷന്മാരോട് ഇഷ്ടംപോലെ സംസാരിക്കുന്നതും ഇടപഴകുന്നതും ഖലീഫ യായ ഉമ്മറിന് ഇഷ്ടപ്പെട്ടില്ല. അവരുടെ പെരുമാറ്റത്തിനൊരു നിയന്ത്രണം ഉണ്ടാകണമെന്ന് ഉമ്മർ നബി തിരുമേനിയോടു ആവശ്യപ്പെട്ടു. അതിനെ തുടർന്നാണ് പ്രസിദ്ധമായ ഖുറാൻ വചനമുണ്ടായത്. ആ വചനം ഇങ്ങനെയാണ് "വകൽലി മുഅ്മിനാത്തിയ് അ്ള്ള് നമിൻ അബ് സാരി ഹിന്ന വയഹ് ഫ്ള് നഫുറൂജഹുന്ന വലായുബ്ദീന സീനത്തഹുന്ന ഇല്ലാ മാള ഹറ മിൻഹാ" (വിശ്വസിച്ച സ്ത്രീകളോട് അവരുടെ കണ്ണുകൾ ചിമ്മുവാനും ജനനേന്ദ്രിയങ്ങൾ സൂക്ഷിക്കുവാനും അവരുടെ ഭംഗിയിൽ നിന്ന് വെളിപ്പെട്ട തല്ലാതെ മറ്റൊരു ഭാഗവും പ്രത്യക്ഷമാക്കരുതെന്നും താങ്കൾ പറയുക (ഖുർ ആൻ 24:31))

ഈ പ്രത്യേകമായ സാഹചര്യത്തിൽനിന്നാണ് ഈ വേഷവിധാനം ഉണ്ടാ യത്. ബഹുഭാര്യാത്വം നിലനിന്ന ഒരു വ്യവസ്ഥിതിയിലെ പുരുഷന്റെ മന സ്സിന്റെ ആശങ്കയിൽനിന്നും ഉടലെടുത്തതാണ് ഈ വേഷരീതി. അല്ലെങ്കിൽ ബഹുഭാര്യാത്വത്തിലെ സ്ത്രീകളുടെ ലൈംഗിക അസംതൃപ്തിയെ കായി കമായി അടിച്ചമർത്താനുള്ള പുരുഷന്റെ അധീശത്വത്തിൽനിന്നും ഉടലെടു ത്തതാണ് ഈ വേഷരീതി.

ഈ വേഷരീതി ഇന്നത്തെ മുസ്ലീം സ്ത്രീകൾക്കു ബാധകമാണോ?

ഇന്നത്തെ മുസ്ലീം കുടുംബങ്ങളിൽ ബഹുഭാര്യാത്വം നിലവിലില്ലെന്നു മാത്രമല്ല ഏക പത്നീവ്രതക്കാരുമാണ്. അതുകൊണ്ടുതന്നെ പുരുഷന് ഭയാ ശങ്കകളുടെ പ്രശ്നം ഉദിക്കുന്നുമില്ല. നബിയുടെ കാലത്തെ വ്യവസ്ഥിതി മാറിയ ഇന്നത്തെ സാഹചര്യത്തിൽ ഈ വേഷവിധാനത്തിന് എന്തു പ്രസ ക്തിയാണുള്ളത്?

ഇക്കാരണങ്ങളാലാകാം സാനിയ മിർസ മതനേതാക്കളുടെ അഭ്യർത്ഥന ശക്തമായി നിരസിച്ചത്.

ടെന്നീസ് കോർട്ടിലെ മാസ്മര പ്രകടനങ്ങൾക്കു ഇസ്ലാം മതത്തിലെ വേഷം ഭൂഷണമാണോ. മിർസയുടെ സാഹചര്യത്തിനുയോജ്യമായ വേഷ മല്ലെ മിർസ സ്വീകരിച്ചിരിക്കുന്നത്. മതവേഷം സ്വീകരിച്ചാൽ മിർസക്കു കളി ക്കാൻ പറ്റുമോ? അതുകൊണ്ടു ഈ ആവശ്യം അശാസ്ത്രീയമല്ലേ? ഒരാൾ എന്തുവേഷം ധരിക്കണമെന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം അയാൾക്കാണ്. മറിച്ചു മറ്റുള്ളവരുടേതല്ല.

മതനേതാക്കന്മാരുടെ അഭിപ്രായം സ്വീകരിച്ചാൽ മിർസ രംഗം വിടേണ്ടി വരികയും ചെയ്യും.

ഇതറിയാവുന്നതുകൊണ്ടാവാം മിർസ മതനേതാക്കളുടെ ആവശ്യം നിരാ കരിച്ചത്. അതുകൊണ്ട് മിർസ പരാജയത്തിൽപെടാതെ വിജയങ്ങൾ കൊയ്തു മുന്നേറുന്നു. അല്ലെങ്കിൽ ഇതവരുടെ അവസാനമാകുമായിരുന്നു. അതാണ് ഈ ലേഖനത്തിന്റെ തുടക്കത്തിൽ നാം കണ്ടത്. ●

# ഈച്ചരവാരിയരുടെ മകൻ രാജൻ മരിച്ചതെങ്ങനെ?

**ഞാ**ൻ പൊലീസ് കോൺസ്റ്റബിളായി കേരളാ പോലീസിൽ പ്രവേശിച്ചത് 1982 മാർച്ച് 31നായിരുന്നു. റിട്ടൺ ടെസ്റ്റും ഫിസിക്കൽ ടെസ്റ്റും പാസ്സായ ശേഷം മെഡിക്കൽ ചെക്കപ്പ് കഴിഞ്ഞാണ് പൊലീസിലേക്ക് തിരഞ്ഞെടുത്തത്. കൊല്ലം എ. ആർ. ക്യാമ്പിലേക്ക് 1981ൽ പി.എസ്.സി. മുഖേന തിരഞ്ഞെടുത്ത റാങ്കുലിസ്റ്റിലെ രണ്ടാമത്തെ ബാച്ചിലായിരുന്നു ഞാൻ. ഞങ്ങൾ 150ഓളം പേർ ഉണ്ടായിരുന്നു.

യഥാർത്ഥ പൊലീസ് ആകണമെങ്കിൽ പരേഡും പി.റ്റി.യും ലാത്തിയും ഡ്രില്ലും ബയണറ്റ് ചാർജ്ജും കുറെ നിയമങ്ങളും പഠിച്ചിരിക്കണം. പി.എസ്.സി. മുഖേന പൊലീസിൽ പ്രവേശിക്കുന്ന ഒരാളിന് ഇതൊന്നുമറിഞ്ഞുകൂടാത്തതിനാൽ 9 മാസത്തെ ട്രയിനിംഗിനയക്കുക പതിവാണ്. കേരളത്തിൽ തിരുവനന്തപുരം, മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകൾ കേന്ദ്രീകരിച്ചാണ് ട്രെയിനിംഗ് നടക്കുന്നത്. പരിശീലനം നേടിയ ഹെഡ്കോൺസ്റ്റബിൾമാരാണ് പ്രധാനമായും ഇവരെ പഠിപ്പിക്കുക. എന്നാൽ അതിനു മുകളിൽ അവ ശരിയാണോ എന്നു പരിശോധിക്കുന്നതിനും പഠിപ്പിക്കുന്നതിനും സബ് ഇൻസ്പെക്ടർ, സർക്കിൾ ഇൻസ്പെക്ടർ, ഡി.വൈ.എസ്.പി., എസ്.പി റാങ്കിലുള്ള പൊലീസ് ഓഫീസർമാരും ഉണ്ടായിരിക്കുക പതിവാണ്.

ഞങ്ങളെ ആദ്യമായി ട്രെയിനിംഗിനു കൊണ്ടുപോയത് തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞത്തിനടുത്തുള്ള പുളിങ്കുടി പൊലീസ് ട്രെയിനിംഗ് സ്കൂളിലേക്കായിരുന്നു. ഈ സ്കൂളിൽ ഞങ്ങൾക്കു കുടിക്കുവാനോ കുളിക്കുവാനോ പോലും വെള്ളമുണ്ടായിരുന്നില്ല. പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യം പോലുമില്ലായിരുന്നു. ഒരു ഫർലോങ് ദൂരം നടന്നതിനു ശേഷം ഏകദേശം അഞ്ഞൂറ് അടി താഴ്ചയിൽ ഒഴുകുന്ന ഒരു കൊച്ചരുവിയിൽ നിന്നും ബക്കറ്റിൽ വെള്ളം കോരിക്കൊണ്ടുപോയിട്ടായിരുന്നു ഞങ്ങൾ ആവശ്യങ്ങൾ നിറവേറ്റിയിരുന്നത്. അതുപോലെ പ്രാഥമിക ആവ

ശ്യങ്ങൾ നിർവ്വഹിക്കാൻ സൗകര്യമില്ലാത്തതിനാൽ ഞങ്ങൾ അതിനുവേണ്ടി പുളിങ്കുടികടൽത്തീരത്തായിരുന്നു പോയിരുന്നത്. പക്ഷേ അതുമൂലം സംഭ വിച്ചതു ഈ അഴുക്കിലും മറ്റും വന്നിരുന്നതുമൂലം ഞങ്ങളിൽ പലർക്കും ഗ്യാസ്ട്രോ എൻട്രീറ്റീസ് എന്ന രോഗം പടർന്നുപിടിക്കുകയായിരുന്നു. തുടർന്നു വിഴിഞ്ഞം ഗവ. ഹോസ്പിറ്റലിലെ ഡോക്ടർമാർ അവിടെ വരികയും ഞങ്ങളെ ചികിത്സിക്കുകയും അവിടെ നിന്നും ഞങ്ങളെ ഉടൻ മാറ്റണമെന്നു ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഞങ്ങളെ നേരെ പേരൂർക്കടയി ലുള്ള എസ്.എ.പി. ക്യാമ്പിലേക്കു മാറ്റുകയുണ്ടായി.

എന്നാൽ മൂന്നുമാസങ്ങൾക്കുശേഷം സ്ഥലപരിമിതി മൂലം ഞങ്ങളെ സബ്ഇൻസ്പെക്ടർമാർക്ക് ട്രെയിനിംഗ് കൊടുക്കുന്ന കോളേജിലേക്ക് മാറ്റു കയാണുണ്ടായി. പരിശീലനം പൂർത്തിയായ സബ്ഇൻസ്പെക്ടർമാരുടെ പാസ്സിംഗ് ഔട്ട് കഴിഞ്ഞതിനെത്തുടർന്നാണ് അവിടെ സൗകര്യമുണ്ടായത്.

ഇക്കാലങ്ങളിൽ ഏറിയനേരവും ഞങ്ങൾക്ക് ലാക്ലാസ്സ് (നിയമപഠനം) എടു ത്തിരുന്നത് കുറുപ്പ് എന്നുവിളിക്കപ്പെടുന്ന ഒരു സബ്ഇൻസ്പെക്ടറായിരു ന്നു. അദ്ദേഹം വരുന്നതിനു മുമ്പ് മറ്റു ചിലരും ഞങ്ങൾക്കു ലാക്ലാസ്സ് എടു ത്തിട്ടുണ്ട്. ലാക്ലാസ്സ് എടുക്കുന്നവർ പി.റ്റി.യും പരേഡും എടുക്കാറില്ല. കുറുപ്പ് സാറായിരുന്നു അന്നു ഞങ്ങൾക്കൊരാശ്വാസം. പി.റ്റി.യും പരേഡും പണി ഷ്മെന്റും മൂലം ശാരീരികവും മാനസികവുമായി തളർന്നിരുന്ന ഞങ്ങളെ പലതും പറഞ്ഞ് ആശ്വസിപ്പിച്ചിരുന്നത് അദ്ദേഹമായിരുന്നു. മറ്റുപലരും ഞങ്ങളെ വർഗ്ഗശത്രുക്കളെ പോലെയായിരുന്നു കണ്ടിരുന്നത്.

ഒരു ദിവസം കുറുപ്പ് സാർ വന്നില്ല. അന്നു പകരം വന്നത് പരേഡ് ഇൻസ്ട്രക്ടർ കൂടിയായിരുന്ന കെ.എ.പി.യിലെ സബ് ഇൻസ്പെക്ടർ കുട്ടൻപിള്ള ആയിരുന്നു. അന്നു നടന്നതു ചില കുശലം ചോദ്യങ്ങളും ഉത്തരങ്ങളുമായിരുന്നു. വളരെ ബോധപൂർവ്വം ഞാൻ ഒരു കുശലചോദ്യം അദ്ദേഹത്തോടു ചോദിച്ചു. അന്നു "കേരളത്തെയാകെ ഇളക്കിമറിച്ചിരുന്ന രാജൻ കേസിലെ ഈച്ചരവാരിയരുടെ എഞ്ചിനീയർ വിദ്യാർത്ഥിയായിരുന്ന മകൻ രാജൻ എങ്ങനെയാണ് മരിച്ചതെന്നറിയാമോ?, കോളേജ് ഫെസ്റ്റിവൽ ഉദ്ഘാടനത്തിന് എത്തിച്ചേർന്ന അന്നത്തെ മുഖ്യമന്ത്രി കെ. കരുണാകരൻ ഉദ്ഘാടനപീഠത്തിലിരിക്കെ 'കനകസിംഹാസനത്തിൽ കയറിയിരിക്കുന്നവൻ ശുനകനോ വെറും ശുംഭനോ' എന്നുചോദിച്ചുകൊണ്ട് പാടിയ രാജനെ അനു മോദിച്ചയച്ച് അന്നു രാത്രി ഹോസ്റ്റലിൽ നിന്നും പൊലീസ് പിടിച്ചിറക്കി കക്കയം ക്യാമ്പിൽ കൊണ്ടു പോവുകയും അതിനുശേഷം മറ്റൊന്നും അറി ഞ്ഞുകൂടാത്ത ഉത്തരമാണല്ലോ? കോടതി മുഖേന ബന്ധപ്പെട്ട പലരും ശിക്ഷി ക്കപ്പെട്ടുവെങ്കിലും രാജൻ എങ്ങനെയാണു മരിച്ചതെന്നും ജഡം എന്തുചെ യ്തുവെന്നും അറിഞ്ഞുകൂടല്ലോ. സാറു അറിയാമെങ്കിൽ പറഞ്ഞു തന്നെ ങ്കിൽ കൊള്ളാം."

എന്റെ ചോദ്യം കേട്ട എസ്.ഐ. കുട്ടൻപിള്ള പെട്ടെന്നു ശബ്ദം താഴ്ത്തി, എന്നിട്ടു ഞങ്ങളോട് പറഞ്ഞു. വെളിയിൽ പോകരുത്. ഇതിനകത്തായതു

കൊണ്ട് ഞാൻ പറയാം..... ഇൻസ്പെക്ടർ തുടർന്നു....

"ഈച്ചരവാരിയരുടെ മകൻ രാജൻ മരിച്ചത് ഉലക്ക ഉരുട്ടൽ മൂലമാണ്."

എം.എസ്.പിക്കാരായിരുന്നു അന്ന് രാജനെ ഉരുട്ടിയത്. കക്കയം ക്യാമ്പിൽ വച്ചു തന്നെയായിരുന്നു ഉരുട്ടൽ നടന്നത്. ഒരു തരം ഈട്ടിത്തടി കൊണ്ടുണ്ടാക്കിയതാണ് ഈ ഉലക്ക. ഒരു ബഞ്ചിൽ മലർത്തിക്കിടത്തിയ ശേഷം ഒന്നുരണ്ടുപേർ ബലം പ്രയോഗിച്ചു ഒരു തരം ചണം കൊണ്ടുകെട്ടും എന്നിട്ട് കാൽമുട്ടിനുമുകൾ മുതൽ അര വരെയാണ് ഉലക്ക കൊണ്ട് ഉരുട്ടുന്നത്. ഈ ഉരുട്ടൽ സൂക്ഷിച്ചു ചെയ്താൽ കനത്ത വേദന മാത്രമേ ഉണ്ടാകൂ. അല്ലെങ്കിൽ അപകടം ഉണ്ടാകും. ഉരുട്ടലിൽ ഉണ്ടായ അശ്രദ്ധ മൂലമാണ് രാജൻ മരിക്കേണ്ടിവന്നത്. ഉലക്ക തുടയിൽ ഉരുട്ടിക്കൊണ്ടിരിക്കെ വേഗത വർദ്ധിക്കുകയും അതുമൂലമുണ്ടായ അശ്രദ്ധയിൽ രാജന്റെ വൃഷണം ഉടഞ്ഞുപൊട്ടുകയുമാണുണ്ടായത്.

ഉടൻ തന്നെ ഐ.ജി. ജയറാംപടിക്കലിനെ അവർ വിവരമറിയിച്ചു. തൽക്ഷണം ദേവികുളത്തുള്ള ഡോക്ടറെ അദ്ദേഹം അത്യാവശ്യമായി ക്യാമ്പുവരെ വരുവാൻ വിളിച്ചുപറഞ്ഞു. എന്നിട്ട് പടിക്കൽ രാജനെ പോയി നോക്കി. പടിക്കൽ രാജനെ കാണുമ്പോൾ രാജൻ മരിച്ചുകഴിഞ്ഞിരുന്നു. രാജൻ മരിച്ചവിവരം മനസ്സിലാക്കിയ പടിക്കൽ ഇത് രഹസ്യമായി കൈകാര്യം ചെയ്യുവാനായി തീരുമാനിക്കുകയാണുണ്ടായത്. അതുകൊണ്ട് സാക്ഷിയാകാതിരിക്കാൻ വേണ്ടി പെട്ടെന്ന് അവിടെ ഓടിയെത്തിയ ഡോക്ടറോട് ഡോക്ടർ പൊയ്ക്കോ കുഴപ്പമൊന്നുമില്ല പണിഷ്മെന്റ് കൊടുത്തപ്പോൾ അൽപ്പം കൂടിപ്പോയി. സാരമില്ല എന്ന് പറഞ്ഞ് അയയ്ക്കുകയാണുണ്ടായത്.

അതുകൊണ്ടാണ് ഡോക്ടർ കോടതി വിചാരണ നടന്നപ്പോൾ അന്നു കക്കയം ക്യാമ്പിൽ ചെല്ലുമ്പോൾ ഒരു ശ്മശാന മൂകത തളം കെട്ടിനിന്നതായി തോന്നിയെന്നു മൊഴി കൊടുത്തിരുന്നത്.

അതിനുശേഷം അന്നു കക്കയം ക്യാമ്പിലുള്ള പൊലീസ് ജീപ്പ് ഡ്രൈവറിനെ പടിക്കൽ വിളിക്കുകയും രഹസ്യമായി മറവുചെയ്യുന്നതെങ്ങനെയെന്ന് നിർദ്ദേശിക്കുയും ചെയ്തു. അങ്ങനെ കുഞ്ഞുമോൻ പടിക്കലിന്റെ നിർദ്ദേശപ്രകാരം രാജനെ ജീപ്പിൽ വളരെ രഹസ്യമായി കയറ്റി അൽപ്പം ദൂരെയുള്ള പാതാളക്കിണറുപോലെ തോന്നിക്കുന്ന പാറയിടുക്കുള്ള അഗാധമായ ഒരു കൊക്കയിൽ കൊണ്ടുപോയി തള്ളുകയാണുണ്ടായത്. അതിനുശേഷം ആ ഡ്രൈവറെ സ്ഥലത്തുനിർത്താതെ അഞ്ചുവർഷത്തേക്ക് ലോംങ്ലീവ് നൽകി വിദേശത്തേക്ക് അയയ്ക്കുകയും ചെയ്തു.

ഈ വിവരം കേട്ട ഞങ്ങൾ അന്നു സ്തംഭിച്ചുപോവുകയാണുണ്ടായത്.

# ചരിത്രഭൂമിയായ തങ്കശ്ശേരി

ഒരു കാലത്ത് ഡച്ചുകാരുടേയും പോർട്ടുഗീസുകാരുടേയും ബ്രിട്ടീഷുകാരുടേയും വിഹാരരംഗമായിരുന്ന തങ്കശ്ശേരി ഇന്ന് ചില സ്മാരകശിലകളിൽ ഒതുങ്ങിനിൽക്കുകയാണ്. കൊല്ലം ചിന്നക്കടയിൽ നിന്നും ഏകദേശം മൂന്നു കിലോമീറ്റർ പടിഞ്ഞാറോട്ട് സഞ്ചരിച്ചാൽ തങ്കശ്ശേരിയുടെ ഹൃദയ ഭാഗത്തിലേക്ക് കടക്കുന്ന പഴയ കോട്ടയുടെ കവാടം കാണാം. കവാടത്തിലൂടെ അരകിലോമീറ്റർ സഞ്ചരിച്ച് ചെല്ലുമ്പോൾ പഴയകാലത്ത് കപ്പലുകൾക്കു കാണുവാൻ വെളിച്ചമേകിനിന്ന വിളക്കുമരം അതേ ജോലിയുമായി ഇന്നും നിൽക്കുന്നതും വിളക്കുമരത്തിന് കിഴക്കുവശത്തായി മണ്ണടിഞ്ഞു പോയ കോട്ടയുടെ അവശേഷിക്കുന്ന അംബരചുംബിയായി മതിലുകൾ ഏതു നിമിഷവും കടലിലേക്ക് പതിക്കുവാനായി നിൽക്കുന്നതും നമുക്കു കാണാം. തൊട്ടു പടിഞ്ഞാറു വശത്തായി ഉയർന്ന അനവധി ഉദ്യോഗസ്ഥൻമാരുടെ ശവക്കല്ലറകൾ ഉയർന്നു നിൽക്കുന്ന രണ്ട് ശവപ്പറമ്പും കാണാം.

കാത്തുസൂക്ഷിപ്പിനു വേണ്ടി ബന്ധപ്പെട്ടവരെ കാത്തിരിക്കുന്ന ഈ ശവപ്പറമ്പ് ഇന്നൊരു കാടാണ്. ഇലകളും വള്ളികളും കൊണ്ട് പൊതിഞ്ഞ ആ കാടിനുള്ളിൽ ഇരുന്നൂറോളം ശവക്കല്ലറകൾ തന്നെയുണ്ട്. അതിൽ ക്ഷേത്ര മാതൃകകളിൽ പതിനഞ്ചടിയോളം ഉയർന്നു നിൽക്കുന്ന ഇരുപത്തഞ്ചോളം കല്ലറകളും ഇരുപതടിയോളം ഉയരത്തിൽ ഉയർന്നു നിൽക്കുന്ന നാലഞ്ച് കല്ലറകളും മണ്ണടിയുന്ന നൂറ്റമ്പതോളം കല്ലറകളും കാണാവുന്നതാണ്. ചരിത്രസത്യങ്ങൾ തുടിച്ചു നിൽക്കുന്ന ശ്മശാനം ഇന്നു പരിസരവാസികൾ മലമൂത്രവിസർജ്ജനത്തിനായി ഉപയോഗിക്കുന്നു. ദുർഗന്ധം നിറഞ്ഞു നിൽക്കുന്ന സ്മാരകശിലകളിൽ അടക്കം ചെയ്തവരുടെ മേൽവിലാസങ്ങൾ കുറിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ടവയാണ് 1779 നവംബർ 30 ന് അന്തരിച്ച ഡെജാക്കോ ഇസാൻഡർ ഡെവലൂയിസിന്റെ സ്മാരകവും 1817 ൽ അന്തരിച്ച ക്യാപ്റ്റൻ സവാക്കോവിന്റെ പത്നി ചെയ്ലോൾട്ടി സവാക്കോയുടെ

കല്ലറയും. 1817 മെയ് ഒന്നിന് അന്തരിച്ച മദ്രാസ് എഞ്ചിനീയർ ക്യാപ്റ്റൻ തോമസ് ആർതറിന്റെ ശവക്കല്ലറയും 1819 ഏപ്രിൽ 10 ന് അന്തരിച്ച ജോൺ ലയോൺൺസ്റെ വാൾക്കോട്ടിന്റെ കല്ലറയും 1848 സെപ്റ്റംബർ 11 ന് അന്തരിച്ച പീറ്റർ വാൾസ്പോളിന്റെ കല്ലറയും കാണാവുന്നതാണ്.

ചരിത്ര വിദ്യാർത്ഥികളുടെ ഖനിയായ ഈ ധന്യഭൂമി എത്രയും വേഗം സംരക്ഷിക്കപ്പെടേണ്ടതാണ്. ചുറ്റിലും താമസിക്കുന്നവർക്ക് അതിന്റെ ഗൗരവം മനസ്സിലാക്കാൻ കഴിയാത്തതിനാൽ ഒരോരുത്തരുടെ കഴിവനുസരിച്ചു സ്മാരകശിലകൾ പൊളിച്ചു കൊണ്ടു പോയി വീടിനു ഭിത്തി കെട്ടുകയും തുണി അലക്കാൻ ഉപയോഗിക്കുകയും മറ കെട്ടുകയും ആടിനെയും കോഴിയെയും കെട്ടാൻ ഉപയോഗിക്കുകയും മറ്റും ചെയ്യുകയാണ്. നാട്ടുകാർ പെറുക്കികൊണ്ടുപോയതിന്റെ തെളിവാണ് നൂറു മീറ്റർ പടിഞ്ഞാറു വശത്തുള്ള ഒരു വീടിന്റെ മുൻവശത്ത് കിണറ്റിനരികെ തുണി കഴുകാൻ ഉപയോഗിക്കുന്ന അക്ഷരങ്ങൾ കൊത്തിയ ഒരു കല്ല് കാണുന്നത്. ഈ കല്ല് 1814 ജൂലായ് 11 ന് അന്തരിച്ച ക്യാപ്റ്റൻ റോബി ഡാഷ്വുഡ്സിന്റെ ഒരു വയസ്സുള്ള മകൻ വില്യം ഡാഷ്വുഡ്സിന്റേതാണ്. ഇങ്ങനെ പലതും ശ്മശാനത്തിന്റെ പരിസരങ്ങൾ പരിശോധിച്ചാൽ നമുക്കു കാണാവുന്നതാണ്.

എ. ഡി. 1300 മുതൽ 1500 വരെ സമർത്ഥരായ രാജാക്കൻമാരാണ് വേണാട് ഭരിച്ചിരുന്നത്. അതു വരെ വിദേശികൾ വേണാടിൽ കാലുകുത്തിയിരുന്നില്ല. എന്നാൽ 1502 ൽ രാജാരവിവർമ്മയുടെ ക്ഷണപ്രകാരം പോർട്ടുഗീസുകാരുടെ നേതാവവായ കാബ്രലിനെ സുഗന്ധദ്രവ്യ വ്യാപാരത്തിനായി കൊല്ലത്തേക്ക് വരുത്തി. ഇതിൽ അറബിക്കച്ചവടക്കാർ പ്രതിഷേധിച്ചുവെങ്കിലും എ. ഡി. 1518 ൽ കൊല്ലം റാണി കൊല്ലം-പോർട്ടുഗൽ കരാർ ഉണ്ടാക്കി. കരാറിൽ കോട്ടകളും ഫാക്ടറികളും കെട്ടുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. അപ്രകാരം 1519 ൽ തങ്കശ്ശേരിയിൽ പോർട്ടുഗീസുകാർ കോട്ട പണിതു. കോട്ട പണിതത് ഹൈറ്റർ റോഡ്രിഗ്സ് എന്ന പോർച്ചുഗീസുകാരനായിരുന്നു. കോട്ട കെട്ടുന്നതിനു മുമ്പ് തന്നെ പോർട്ടുഗീസുകാർ തങ്കശ്ശേരി ഒരു പ്രധാന കച്ചവടകേന്ദ്രമാക്കിയിരുന്നു. കോട്ടയ്ക്കകത്ത് ഗവർണ്ണർക്ക് താമസിക്കുവാൻ രണ്ടു നിലയുള്ള ഒരു മാളികയും വേനൽക്കാല വസതിയും നിർമ്മിച്ചിരുന്നു. അന്നത്തെ ഗവർണ്ണർ താമസിച്ചിരുന്ന കൊട്ടാരമാണ് ഇന്ന് കൊല്ലം ബിഷപ്പ് താമസിക്കുന്ന ബിഷപ്സ് പാലസ്.

പോർട്ടുഗീസുകാരുടെ അധീനതയിലായിരുന്ന ഈ കോട്ട 1858 ൽ ഡച്ചുകാർ പിടിച്ചടക്കുകയും ഇടിച്ച് നിരത്തുകയും ചെയ്തു. 1859 ൽ ഡച്ചുകാർ കൊല്ലം റാണിയുമായി ഒരു കരാറിൽ ഒപ്പു വച്ചു. കരാർ പ്രകാരം അനവധി ആനുകൂല്യങ്ങൾ ഡച്ചുകാർക്ക് റാണി അനുവദിച്ചു. 1669 ൽ അവർ കോട്ട പുതുക്കിപ്പണിതു.

1742 ൽ ഡച്ചുകാരുടെ ഈ കോട്ട ഈസ്റ്റ് ഇന്ത്യാക്കമ്പനി പിടിച്ചടക്കി. 1795 ൽ കോട്ട ബ്രിട്ടീഷുകാരുടെ പൂർണ്ണ അധികാരത്തിലുമായി.

1809 ൽ തങ്കശ്ശേരി അഞ്ചുതെങ്ങിനോടൊപ്പം തിരുവിതാംകൂർ റസിഡന്റി ന്റെ കീഴിലായി. ഇന്ത്യ സ്വതന്ത്രമായപ്പോൾ തങ്കശ്ശേരി കൊല്ലം ടൗണിന്റെ ഭാഗമായി.

1902 ൽ ബ്രിട്ടീഷുകാർ നിർമ്മിച്ചതാണ് 200 അടി ഉയരത്തിൽ ഉയർന്നു നിൽക്കുന്ന ലൈറ്റ് ഹൗസ്.

ചാങ്ങശ്ശേരിയാണ് തങ്കശ്ശേരിയായി മാറിയതെന്ന് പഴമക്കാർ പറയുന്നു. ചാങ്ങയെന്നു പറഞ്ഞാൽ കൊഞ്ചാണെന്നും കൊഞ്ചുകൂടുതലുള്ള ഭാഗമാണെന്നും അർത്ഥം വരുന്ന ചാങ്ങശ്ശേരിയാണ് തങ്കശ്ശേരിയായി മാറിയതെന്നും 1740 ൽ കൊല്ലം രാജാവാണ് തങ്കശ്ശേരിയെ പരിഷ്കരിച്ചതെന്നും പറയുന്നു.

ഒരു കാലത്ത് കൊല്ലത്ത് ഉയർന്നു നിന്നിരുന്ന കൊല്ലം തുറമുഖം പുനർജന്മം കൊണ്ടത് പോലെ ചരിത്രത്തിന്റെ ചാരുത നിറഞ്ഞു നിൽക്കുന്ന ഈ ഭൂമി പുരാവസ്തു വിഭാഗം കെട്ടി സൂക്ഷിക്കുകയും ഇവിടം ഒരു ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാവുന്നതുമാണ്.

മണ്ണടിയുന്ന ഈ ചരിത്രയാഥാർത്ഥ്യങ്ങൾ കെട്ടിസൂക്ഷിക്കാൻ ബന്ധപ്പെട്ടവരുടെ കണ്ണ് തുറന്നില്ലെങ്കിൽ അടുത്ത തലമുറയിലെ ചരിത്രവിദ്യാർത്ഥികളോട് കാട്ടുന്ന ഏറ്റവും വലിയ ക്രൂരതയായിരിക്കുമിതെന്നു വിളിച്ചറിയിക്കുകയാണ്. ●

# വി. ആർ. കൃഷ്ണയ്യരുടെ
# മരണാനന്തര ജീവിതം
# അന്ധവിശ്വാസം



ശ്രീനിപട്ടത്താനം

- വി. ആർ. കൃഷ്ണയ്യരും മരണാനന്തരജീവിതവും
- നാരായണഗുരു എസ്. എൻ. ഡി. പി. യോഗത്തിൽനിന്നും രാജിവെച്ചത് എന്തുകൊണ്ട്?
- വന്ദേമാതരവും ദുർഗ്ഗാദേവിയും
- യേശുദാസ് ദിവ്യഗായകനോ?
- മാവേലി കേരളീയനല്ല
- ശബരിമല ജാതിമതങ്ങൾക്കെതിരെ പോരാടിയ പ്രസ്ഥാനം
- ആരാധനാസ്വാതന്ത്ര്യം എന്ന അബദ്ധം
- അരുവിപ്പുറം പ്രതിഷ്ഠ കുഴിച്ചുമൂടുന്നു
- ദൃഢപ്രതിജ്ഞയുടെ ചരിത്രം
- സാനിയ മിർസ ഉയർത്തിയ മതനിഷേധത്തിന്റെ ടെന്നീസ് പന്തുകൾ
- ഈച്ചരവാരിയരുടെ മകൻ രാജൻ മരിച്ചതെങ്ങനെ?
- ചരിത്രഭൂമിയായ തങ്കശ്ശേരി

ശ്രീനിപട്ടത്താനത്തിന്റെ ശ്രദ്ധേയമായ ലേഖനങ്ങളുടെ സമാഹാരം

IRP ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്

# വി. ആർ. കൃഷ്ണയ്യരുടെ മരണാനന്തര ജീവിതം അന്ധവിശ്വാസം

ശ്രീനിപട്ടത്താനം



IRP ഇന്ത്യൻ റാഷണലിസ്റ്റ് പബ്ലിഷേഴ്സ്

Indic Digital Archive Foundation
gpura.org